Dr Suwarna Nalapat

കേരളത്തിലെ ക്ഷേത്രങ്ങൾ മലപ്പുറം ജില്ല

നിലമ്പൂർ, തിരൂർ, പെരിന്തൽമണ്ണ, പൊന്നാനി താലൂക്കുകൾ

snalapat@gmail.com ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

Temples of Kerala Malappuram District



പഴയതും പുതിയതുമായ ഭൂപടങ്ങളെ മനസ്സിലാക്കാതെ ക്ഷേത്രങ്ങളും അവയുടെ ഉടമസ്ഥതയും മനസ്സിലാവുകയില്ല. പഴയ പടത്തിൽ പോലനാടും ഏറനാടും വളരെ ചെറിയതാണ്. 13ആം നൂറ്റാണ്ടിനു ശേഷമുള്ള ഏറനാടല്ല പഴയ ഏറനാട്.ആറങ്ങോട്ടു സ്വരൂപവും പെരുമ്പടപ്പ് സ്വരൂപവുമാണ് പ്രധാനരാജാക്കന്മാർ. ഏറനാടിന് സമുദ്രതീരത്ത്സ്ഥലമില്ല.അതിനാലാണ് കുന്നലക്കോനെന്നബിരുദവും സമുദ്രവ്യാപാരവും ലഭിക്കാനായി കടലുണ്ടി (തിണ്ടിസ്) പൊന്നാനിതീരത്തുള്ളവരെ

ആക്രമിച്ചത്.

Nilambur Taluk

നിലമ്പൂർ താലൂക്ക്

1. മണ്ണാത്തി ദുർഗ്ഗ മുണ്ടപ്പാടം. ചുങ്കത്തറ പഞ്ചായത്ത്. കുറുമ്പാലങ്ങോട്ട് ഗ്രാമം.കൈപ്പിനിക്കട

വ് കടന്ന് 200മീ പോകണം. ചാലിയാർ പുഴ അടുത്ത് ഒഴുകുന്നു. പഴയതാണ്. ഇവിടത്തെ രാജവംശത്തിന്റെ പരദേവത. അവർ നാടുവിട്ട് വംശം ഇല്ലാതായപ്പോൾ നിലമ്പൂർ കോവിലകത്തിനു കിട്ടി. 1973ൽ സമിതി എടുത്തു. 4 ശ്രീകോവിൽ ഒരു വരിയായി ഉണ്ട് ശിവൻ, ഗണപതി, ദുർഗ്ഗ, കിരാതമൂർത്തി, എല്ലാം കിഴക്ക് അഭിമുഖം. തിടപ്പള്ളി, നാഗക്കാവ്, ഓഫീസ് കെട്ടിടം ഇവയുമുണ്ട്. ദേവിക്ക് ദ്വിതലം ദീർഘചതുരം ശ്രീകോവിൽ. കിണർ വടക്കുപടിഞ്ഞാറ്. മുഖമണ്ഡപവും പാട്ടുപുരയുമുണ്ട്. തെക്കുവശത്ത് ഗണപതി. അതിനു തെക്ക് വട്ടശ്രീകോവിൽ ശിവൻ. വടക്ക് ദീർഘചതുരശ്രീകോവിൽ കിരാതമൂർത്തി. ഇവിടെ ശിവലിംഗം സ്വയംഭൂവാണ്. ശിവന്റെ പടിഞ്ഞാറ് നാഗകന്യാത്തറ. ചുറ്റുമതിലില്ല. ഭഗവതി 105 സെമീ നിൽക്കുന്ന രൂപം. ശംഖ്, ചക്രം, അഭയവരദമുദ്ര. വനദുർഗ്ഗാസങ്കൽപ്പം. ശിവൻ 27 സെമീ. കിരാതമൂർത്തി സ്വയംഭൂ 15 സെമീ. ഗണപതിക്ക് പീഠം മാത്രം. നാഗകന്യക്ക് തറ മാത്രം. തന്ത്രി പട്ടേരി ഇല്ലം കുറ്റിക്കാട്ടൂർ.

2. കൌക്കാട്ട് അയ്യപ്പൻ എടക്കര ഗ്രാമം. പുതിയതാണ്. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലുണ്ടായ ക്ഷേത്രം. 1958ൽ ചിന്താലയേശ്വരൻ(ചിന്താലയാശ്രമം കാനാംപാറ തിരുവനന്തപുരം) ഇവിടെ താമസിച്ചു. അദ്ദേഹം പ്രതിഷ്ഠിച്ചതാണ്. 45 സെമീ അയ്യപ്പനും 37 സെമീ ഗണപതിയും 45 സെമീ കണ്ണാടി മാളികപ്പുറത്തമ്മയും

ഉണ്ട് ബ്രഹ്മരക്ഷസ്സിന് പീഠസങ്കൽപ്പം. തന്ത്രി കി ഴക്കുമ്പാട്ട് ഇല്ലം ശങ്കരൻ നമ്പൂതിരിപ്പാട്.

3. കാരക്കോട്ട് ദുർഗ്ഗ വഴിക്കടവ് ഗ്രാമം . ചാലി യാറിന്റെ കൈവഴിയായ കാരക്കോട്ട് പുഴ അര കിമീ തെക്കുകിഴക്ക് ഒഴുകുന്നു. പ്രതിഷ്ഠ പരശുരാമനാണെങ്കിലും 16ആം നൂറ്റാണ്ടിലാണ് ക്ഷേത്രം പണിതത്. . നിലമ്പൂർ കോവിലകം വക. 1957ൽ രാമാനന്ദ ട്രസ്റ്റിന് കൊടുത്തു. (മണ്ണൂർ പാലക്കാട്) ദുർഗ്ഗ കണ്ണാടിശില 30 സെമീ. സന്യാസിമാരാണ് ചടങ്ങുകളെല്ലാം നടത്തുന്നത്.
4. ചെമ്മന്തിട്ട വനദുർഗ്ഗ കരുളായി ഗ്രാമം. കരി മ്പുഴയുടെ തെക്കേ കരയിലെ സ്വയംഭൂ 11ആം നൂറ്റാണ്ട്. ചെമ്മന്തിട്ട നായർ 1967ൽ ഡിപ്പാ ർട്ട്മെന്റിന് കൈമാറി. ഇപ്പോള് ട്രസ്റ്റ് ഭരിക്കു ന്നു. ആറാട്ടോ ആനയെഴുന്നള്ളിപ്പോ വെടിമരു ന്നോ വിവാഹമോ ഇവിടെ പാടില്ല

വടക്കുവശം നാലു സ്ഥാനം . ഗണപതി, അയ്യ പ്പൻ, വള്ളിയൻകാവ് ഭഗവതി, ക്ഷേത്രപാലൻ. കിഴക്ക് 5 സ്ഥാനം. വനദുർഗ്ഗ, ശിവൻ, വേട്ടേ ക്കരൻ, രക്തേശ്വരി, മണികണ്ഠൻ. തെക്ക് കരിക്കാട്ട് അയ്യപ്പൻ. വടക്ക് പടിഞ്ഞാറ് തിട പ്പള്ളിയും വടക്കകിഴക്ക് കിണറും . സ്വയംഭൂ വനദുർഗ്ഗാശില 10 സെമീ. മറ്റെല്ലാം പീഠം മാത്രം. തന്ത്രി മാറാട്ട് ഇല്ലം. കോടശ്ശേരി.

5. വില്വാത്ത് ശിവൻ പൂക്കോട്ടുപാടം അമരമ്പലം ഗ്രാമം. കാട്ടിൽ ഋഷിമാർ തപം ചെയ്തിരുന്നു. ശ്രീരാമൻ വനവാസകാലത്ത് ഇവിടെ താമസി ച്ചതിനാൽ പുണ്യസ്ഥലമാണ്. ശിവനെ പ്രതി ഷ്ഠിച്ചത് ഋഷിമാരാണ്. 10ആം നൂറ്റാണ്ടിനു ശേഷം മഞ്ചേരി കോവിലകം ആ സ്ഥാനത്ത് ക്ഷേത്രം പണിതു. രാമൻ വില്ലുവെച്ച സ്ഥലത്ത് വില്വവൃക്ഷങ്ങൾ മുളച്ചുവന്നതിനാലാണ് വി

ലപാത്ത് എന്ന് നാമം 1979 മുതൽ പ്രാദേശിക കമ്മിറ്റി ഉണ്ട്. ഏകതലവട്ടശ്രീകോവിൽ കിഴക്ക് അഭിമുഖം. വടക്കുവശത്ത് വിഷ്ണുവിന് ചതുരഏകതലശ്രീകോവിലുണ്ട്. അകത്തെ ബലിവട്ടത്തിന്റെ വടക്കുകിഴക്ക് കിണർ. രണ്ടു ക്ഷേത്രത്തിനും കൂടിയാണ് ചുറ്റമ്പലം. മൂന്നു വാതിൽ,2 കിഴക്ക്, ഒന്ന് ശിവന്റെ പിന്നിലും.
ചുറ്റമ്പലത്തിന്റെ തെക്കുപടിഞ്ഞാറ് ഉപദേവന്മാരായി ഗണപതിയും ശാസ്താവും. വടക്കുപടിഞ്ഞാറ് ഭഗവതിക്കും വടക്കുകിഴക്ക് വേട്ടേക്കരനും പ്രതിഷ്ഠ. ശിവനും വിഷ്ണുവിനും ചുറ്റമ്പലത്തിനു പുറത്ത് ബലിക്കല്ലും ദീപസ്തംഭവുമുണ്ട്. വടക്കുകിഴക്ക് നാഗത്തറയും തെക്കുകിഴക്ക് കുളവും. ശിവലിംഗം പീഠത്തിനു മുകളിൽ 45 സെമീ ഉണ്ട്. വിഷ്ണു 90 സെമീ ചതുർഭുജം. ഇരിക്കുന്ന ഗണപതിയും ഭഗവതിയും 45, 30 സെമീ വീതം. അയ്യപ്പന് പീഠം. വേട്ടേക്കരന് പീഠവും വാളും. നാഗം 15 സെമീ തന്ത്രി മറനാട്ട് മന വണ്ടൂർ.

Dr Suvarna Nalapat

6. നിലമ്പൂർ കോവിലകം വേട്ടക്കൊരു മകൻ.

ചാലിയാറിന്റെ പടിഞ്ഞാറേ കരയിൽ 18ആം

നൂറ്റാണ്ടിലാണ് പണിതത്. മൂലസ്ഥാനം ഗൂഡ ലൂർ താലൂക്കിലെ നമ്പലക്കോട്ട് ഗ്രാമം. ഇത് വയനാടിന്റെഭാഗമായിരുന്നു. 85- 100 വരെ ആന ഉണ്ടായിരുന്നു . 1821ലെ ലഹളക്കാ ലത്ത് അത് നശിച്ചു. നിലമ്പൂർ കോവിലകം വകയാണ്. 3 ഏക്കർ ഭൂമിയിൽ ഒരു ഏക്കർ ഭൂമിയിലാണ് ക്ഷേത്രസമുച്ചയം. ക്ഷേത്രക്കുളം ഉണ്ട്. ഉപദേവന്മാർ വടക്കുകിഴക്ക് ഗണപതി തെക്കുപടിഞ്ഞാറ് അയ്യപ്പൻ, വടക്കുപടിഞ്ഞാറ് ഭഗവതി ഭഗവതി ഒഴികെ മറ്റെല്ലാം ശിലാവി ഗ്രഹം. വേട്ടേക്കരൻ 45 സെമീ ലിംഗം. ഇരി ക്കുന്ന ഗണപതി 45 സെമീ, അയ്യപ്പലിംഗം 27 സെമീ, നാഗം 45 സെമീ. ഒരു സാളഗ്രാമവും ഉണ്ട്. ഭഗവതി ഇരിക്കുന്ന പഞ്ചലോഹവിഗ്രഹ ഹം 30 സെമീ. ഇപ്പോൾ തന്ത്രി കിഴക്കുമ്പാട്ട് ഇല്ലം അരീക്കോട്.

7. കൈലാസശിവക്ഷേത്രം തിരുവാലി.

തിരുവാലിഗ്രാമം ബാലിയുടെ പേരിലാണ് അറിയപ്പെടുന്നത്. രാമായണകാലത്ത് ബാലി പ്രതിഷ്ഠിച്ചതാണ് വിഗ്രഹം. രാമൻ വനവാസ

കാലത്ത് ഇവിടെ താമസിച്ചതായി ഐതിഹ്യമുണ്ട്. 1971 വരെ സാമൂതിരി കോവിലകം ഭരിച്ചു. പിന്നെ 13 അംഗസമിതിയെ ഏൽപ്പിച്ചു. 60 സെമീ ശിവലിംഗം. ഗണപതിയും ശാസ്താവും 45, 30 സെമീ വീതം ഇരിക്കുന്ന രൂപം. വേട്ടേക്കരൻ ഉരുണ്ട ശില 45 സെമീ . തന്ത്രി കിഴക്കേപ്പാട്ട്.

8. പുന്നപ്പാല ശിവക്ഷേത്രം തിരുവാലി.ഗ്രാമം. വണ്ടൂരില് കോഴിപ്പറമ്പ് ജങ്ക്ഷനിൽ. ഇത് ഋഷിമാരുടെ ധ്യാനസ്ഥാനമായിരുന്നു. അവരുടെ ധ്യാനമൂർത്തിയെ 12ആം നൂറ്റാണ്ടിൽ പുല്ലരിയുന്ന ചെറുമി ചോര കണ്ട് തിരിച്ചറിഞ്ഞു. ചെറിയ തെന്നാട്ട് മന ,അരിപ്രത്ത് മന, ഉളിക്കത്തൊടിമന,കൂടത്തിങ്കൽ തെന്നാട്ട് മന എന്ന് 4 തറവാടുകൾ ക്ഷ്ത്രം പണിതു. ഭരണം ചെറിയ തെന്നാട്ട് മനയെ ഏൽപ്പിച്ചു. 1932 മുതൽ ബോഡ് ഏറ്റെടുത്തു. ശിവൻ സ്വയംഭൂ 30 സെമീ. ഗണപതി 7 സെമീ ഇരിക്കുന്നു. 30 സെമീ അയ്യപ്പൻ 15 സെമീ ബ്രഹ്മരക്ഷസ്സ് 15 സെമീ ഇവയുമുണ്ട് എല്ലാം ലിംഗമാണ്. രണ്ട് തന്ത്രി. മറനാട്ട് മന, കുറുത്തേടത്ത് അരിപ്രത്ത്.

9. ബാണപുരം ത്രിപുരസുന്ദരി. വാണിയമ്പലം. വണ്ടൂർഗ്രാമം. സമുദ്രനിരപ്പിൽനിന്ന് 1000 അടി ഉയരം. കുന്നിൻപുറത്ത് 45 ഏക്കറുണ്ട്. വളരെ പുരാതനം. ബാണാസുരന്റെ കോട്ടയിൽ അദ്ദേഹം പ്രതിഷ്ഠിച്ച വിഗ്രഹം. ഹിരണ്യകശിപുവിന്റെ മകനായ പ്രഹ്ലാദന് വിരോചനനെന്ന മകൻ, വിരോചനന് മഹാബലിയെന്ന മകൻ. മഹാബലിയുടെ പുത്രനാണ് ബാണൻ. ഈ

വംശത്തെ ബാണവരായ, അഥവാ വാനവരായ വംശം എന്ന് പറയുന്നു ആദ്യകാലത്ത് ക്ഷേത്രം ചെറുതായിരുന്നു. . കുന്നിൻപുറത്ത് വെള്ളം കിട്ടിയിരുന്നില്ല.ഒരിക്കൽ വെള്ളം എടുക്കാൻ താഴെ പോയ പൂജാരി തിരിച്ചുവരുമ്പോൾ നേദ്യം അടിയിൽ പിടിച്ച് കരിഞ്ഞിരുന്നു. ദേഷ്യം വന്ന് ചെമ്പും ചട്ടുകവും വലിച്ചെറിഞ്ഞു അവ വീണ സ്ഥലത്ത് രണ്ട് കൊക്കറിണി ഉണ്ടായി. സ്വത്ത് കരിക്കാട്ട് ദേവസ്വത്തിന്റേതാണ്. 1980ൽ കമ്മിറ്റി നവീകരിച്ചു. ത്രിപുരസുന്ദരി കണ്ണാടി 60 സെമീ, ഇരിക്കുന്ന ഗണപതിയും അയ്യപ്പനും 30 സെമീ വീതം, നില്ക്കുന്ന സുബ്രഹ്മണ്യനും വിഷ്ണുവും ശാസ്താവും 30, 45, 30 സെമീ വീതം. ശിവന് ശിലാലിംഗം 27 സെമീ. തന്ത്രി അണ്ടലാടി മന.

10. വണ്ടൂർ ശിവക്ഷേത്രം.

വണ്ടൂർ ഗ്രാമം. പുരാതനം. വിഗ്രഹങ്ങൾ പുലസ്ത്യപുത്രനും രാവണജ്യേഷ്ഠനുമായ വൈശ്രവണൻ(കുബേരൻ) പ്രതിഷ്ഠിച്ചവയാണ്. ആദ്യകാലത്ത് മൂസദുമാരുടെ ക്ഷേത്രമായിരുന്നു.പിന്നീട് നമ്പൂതിരിമാർക്ക് കൊടുത്തു. മൂന്ന് ഊരാളരുണ്ട്. കരുമാരപ്പട്ട, നടുവത്ത്, പുല്ലൂർമന. 1945 ൽ ബോഡ് എടുത്തു.കിഴക്കോട്ട് അഭിമുഖമായ വൃത്തശ്രീകോവിൽ വലിയമ്പലത്തിന്റെ വടക്കുവശം വേട്ടേക്കരനുണ്ട്. ശിവന്റെ ചുറ്റമ്പലത്തിന്റെ വടക്കുവശം 3 മീ താഴ്ന്ന ലവലിലാണ്. വിഷ്ണുക്ഷേത്രംമറ്റൊരു ചുറ്റുമതിലിനകത്താണ്. വൃത്തശ്രീകോവിലാമ്. കിഴക്കഭിമുഖം. ഗണപതി ശ്രീകോവിലിന്റെ തെക്കേ ചുമരിൽ. മറ്റ് ഉപദേവതകൾ കിഴക്ക് ശാസ്താവ്, നാഗത്തറ. എല്ലാത്തി

നും കൂടി വേറെ ചുറ്റുമതിലുണ്ട് അത് ആനപ്പ ള്ളയാണ്. ശിവലിംഗം 45 സെമീ. ചതുർഭുജ വിഷ്ണു 90 സെമീ. വേട്ടേക്കരന് പീഠവും വാളും. അയ്യപ്പനും ഗണപതിയും ഇരിക്കുന്നു, 30 സെമീ വീതം. നാഗങ്ങൾ 27 സെമീ. ശിവനെയാ ണ് വൈശ്രവണൻ പ്രതിഷ്ഠിച്ചത്. രണ്ട് തന്ത്രി. മൂത്തേടത്ത് ഇല്ലം ശിവന്റെ തന്ത്രി. അരിപ്രത്ത് ഇല്ലം വിഷ്ണുവിന് തന്ത്രി.

11. ശാസ്താവങ്ങോട്ടുപുറം ഭഗവതി ചെറു കോട് പോരൂർ ഗ്രാമം.

14ആം നൂറ്റാണ്ടുമുതൽ ഇത് എടവണ്ണ കോവില കം വകയായിരുന്നു. കോവിലകത്തിന്റെ നാലു കെട്ടിൽ ശാസ്താവാണ് പരദേവത. കോവിലകം പൊളിച്ച് കുടുംബം സ്ഥലം മാറി. ക്ഷേത്രം നില നിർത്തി. 5 നൂറ്റാണ്ടിനുശേഷം ശാസ്താക്ഷേത്ര ത്തിൽ തിരുമാന്ധാംകുന്നിലമ്മയുടെ ഭക്തൻ .ഭഗവ്തിസേവ നടത്തി. അമ്മ ഓാലക്കുടയിലി രുന്ന് ശാസ്താക്ഷേത്രത്തിന് 150 മീ തെക്ക് ഇരു ന്നു. കുട ഒരു കുഴിയിലേക്ക് താണു. വെള്ളം പുറത്തേക്ക് ഒഴുകി, ഇത് ഒരു കിണറായി. മുത്തുപ്പാറ കിണർ. പിറ്റേന്ന് പൂജാരി ശാസ്താ വിന്റെ നട തുറന്നു.വിഗ്രഹം പൊട്ടി താഴെ വീണിരിക്കുന്നത് കണ്ടു. പീഠത്തിലേക്ക് കയറ്റി വെച്ചു. വീണ്ടും ഇത് ആവർത്തിച്ചു. ശാസ്താ വിനെ പുറത്ത് തെക്കുകിഴക്ക് ഉണ്ടാക്കിയ ക്ഷേ ത്രത്തിലേക്ക് മാറ്റി പ്രതിഷ്ഠിച്ചു. ഭഗവതിയെ ആ സ്ഥാനത്ത്

പ്രതിഷ്ഠിച്ചു. അതിനാലാണ് ശാസ്താവങ്ങോട്ടുപുരമെന്ന പേര്. ചാത്തങ്ങോട്ടു പുരം എന്നാണ് പറയുക. 1993മുതല് ധര്മ്മര ക്ഷാസമിതി ഭരിക്കുന്നു. ഭഗവതി തിരുമാന്ധാം കുന്നിലമ്മയാണ്. ഭദ്രകാലിസങ്കല്പ്പം. പൂജാവിഗ്ര ഹം ശിലാകണ്ണാടി 30 സെമീ. ഇരിക്കുന്ന ഗണ പതി 15 സെമീ. ശാസ്താവിനും വീരഭദ്രനും ലിംഗം 30 സെമീ വീതം. തന്ത്രി മുടപ്പിലാപ്പള്ളി മന.

12. പോരൂര് ശിവക്ഷേത്രം വളരെ പുരാതനം. ഖരപ്രതിഷ്ഠ. പല്ലാമ്പറമ്പ് ശിവനും വഴഞ്ഞം ശിവനും ഖരപ്രതിഷ്ഠയാണ്. 2 ഊരാണ്മകുടും ബം. ഉപ്പിലാപ്പട്ട ചെമ്പില്ലേരി, മാന്തട്ടുപുറം. മാന്തട്ടുപുറം ഇല്ലാതായപ്പോള് വെള്ളക്കാട്ട് പട്ടേരിമനക്ക് കൈമാറി.1927ല് വാതില് പൊളി ച്ച് ആരോ പൂജാസാമഗ്രികളെല്ലാം കൊള്ളയടി ച്ചു. 1940 മുതല് ട്രസ്റ്റിബോഡ് ഭരിക്കുന്നു.

ശിവലിംഗം 37 സെമീ വിഷ്ണു നിൽക്കുന്ന 67 സെമീ ബിംബം. ഇരിക്കുന്ന ഗണപതിയും ശാസ്താവും 30 സെമീ വീതം. രക്ഷസ്സ് ലിംഗം 27 സെമീ. തന്ത്രി അരിപ്രത്ത് മന.

13. നീലാർകുറിശ്ശി ശാസ്താവ് അയ്യപ്പൻകാവ് കരുവാരക്കുണ്ട്. ഒലിപ്പുഴ പാലം കടന്ന് തെക്കുവശം. പണ്ട് കാടായിരുന്നു. ഋഷിമാരുടെ തപോവനം. ഒരിക്കൽ ഒരു പ്രകാശവലയം കണ്ട് അവർ സ്വയംഭൂ ശാസ്താവിനെ പ്രതിഷ്ഠിച്ചു . വളരെ കാലത്തിനുശേഷം ബ്രാഹ്മണർ ക്ഷേത്രത്തിനടുത്ത് താമസമാക്കി. അവരാണ് അയ്യപ്പനെന്ന നാമത്തിൽ പരദേവതയാക്കിയത്. ആ ഇല്ലത്തിന്റെ അവശിഷ്ടം ഇപ്പോഴും ഉണ്ട്. സാമൂതിരി അവരുടെ കയ്യിൽനിന്ന് കൈക്കലാക്കി തന്റെ യോദ്ധാവായ പിഷാരടി

സമുദായത്തിലെ ചെറുകര അക്കയിൽ ഉണ്ണിക്ക് കൊടുത്തു. 1960 വരെ അവരുടെയായിരുന്നു. പിന്നെ സമിതി ഏറ്റെടുത്തു. ശാസ്താലിംഗം 30 സെമീ, ശാസ്താപ്രഭസാതൃക സങ്കൽപ്പം. ഭഗവതി കണ്ണാടിശില 45 സെമീ. നാഗങ്ങൾ 30 സെമീ വീതം. ബ്രഹ്മരക്ഷസ്സ് മൂന്ന് ചെറിയ ഉരുണ്ട ശിലകളാണ്. തന്ത്രി ആദ്യപ്രതിഷ്ഠ ചെയ്തത് യോഗീശ്വരൻ. ഇപ്പോൾ പനയൂർ മന.

Dr Suvarna Nalapat

പെരിന്തൽമണ്ണ താലൂക്ക്.

1. ആലൂർശിവക്ഷേത്രം എടപ്പറ്റ വളരെ പുരാതനം.400 മീ വടക്ക് ഒലിപ്പുഴ ഒഴുകുന്നു. കാടായിരുന്നു. ഋഷിമാരുടെ തപോവനത്തിൽ ശിവദ ർശനം കിട്ടിയ അവര് പ്രതിഷ്ഠിച്ചത്. വളരെ കാലം കഴിഞ്ഞ് 7ആം നൂറ്റാണ്ടിൽ ഇവിടെ താമസമാക്കിയ ബ്രാഹ്മണകുടുംബം കാടു വെട്ടുമ്പോൾ ശിവലിംഗം കണ്ട് ക്ഷേത്രം പണിതു. 15ആം നൂറ്റാണ്ടുവരെ അവരാണ് നടത്തിക്കൊണ്ടുപോയത്. 15ആം നൂറ്റാണ്ടിൽ ആ കുടുംബം ഇല്ലാതായി. 18ആം നൂറ്റാണ്ടിൽ വിഗ്രഹം അശുദ്ധമാക്കി, ക്ഷേത്രം നശിപ്പിച്ചു.

തറ പറ്റിച്ചു. ഇപ്പോളുള്ളത് 18ആം നൂറ്റാണ്ടി ല് പുനരുദ്ധരിച്ച ക്ഷേത്രമാണ്. കാണിപ്പയ്യൂരിന്റെ സ്കെച്ച് അനുസരിച്ചാണ് നിർമ്മിതി. ദേവപ്രശ്നം ത്വരിതയോടുകൂടിയ കിരാതമൂർത്തിസങ്കൽപ്പമായാണ് കണ്ടത്. ഉപദേവതമാർ ഗണപതി, ശാസ്താവ്, നാഗം, ബ്രഹ്മരക്ഷസ്സ്. ആരോ വീട്ടിൽ കൊണ്ടു പോയി വെച്ചിരുന്ന വലിയ ബലിക്കല്ല് തിരിച്ചുകൊണ്ടുവന്ന് വെച്ചു. 1987ൽ അന്നത്തെ ഊരാളരായ അവണൂർമന (ദിനമങ്ങാട്ട് പെരിന്തൽമണ്ണ)പ്രസിഡന്റ് ആയി കമ്മിറ്റി ഉണ്ടാക്കി. തന്ത്രിയും പ്രസിഡന്റും ഉപദേഷ്ടാവും അടക്കം 15 അംഗസമിതി യാണ്. ശിവലിംഗം 37 സെമീ . മറ്റു ദേവത മാർക്ക് തറ മാത്രം. തന്ത്രി രണ്ടുപേരുണ്ട്. ചെമ്മാണിയോട്ട് പണയൂർ മനയും മേലാറ്റൂ രിലെ മൂത്തക്കോരാമ്പ് മനയും.

2. കരിങ്കാളിക്കാവ് എടപ്പാറ. 16ആം നൂറ്റാണ്ടു മുതലുള്ള ക്ഷേത്രം. മൂലസ്ഥാനം പാലക്കാട്ട്. ഒരു വൃദ്ധ പാലക്കാട്ട് കരിങ്കാളിക്കാവിൽ പോയിവന്ന് ഇവിടെ വിശ്രമിച്ചു. ഓലക്കുട അവിടെത്തന്നെ ഉറച്ചു. പലവട്ടം ആക്രമണവി ധേയമായ ക്ഷേത്രമാണ്. അവസാനം പാലക്കാ ട് നടുവിൽമഠം സ്വാമിയാരുടെ കയ്യിലെത്തി. ട്രസ്റ്റിയായ സ്വാമിയാരെ സഹായിക്കാൻ 1985 മുതൽ കമ്മിറ്റി ഉണ്ടാക്കി. ഉപദേവതമാരായി അയ്യപ്പനും വേട്ടേക്കരരൂപത്തിലുള്ള ശിവനും ഗണപതിയും നാഗവുമുണ്ട്. കരിങ്കാളി 45 സെമീ കണ്ണാടിശില. അയ്യപ്പൻ 15 സെമീ ഉരുണ്ട ശില. വേട്ടേക്കരൻ 15 സെമീ കണ്ണാടി.

ഗണപതിയുടെ ഒരു കഷ്ണമേ ഉള്ളു. അതിന് 2 സെമീ മാത്രം. 25, 15, 11 സെമീ വീതമുള്ള മൂന്ന് നാഗം. തന്ത്രി മൂത്തേടത്ത് മന.

3. പുതിയേടത്ത് ശിവൻ ചെമ്മാണിയോട് മേലാറ്റൂർ ഗ്രാമം. 750 മീ വടക്കുപടിഞ്ഞാറ് വള്ളിയാർപുഴ ഒഴുകുന്നു. 11ആം നൂറ്റാണ്ടിൽ ഉണ്ട്. കൊട്ടിയൂരുമായി ബന്ധമുണ്ട്. പണയൂരില്ലത്തെ കാരണവർ കൊട്ടിയൂർ ഭജിച്ചിരുന്നു. ഒരിക്കൽ പൂജാരി നിർമ്മാല്യം എടുക്കുമ്പോൾ അതിലൊരു സർപ്പം കണ്ടു. സർപ്പം പോകാൻ കൂട്ടാക്കിയില്ല. അപ്പോൾ ഒരാൾ ഇവിടെ ഭജനമിരിക്കുന്ന വ്യദ്ധനമ്പൂതിരിക്കേ നിർമ്മാല്യവും സർപ്പവും ഒപ്പം നീക്കാനാവൂ എന്ന് പറഞ്ഞു. ആ ബ്രാഹ്മണൻ അത് ചെയ്തു. ഭജനശേഷം വീട്ടിലേക്ക് മടങ്ങി.

പ്രായമായ തനിക്ക് ഇനിയെങ്ങനെ കൊട്ടിയൂരിലേക്ക് പോകാനാവും എന്ന് ചിന്തിച്ചു കൊണ്ടിരുന്നു അപ്പോൾ ഉൾക്കണ്ണിൽ ഭാരതപ്പുഴയുടെ തിരുമിറ്റക്കോട് ഭാഗത്തെ കടവിൽ ഒരു വിഗ്രഹം കിടക്കുന്നതായും അത് വീട്ടിൽ പ്രതിഷ്ഠിക്കാനും അരുളപ്പാടുണ്ടായി. നേരെ അവിടേക്ക്. പോയി അഞ്ചുമൂർത്തിദർശനം ചെയ്ത് ക്ഷേത്രഘട്ടത്തിൽ മുങ്ങി. ശിവലിംഗം കിട്ടി. ചെമ്മാണിയോട്ട് കൊണ്ടുപോയി പ്രതിഷ്ഠിച്ചു. മാപ്പിളലഹളക്കാലത്ത് രണ്ടു പ്രാവശ്യം വിഗ്രഹം രക്ഷിക്കാൻ താൽക്കാലികമായി മാറ്റിവെച്ചിട്ടുണ്ട്. 1938ൽ കള്ളന്മാർ ക്ഷേത്രം തീവെച്ചു. വിഗ്രഹം മാറ്റേണ്ടിവന്നു. അതായത് മൂന്നു പ്രാവശ്യം പ്രതിഷ്ഠിക്കേണ്ടിവന്നു. 1988 ൽ പാണയൂർ ഇല്ലം കമ്മിറ്റിക്ക് കൈമാറി. ഉപദേവതമാർ:- കിഴക്കോട്ട് അഭിമുഖമായി തെക്കുപടിഞ്ഞാറ് ഗണപതി. കിഴക്കോട്ട് അഭി മുഖമായി വടക്കുപടിഞ്ഞാറ് ഭഗവതിയും ഭദ്രകാളിയും . വടക്കുകിഴക്ക് പടിഞ്ഞാട്ട് അഭിമുഖമായി അയ്യപ്പൻ. വടക്കുപടിഞ്ഞാറ് ബ്രഹ്മരക്ഷസ്സ് . തെക്കുകിഴക്ക് കൂത്തമ്പലം. ശിവലിംഗം 27 സെമീ. ഉഗ്രസങ്കൽപ്പം. ഇരിക്കുന്ന ഗണപതി 15 സെമീ. ഭഗവതി കണ്ണാടി . 57 സെമീ ഭദ്രകാളി 27 സെമീ. അയ്യപ്പന് 45 സെമീ, ബ്രഹ്മരക്ഷസ്സിന് 17 സെമീ. തന്ത്രി കാട്ടിലാമിറ്റമാണ്.

4. കൈപ്പുള്ളി വിഷ്ണു. നരസിംഹമൂർത്തി. പുരാതനമാണ്. ഇവിടെ ആദ്യം ഒരു ബ്രാഹ്മണഗ്രാമം ഉണ്ടായിരുന്നു. 18ആം നൂറ്റാണ്ടിൽ അവരെല്ലാം മതംമാറ്റം ഭയന്ന് ഓടിപ്പോയി,

പിഷാരടി കുടുംബത്തെ ക്ഷേത്രം ഏൽപ്പിച്ചാണ് പോയത്. അവരുടെ താമസം നാരാകുളങ്ങരെ വിഷ്ണുക്ഷേത്രത്തിനടുത്തുള്ളവരായിരുന്നു. ഈ ക്ഷേത്രവും കാരാപ്പള്ളി വിഷ്ണുക്ഷേത്രവും അവരുടേതായിരുന്നു. അവർക്ക് സന്തതിയില്ലാതെ ചെറുകര പിഷാരത്തെ ഏൽപ്പിച്ചു. അവർ 25 കിമീ അകലെയായിരുന്നു താമസം. ഇക്കാലത്ത് കച്ചവടാവശ്യത്തിന് തമിഴ് അപ്പാത്തിപ്പട്ടർ ഇവിടെ വന്നു. അദ്ദേഹത്തെ ക്ഷേത്രം ഏൽപ്പിച്ചു. നാട്ടിലെ അമരമ്പലത്തുള്ള തമിഴ് ബ്രാഹ്മണരോട് ആലോചിച്ച് കൈപ്പുള്ളി സമൂഹം ട്രസ്റ്റ് ഉണ്ടാക്കി. അപ്പാത്തിപ്പട്ടരുടെ നേതൃത്വത്തിൽ ചുറ്റമ്പലവും ഉപദേവതാക്ഷേത്രങ്ങളും മറ്റും ഉണ്ടാക്കി. പിൽക്കാലത്ത് ചെറുകര പിഷാരവും കൈപ്പുള്ളിയും കൂടി വ്യവഹാരമുണ്ടായി. കോടതി കൈപ്പുള്ളിക്ക് അനുകൂലമായി വിധിച്ചു. അപ്പാത്തിപ്പട്ടർക്ക് സന്തതി ഉണ്ടായിരുന്നില്ല. ദത്തുപുത്രൻ കലഹിച്ചു. ദുഃഖിതനായ പട്ടർ പാലക്കാട്ടേക്ക് പോയി. അവിടെ വെച്ച് മരിച്ചു. 1921ൽ ക്ഷേത്രം നാശനഷ്ടത്തിനും അശുദ്ധിക്കും ഇടയായി. അഗ്രശാലയിൽ പോത്തിനെ കൊന്ന് മാംസം പചിച്ചു. 1924ൽ ശുദ്ധീകരണത്തിനുശേഷം പുനപ്രതിഷ്ഠയും പുനരുദ്ധാരണവും നടത്തി. 1979ൽ മുറയൂർ മൂസദിന് കൊടുത്ത് പട്ടരുടെ പിൻഗാമികൾ സ്ഥലം വിട്ടു. 1980ൽ നാട്ടുകാർ താക്കോൽ വാങ്ങി പൂജകൾ പുനരാരംഭിച്ചു. ചതുർഭുജവിഷ്ണു പ്രഹ്ലാദസ്തുതി കേട്ട് ആനന്ദിക്കുന്ന സൌമ്യ

നരസിംഹമൂർത്തിസങ്കൽപ്പമാണ്. ശാസ്താവ് പ്രഭാസമേതസങ്കൽപ്പത്തിലുള്ള ലിംഗം. പ്രഭാമണ്ഡലമുള്ള 27 സെമീ വേട്ടേക്കരൻ ഉഗ്രമൂർത്തിയാണ്. ഭഗവതിയും 27 സെമീ, തിരുവളയനാട്ടമ്മ സങ്കൽപ്പം. ഗണപതിയെ അഭിമുഖീകരിച്ചാണ് ഇരിക്കുന്നത്. ഗണപതി 30 സെമീ ഇരിക്കുന്ന രൂപം കിഴക്കോട്ട് അഭിമുഖം. ആദ്യം ചെമ്മാണിയോട് പാലക്കീഴ് ഇല്ലമായിരുന്നു തന്ത്രം. പുനപ്രതിഷ്ഠക്ക് ശേഷം പണയൂരില്ലം.

5. പുത്രാമണ്ണ ശിവൻ മേലാറ്റൂർ. പഴയതാണ്. സ്വയംഭൂ മഴുവഞ്ചേരിമനയിലെ ഊരാളന് പുറത്തുനിന്ന് വിഗ്രഹം കാണായ്കയാൽ പ്രതിഷ്ഠാസ്ഥാനത്ത് ഒരു ശില വെച്ചു അന്നു മുതൽ കലശലായ തലവേദന തുടങ്ങി. .സ്വയംഭൂവിന്റെ ശിരസ്സിൽ ശില വെച്ചതിനാ ലാണ്, എന്ന് മനസ്സിലാക്കി ശില മാറ്റി. വേദനയും മാറി. രണ്ട് ഊരാളരുണ്ട്. മഴുവ ഞ്ചേരിയും കുന്നത്ത് മനയും. 1978ൽ ട്രസ്റ്റ് ഉണ്ടാക്കി. വളരെ ചെറിയ സ്വയംഭൂവാണ്. 15 സെമീ ഇല്ല, അതിനേക്കാൾ കുറവാണ്. ശിലാലിംഗമാണ്. ഗണപതി 15 സെമീ, സുബ്രഹ്മണ്യൻ 15 സെമീ, ശാസ്താ, സാതൃക ,പ്രഭ 17, 13, 15 സെമീ . എല്ലാം ലിംഗരൂപം. നാഗവുമുണ്ട്. തന്ത്രി പാലക്കീഴ് മന ചെമ്മാണിയോട്.
6. പൂന്താനം മഹാവിഷ്ണുക്ഷേത്രം. കീഴാറ്റൂർ പുരാതനം. റോഡിന്ന് അപ്പുറം പൂന്താനം ഇല്ലമുണ്ട്. ഇല്ലത്തിന്റെ മച്ചിൽ പീഠവും വാളുമുണ്ട്. (തിരുമാന്ധാംകുന്നിലമ്മയുടെ). സാല

ഗ്രാമങ്ങളുമുണ്ട്. ഇല്ലത്തിന്റെ പടിഞ്ഞാറേ വരാന്തയിൽ 1640 എഡിയിൽ പൂന്താനത്തെ കൃഷ്ണൻ വൈകുണ്ഠത്തേക്ക് കൊണ്ടുപോയ സ്ഥാനം കാണാം. ക്ഷേത്രത്തിലെ പൂന്താന ത്തിന്റെ സൂര്യനമസ്കാരസ്ഥാനത്തെ ഫലകവും ശ്രദ്ധ ആകർഷിക്കുന്നു. പൂന്താനം ഇല്ലം ഇല്ലാതായപ്പോൾ ബന്ധുക്കളായ അവണൂർ ഇല്ലത്തിനു കിട്ടി. 1940-85 വരെ പൂജകളില്ലായിരുന്നു. കമ്മിറ്റി എടുത്തു. 1993 ആഗസ്ത് 29ന് പൂന്താനം ക്ഷേത്രം ഗുരുവായൂർ ദേവസ്വം എടുത്തു. ക്ഷേത്രവും ഇല്ലവും പുനരുദ്ധരിച്ചു. 1999ൽ പൂർത്തി യായി. അന്നത്തെ ഒരു ചടങ്ങിൽ എന്നേയും പങ്കെടുക്കാൻ ക്ഷണിച്ചിരുന്നു. (അഴിഞ്ഞിലം തളിയിലെ പുനരുദ്ധാരണശേഷവും അവിടേ ക്ക് ക്ഷണിച്ചിരുന്നു) വിഷ്ണു 1.12 മീ ചതുർഭുജം. ശ്രീകൃഷ്ണൻ 45 സെമീ പൂന്താനപ്രതിഷ്ഠ. വെണ്ണക്കണ്ണസങ്കൽപ്പം. ഗണപതി 15 സെമീ . ഗണപതിയും കൃഷ്ണനും തെക്കേ ഉപദേവതാക്ഷേത്ര ത്തിലാണ്. രണ്ട് തിടപ്പള്ളിയുണ്ട്. വടക്കുകി ഴക്കും തെക്കുകിഴക്കും. കിണർ അടുത്ത്. തന്ത്രി

പണയൂരില്ലം. ,

പൂന്താനംഇല്ലംവൈകുണ്ഠാരോഹണസ്ഥലം

പൂന്താനംഇല്ലം


പൂന്താനംഇല്ലം മച്ച്

പൂന്താനം മഹാവിഷ്ണുക്ഷേത്രം

7. മുതുക്കുറിശ്ശി ശാസ്താ, അയ്യപ്പൻകാവ് കീഴാറ്റൂർ. വെള്ളിയാർ അഥവാ ഒറവംപുറം പുഴ കിഴക്ക് ഭാഗത്ത് ഒഴുകുന്നു. വളരെ പുരാതനമാണ്. ഋഷിമാർ കാട്ടിൽ തപസ്സ് ചെയ്യുമ്പോൾ അവർക്ക് സ്വയംഭൂവായി പ്രത്യക്ഷപ്പെട്ടതാണ്. അവിടെ ഋഷിപ്രതിഷ്ഠ ചെയ്തു. മണ്ണാർമല കോവിലകം രാജാവിനെ ഏൽപ്പിച്ചു. ക്ഷേത്രത്തിന്റെ അര കിമീ വടക്കുകിഴക്കാണ് കോവിലകം. .ഇപ്പോഴുള്ള കോവിലകത്തിന് രണ്ടര നൂറ്റാണ്ട് പഴക്കമേ ഉള്ളു. മാനിച്ചനും വിക്കിരനും മണ്ണാർമല നാടുവാഴികളായി ഭരിച്ചിരുന്ന കാലം 12ആം നൂറ്റാണ്ടാണ്. അവർക്കുമുമ്പ് ഒന്നുകുറെ ആയിരം വല്ലഭ രാജാക്കന്മാരെന്ന വല്ലഭമൂഷകവംശമായിരുന്നു ഭരി

ച്ചത്. മാനിച്ചവിക്കിരന്മാരുടെ കാലശേഷം ഈ ബിരുദം കൊടുത്ത് മഞ്ചേരി കോവിലകത്തെ അഞ്ചാം തമ്പുരാനെ മണ്ണാർമല മൂപ്പനാക്കി. വല്ലഭക്ഷോണി അഥവാ വള്ളുവനാട് ആറങ്ങോട്ടുസ്വരൂപം എന്ന വള്ളുവക്കോനാതിരിയുടെ (പേരുകൾവെള്ളാട്ടിരി, ആറങ്ങോട്ട് ഉടയവര്, വല്ലഭൻ) ആയിരുന്നു എന്നതും സാമൂതിരി അത് ചത്തും കൊന്നും കയ്യടക്കി എന്നതും ചരിത്രമാണ്. 1909ലെ വള്ളുവനാടിന്റെ ചിത്രം.


1909

ടിപ്പുവിന്നു ശേഷം അശുദ്ധമാക്കയും നശിപ്പിക്കയും ചെയ്ത ക്ഷേത്രം കാടുകേറി. ചെറുമി പുല്ലുചെത്തു മ്പോൾ ചോരകണ്ടതും കള്ള് ചെത്തുന്നവൻ ഇതുക ണ്ട് പനമേൽനിന്ന് ഇറങ്ങിവന്ന് ഉടമസ്ഥരെ അറി യിച്ചതും പറഞ്ഞുകേൾക്കുന്നു. അന്നത്തെ രാജാവി ന്റെ ഭാര്യ കോന്തിപ്പറമ്പത്ത് മുണ്ടക്കപ്പെട്ടവീട്ടിലെയാ യിരുന്നു.രാജാവും ഭാര്യയും തിരുമാന്ധാംകുന്നിൽ തൊഴാൻ പോയി. ശാന്തിക്കാരൻ രാജാവിന് കയ്യി ൽ പ്രസാദം കൊടുത്തു. ഭാര്യക്ക് സോപാനത്തിന്മേ ൽ വെച്ചുകൊടുത്തു. അവർക്ക് ദേഷ്യം വന്നു. അവരെ പ്രീതയാക്കാനായി രാജാവ് ഇവിടെ അയ്യ പ്പന് ക്ഷേത്രം പണിതു. മംഗലത്ത് മന ബ്രാഹ്മണ രേയും മുണ്ടക്കപ്പെട്ട തറവാട്ടിനേയും ഏൽപ്പിച്ചു. മംഗലത്ത് മന പിന്നീട് അവകാശം വേണ്ടെന്ന്

വെച്ചു. 1975ൽ ട്രസ്റ്റ് ഏറ്റെടുത്തു. രണ്ട് കിണറുണ്ട്. മണിക്കിണർ വടക്കുള്ളതാണ്. അതിന് ശ്രീകോവിലുമായി ഭൂഗർഭത്തിലൂടെ കണക്ഷനുണ്ട്. അഭിഷേക ജലം ഇതിലേക്ക് ഒഴുകുന്നു. ഈ കിണറ്റിലെ ജലം സർവ്വരോഗശമനമാണ്. ശ്രീകോവിലിൽ 3 ശിലാലിംഗം 15 സെമീ വീതം. ശാസ്താ,പ്രഭ,സാത്യകസങ്കൽപ്പം . അതേ ശ്രീകോവിലിൽ ശിലാലിംഗമായി കിരാതമൂർത്തിശിവനും, ഇരിക്കുന്ന ഗണപതിയും ഉണ്ട്. കൂത്തമ്പലത്തിലാണ് ഭദ്രകാളി. കണ്ണാടിശിലയാണ്. 30 സെമീ. തന്ത്രി പണയൂർഇല്ലം ചെമ്മാണിയോട്.

8. അഖിലേശ്വരി ഭദ്രകാളി. നെന്മിനി 11ആം നൂറ്റാണ്ടിലുണ്ട്. വടക്കേ ഇന്ത്യയിലെ ഒരു ഭക്തബ്രാഹ്മണൻ തീർത്ഥയാത്രാവേളയിൽ കൊണ്ടുവന്ന് പ്രതിഷ്ഠിച്ചത്. ഒരുകാലത്ത് വളരെ പ്രസിദ്ധമായിരുന്നു. വള്ളുവനാട്ടിലെ ഗോക്കളെ വളർത്താൻ ഇവിടെ നട തള്ളിയിരുന്നു. ടിപ്പു നശിപ്പിച്ച ക്ഷേത്രമാണ്. ഊരാളർ നെന്മിനി വെള്ളോടിമാരാണ്. 1991ൽ പ്രശ്നം വെച്ചു. 1992ൽ പുനർനിർമ്മാണം പൂർത്തിയാക്കി. വെള്ളോടിമാരുടെ ക്ഷേത്രമാണ്. 60 സെമീ ഭദ്രകാളി നിൽക്കുന്ന ചതുർഭുജമാണ്, അനുഗ്രഹദായിനിസങ്കൽപ്പം . ഇരിക്കുന്ന ഗണപതി 30 സെമീ, നിൽക്കുന്ന അയ്യപ്പൻ 15 സെമീ 15 സെമീ വീതമുള്ള നാഗങ്ങൾ. ബ്രഹ്മരക്ഷസ്സിന് സങ്കല്പ്പപ്രതിഷ്ഠ. പുനപ്രതിഷ്ഠ ചെയ്ത തന്ത്രി പാതേരിമന ശക്രൻ നമ്പൂതിരി.
9. കൈലോട്ട് ശിവൻ തച്ചിങ്കനടം. നെന്മിനിഗ്രാമം കീഴാറ്റൂർ പഞ്ചായത്ത്. പഴയതാണ്.

സ്വയംഭൂ. മാത്രം ദേവസ്വം വക. സ്വയംഭൂ 25 സെമീ ശിലാപീഠപ്രതിഷ്ഠ. ഗണപതി അയ്യപ്പൻ ഭഗവതി സങ്കൽപ്പം മാത്രം. തന്ത്രി പണയൂർ മന.

10. മഞ്ചേരിക്കാവ് അയ്യപ്പൻ വെള്ളില. മങ്കട ഗ്രാമം. പഴയതാണ്. സ്വയംഭൂ 75 സെമീ. എല്ലാ ഋതുക്കളിലും വെള്ളം കൊണ്ട് മൂടി യിരിക്കും.

ആയിരനാഴി കോവിലകത്തിന്റെയായിരുന്നു. 1990ല് കമ്മിറ്റി എടുത്തു. അടുത്തുള്ള അരുവി യിൽ നിന്ന് 1.35 മീ ഉയരമുള്ള സുബ്രഹ്മണ്യ വിഗ്രഹം കിട്ടി. അത് ചുമരിൽ ചാരി വെച്ചി ട്ടുണ്ട്. വടക്കുപടിഞ്ഞാറ് ഉപദേവതാ ക്ഷേത്ര ത്തിൽ ഗണപതി, ദുർഗ്ഗക്ക് പീഠം. അയ്യപ്പന് ചമ്രവട്ടത്ത് അയ്യപ്പസങ്കൽപ്പമാണ്. തന്ത്രി നാരായണമംഗലം ഇല്ലം വള്ളിക്കാപട്ട.

11. വടക്കിണിയേടത്ത് ദുർഗ്ഗ കടന്നമണ്ണ. മങ്കടഗ്രാമം. കടന്നമണ്ണ കോവിലകത്തിന്ന് രണ്ടര കിമീ തെക്കുപടിഞ്ഞാറും വടക്കുമായി ഒരു അരുവി ഒഴുകുന്നു. ഉളിയന്നൂരിലെ പെരുന്തച്ചൻ (വരരുചിപുത്രൻ) പണിത ക്ഷേത്രമാണ്. 1761ല് ഭാഗികമായി വള്ളുവനാ ട് വലിയ രാജാവ് പുനരുദ്ധാരണം ചെയ്തു. എന്ന ലിഖിതം കാണുന്നു. വൃത്തശ്രീകോവിൽ ഏക തലം. പടിഞ്ഞാട്ട് അഭിമുഖം. അധിഷ്ഠാ നത്തിന്റെ മുകളിലെ പടിയിൽ പെരുന്തച്ചന്റെ ഉലി തിരുകിവെച്ചത് കാണാം.ശ്രീകോവിലിന് ഇളക്കം തട്ടാതിരിക്കാനാണെന്ന് കരുതുന്നു. എന്നാൽ തച്ചന്റെ മുദ്രയായിട്ടാവാനാണ് സാദ്ധ്യത തിരുനാവായ, പന്നിയൂർ, ഹരിക

നൃകയൂർ തൃക്കണ്ടിയൂർ ക്ഷേത്രങ്ങളിലും ഇതുണ്ട്. പീഠത്തിനുമുകളിൽ 86 സെ മീ ഉയരമുള്ള ദുർഗ്ഗക്ക് 2 കൈകൾ മുറിച്ചിരിക്കുന്നു. ആയു ധമില്ല. നിൽക്കുന്ന 80 സെമീ മഹാവിഷ്ണു ചതുർഭുജമാണ്. ഇതിനും കൈകൾ മുറിച്ചിരി ക്കുന്നു. 27 സെമീ ശിലാലിംഗം ശാസ്താവ്. 21 സെമീ വീതമുള്ള നാഗങ്ങൾ. തന്ത്രി മുട പ്പിലാപ്പള്ളി മന വെള്ളിക്കാപട്ട.

12. തെക്കിണിയേടത്ത് ശിവൻ കടന്നമണ്ണ മങ്കടഗ്രാമം. പഴയതാണ്. കടന്നമണ്ണ കോവില കത്തിന്റെ ക്ഷേത്രം. വള്ളുവനാട്ട് രാജവംശ ത്തിന്റെ 4 താവഴികളിലൊന്നാണ് കടന്നമണ്ണ. മറ്റ് മൂന്ന്, മങ്കട, ആയിരനാഴി, അരിപ്ര. കടന്നമണ്ണ വലിയ തമ്പുരാട്ടിക്കാണ് ക്ഷേത്രഭര ണം. വട്ടശ്രീകോവിൽ ഏകതലം . 45 സെമീ ശിവലിംഗം. തന്ത്രി മുടപ്പിലാപ്പള്ളി. വടക്കി നിയേടത്ത് ദുർഗ്ഗയുടെ ശാന്തിക്കാരൻ ഇവിടേ യും ശാന്തി ചെയ്യുന്നു.

13. മങ്കട കോവിലകം ശിവക്ഷേത്രം മങ്കട.മങ്കട കോവിലകം വലിയ തമ്പുരാട്ടിയുടെ ക്ഷേത്രം. 17ആം നൂറ്റാണ്ടിൽ കോവിലകത്തുള്ളവർക്കാ യി ഉണ്ടാക്കിയ ക്ഷേത്രമാണ്. ചുറ്റമ്പലത്തിന്റെ തെക്കുപടിഞ്ഞാറേ മൂലക്ക് ലിഖിതമുണ്ട്. ഉപ ദേവതാക്ഷേത്രതത്തിലെ തിരുമാന്ധാം കുന്ന് ഭഗവതിയെ ചിങ്ങം 1ന് പൂയം നക്ഷത്രത്തിൽ 1188 കൊല്ലവർഷത്തിൽ പ്രതിഷ്ഠിച്ചു എന്ന് എഴുതിയിരിക്കുന്നു. ശിവന്റെ ശിലാലിംഗം 40 സെമീ. കൃഷ്ണൻ നിൽക്കുന്ന രൂപം 57

സെമീ. ഇരിക്കുന്ന തിരുമാന്ധാംകുന്നിലമ്മ 23 സെമീ. ഇരിക്കുന്ന ഗണപതി 29 സെമീ. ഇരിക്കുന്ന അയ്യപ്പൻ 27 സെമീ. 15 സെമീ വീതമുള്ള നാഗങ്ങൾ. ശ്രീകൃഷ്ണക്ഷേത്രത്തിൽ ചെറിയ ശിലാലിംഗം (ശിവൻ) കൂടി ഉണ്ട്. തന്ത്രി നാരായണമംഗലം ഇല്ലം വള്ളിക്കാപ്പറ്റ.

14. ആറങ്ങോട്ട് ശിവക്ഷേത്രം മക്കരപ്പറമ്പ് വടക്കാങ്കരഗ്രാമം. പഴയതാണ്. വള്ളുവനാട്ട് സ്വരൂപം നാലായി പിരിയുന്നതിനു മുമ്പ് ആ സ്വരൂപത്തിന്റെ പ്രസിദ്ധക്ഷേത്രങ്ങളിലൊന്നായിരുന്നു. നാലു താവഴികളിൽ വെച്ച് മൂത്ത തമ്പുരാട്ടിക്കാണ് ഉടമസ്ഥാവകാശം. അവരെ കോലത്തിരി അമ്മത്തമ്പുരാനെന്നും അമ്മത്തമ്പുരാട്ടി എന്നും വിളിക്കുന്നു.ഇത് ചരിത്രപരമായി പ്രധാനമാണ്. കോലത്തിരിസ്വരൂപത്തിന്റെ മാതൃദായത്തിൽ മൂത്ത സ്ത്രീയെ തമ്പുരാ

നെന്ന് വിളിക്കുന്നു, എലിയങ്ങാട്ട് കോവിലക ത്തും ഇതാണ് പതിവ്. 1880ൽ പുനരുദ്ധരി ച്ചിട്ടുണ്ട്. ഭൂനി യമം വന്നശേഷം കോലത്തൂർ തമ്പുരാട്ടി ക്ഷേത്രക്കമ്മിറ്റിക്ക് കൊടുത്തു. വട്ട ശ്രീകോവിൽ ഏകതലം. ഗർഭഗൃഹത്തിന്റെ പ്രവേശനദ്വാരങ്ങൾക്കടുത്ത് ചുമർ കെട്ടി അകത്തെ പ്രദക്ഷിണവഴിയിലേക്ക് പ്രവേശനം നിരോധിച്ചിട്ടുണ്ട്. തെക്കുവശത്തെ ഉപദേവ താക്ഷേത്രങ്ങൾ നാല് എണ്ണം. ഭഗവതി, സര സ്വതി, വിഷ്ണു, ഗണപതി വടക്കോട്ട് അഭി മുഖം. തെക്കുകിഴക്ക് വലിയമ്പലത്തിനു പുറ ത്ത് ശാസ്താക്ഷേത്രം പടിഞ്ഞാട്ട് അഭിമുഖം. ശിവലിംഗം 45 സെമീ. ഭഗവതി,സരസ്വതി 17 സെമീ.അയ്യപ്പൻഗണപതി 21 സെമീ.തന്ത്രി അണ്ടലാടിമന.

14. കൂട്ടിൽ ശിവക്ഷേത്രം മങ്കട.18ആം നൂറ്റാണ്ട്. തൃക്കൈക്കാട്ട് മഠംവക.പ്രതിഷ്ഠ സ്വയംഭൂവാ ണ്. 1987ൽ നവീകരിച്ചു. ഏകതലവട്ടശ്രീകോ വിൽ സ്വയംഭൂലിംഗം 5 സെമീ. ഇരിക്കുന്ന ഗണപതി,അയ്യപ്പൻ 27 സെമീ വീതം. വേട്ടേക്ക രലിംഗം 15 സെമീ. നാഗങ്ങളുണ്ട്. തന്ത്രി നാരായണമംഗലം വള്ളിക്കാപ്പറ്റ.

15. കുന്നത്തൂർശാസ്താ അയ്യപ്പൻകാവ്. മങ്കട സ്വയംഭൂ. 16ആം നൂറ്റാണ്ടിലുണ്ട്. ടിപ്പുസു ൽത്താനെ പേടിച്ച് കോവിലകത്തെ സ്ത്രീകൾ പുറത്തെ ക്ഷേത്രത്തിലേക്ക് പോകാതായപ്പോ ഴാണ് ക്ഷേത്രം അവർക്കുവേണ്ടി പുതുക്കിപ്പ ണിതത്. മങ്കട കോവിലകം വലിയ തമ്പുരാട്ടി

യുടെ ക്ഷേത്രം. ശാസ്താശില 17 സെമീ. പ്രഭാസമേതസങ്കൽപ്പം. ശ്രീകോവിലിൽ 3 വിഗ്രഹം കൂടിയുണ്ട്. ഇരിക്കുന്ന ഗണപതി 21 സെമീ, നിൽക്കുന്ന കരിങ്കാളി 21 സെമീ, നാഗങ്ങൾ 15 സെമീ വീതം. തന്ത്രി നാരായ ണമംഗലം മന.

16. തൃക്കോവിൽ ശിവൻ കാരാട്ടുപറമ്പ്.കൂട്ടില ങ്ങാടി ഗ്രാമം. 11ആം നൂറ്റാണ്ടിലുണ്ട്. മുടപ്പി ലാപ്പള്ളിമനയുടെ ക്ഷേത്രം. ഇവിടെ അഗ്രമ ണ്ഡപത്തിലെ നവഗ്രഹസ്ഥാനം സാധാരണ കാണാറുള്ള മാതിരിയല്ല. സ്ഥാനം മാറിയാണ്. ശിവന് 45 സെമീ നിൽക്കുന്ന സുബ്രഹ്മണ്യന് 75 സെമീ. ഗണപതിശില 15 സെമീ അയ്യപ്പൻ 13 സെമീ ശില. ദുർഗ്ഗ 15സെമീ . ബ്രഹ്മരക്ഷ സ്സ് ബലിക്കല്ല് 15 സെമീ ഉയരം. തന്ത്രി മുട പ്പിലാപ്പള്ളി

17. മുടപ്പിലാതൃക്കോവിൽ വിഷ്ണു കാരാട്ടുപ റമ്പ് കൂട്ടിലങ്ങാടി. 11ആം നൂറ്റാണ്ടിലുണ്ട്. മുടപ്പിലാപ്പള്ളിക്കാരുടെ കുടുംബക്ഷേത്രം. ചതുർഭുജവിഷ്ണു 75 സെമീ ഉപദേവത മാരില്ല. തന്ത്രി മുടപ്പിലാപ്പള്ളി,ശാന്തിക്കാർ പാരമ്പര്യമായി നാലൂരില്ലം.

18. മേൽതൃക്കോവിൽ ശിവൻ പടിഞ്ഞാറേ മുറി. കൂട്ടിലങ്ങാടി. പഴയതാണ്. കടലുണ്ടി പുഴ അടുത്ത് വള്ളുവക്കോനാതിരിയുടെ സൈന്യാധിപനായിരുന്ന കടുക്കൂർ നമ്പ്യാതിരി യുടെയായിരുന്നു.. അദ്ദേഹത്തിന്റെ ആസ്ഥാനം ചേലൂർ കോട്ടയിലായിരുന്നു. സാമൂതിരി

തന്നെ വധിക്കുമെന്ന് ഉറപ്പയപ്പോൾ അതിന്നു മുമ്പ് ക്ഷേത്രം നമ്പൂതിരിമാരെ ഏൽപ്പിച്ചു. പയ്യാമ്പള്ളി, പെരുമ്പള്ളി, നാരായണമംഗലം, കടക്കോട്ട് മനകളെയാണ് ഏൽപ്പിച്ചത്. സാമൂതിരി നമ്പ്യാതിരിയെ ചതിച്ചുകൊന്നശേഷം ആത്മാവ് അവിടെത്തന്നെ ഉണ്ടെന്നാണ് ജനവിശ്വാസം. തെക്കുപടിഞ്ഞാറുഭാഗത്ത് മര്യാദക്ക് പുറത്ത് അദ്ദേഹത്തിന്റെ ആത്മാവിനെ പ്രതിഷ്ഠിച്ചിട്ടുണ്ട്. 1937 മുതൽ ബോഡ് ഭരണമാണ്. ശിലാലിംഗം 45 സെമീ, ഗണപതി ഇരിക്കുന്നു 15 സെമീ, കടുക്കൂർ നമ്പ്യാതിരിയുടെ ശിലാലിംഗം 30 സെമീ, ബ്രഹ്മരക്ഷസ്സിന് സങ്കൽപ്പപ്രതിഷ്ഠ,ബലിക്കല്ല്, തന്ത്രി അണ്ടലാടി.

19. കീഴ്തൃക്കോവിൽ വിഷ്ണു നരസിംഹസ്വാമി പടിഞ്ഞാറുമുറി കൂട്ടിലങ്ങാടി. കടലുണ്ടിപ്പുഴ അടുത്ത്. 16ആം നൂറ്റാണ്ട് മുതലാണ്

ക്ഷേത്രമുള്ളത്. വിഗ്രഹം അതിനു മുമ്പുണ്ട്. വിഗ്രഹം അതിനുമുമ്പ് ആനക്കയം ഗ്രാമത്തിലായിരുന്നു .മേൽതൃക്കോവിലിലെ ഊരാളരുടേതായിരുന്നു. ടിപ്പുവിന്റെ കാലത്ത് പൂജ മുടങ്ങി. വിഷ്ണു 90 സെമീ ചതുർഭുജം. ഗണപതി ശില 13 സെമീ. ശാസ്താ,പ്രഭ,സാതൃകൻ 45 സെമീ. അയ്യപ്പൻ വേറെ ശ്രീകോവിലിലാണ്. 45 സെമീ. തന്ത്രി മുടപ്പിലാപ്പള്ളി.

20. പിഷാരിക്കൽ ദുർഗ്ഗ പാങ്ങ് കുറുവഗ്രാമം.

പഴയതാണ്. വൈഷ്ണവദുർഗ്ഗാസങ്കൽപ്പം. ഋഷി പ്രതിഷ്ഠം. വൈഷ്ണവീരൂപമായ പരാശക്തി. ഋഷിമാര് അപ്പംകുളം പിഷാരത്തിന് ഏൽപ്പിച്ചു. 1970ൽ ബോഡ് എടുത്തു. 63 സെമീ ദുർഗ്ഗ ശംഖം,ചക്രം, ഇടത്തെ താഴത്തെ കൈ കടിഹസ്തം, വലത്ത് അഭയമുദ്ര. ഇരിക്കുന്ന ഗണപതി 30 സെമീ. നാഗരൂപമായ സുബ്രഹ്മണ്യൻ ആദിശേഷസുബ്രഹ്മണ്യസങ്കൽപ്പം. ശിവലിംഗം അയ്യപ്പലിംഗം 27 സെമീ വീതം. തന്ത്രി പൂക്കോട്ടൂർ ഇല്ലം.

21. കോഴിയൂർ ശിവൻ.പഴമല്ലൂർ.കുറുവ പഞ്ചായത്ത്. കോട്ടൂർഗ്രാമം.18ആം നൂറ്റാണ്ടു മുതലാണ് ക്ഷേത്രം ഉള്ളത്. സ്വയംഭൂലിഗം അതിന്നെത്രയോ മുമ്പുള്ളതാണ്. കോഴിയൂർ, പഴമല്ലൂർ, കുറുവ മുതലായ സ്ഥലനാമങ്ങളെല്ലാം പഴമ വിളിച്ചുപറയുന്നവയാണ്. ചെറുമി പുല്ലരിയുമ്പോൾ രക്തം കണ്ട കഥ

ഇവിടേയുമുണ്ട്. കുറുവ മനയിലെ കാരണവ രാണ് പ്രതിഷ്ഠിച്ച് ക്ഷേത്രമുണ്ടാക്കിയത്. അവരാണ് ഊരാളർ, 1987ലാണ് ക്ഷേത്രക്കമ്മി റ്റി രൂപീകരിച്ചത്. സ്വയംഭൂലിംഗം 30 സെമീ. ഗണപതി 15 സെമീ , സുബ്രഹ്മണ്യൻ ഉരുണ്ട ശിലാലിംഗം 7 സെമീ ഭഗവതി ഗോളക 5 സെമീ ,അയ്യപ്പൻ ലിംഗം 15 സെമീ ബ്രഹ്മര ക്ഷസ്സ് ഉരുണ്ട ശില 15 സെമീ. നാഗങ്ങൾ ഓരോന്നും 15 സെമീ വീതം. തന്ത്രി രാമപു രത്തെ കുട്ടല്ലൂർ മന.

22. *മഹാദേവൻ പുഴക്കാട്ടിരി. പഴയതാണ്. പുഴക്കാട്ടിരി അകായിൽ കുടുംബത്തിന്റെ വക. 1962ൽ സമിതി ഉണ്ടാക്കി, 15 അംഗ സമിതിയാണ്. 60 സെമീ ശിവലിംഗം. രാവി ലെ സൌമ്യം ഉച്ചക്ക് ഉഗ്രം രാത്രി പാർവ്വതീ സമേതം ഇങ്ങനെയാണ് സങ്കൽപ്പം. ഇരിക്കുന്ന ഗണപതി 27 സെമീ. വേട്ടേക്കരൻ 27 സെമീ അയ്യപ്പൻ 27 സെമീ. വേട്ടേക്കരനും അയ്യപ്പ നും ലിംഗമാണ്. നിൽക്കുന്ന മഹാവിഷ്ണു 175 സെമീ . കണ്ണാടിഭഗവതി 71 യവം. വീര ഭദ്രൻ ലിംഗം 71 യവം. തന്ത്രി രാമപുരം കുട്ടനല്ലൂർ മന.*

23. *രാമപുരം രാമസ്വാമി. പുഴക്കാട്ടിരി. 11ആം നൂറ്റാണ്ടിലെ ക്ഷേത്രം. നേപ്പാളിലേക്ക് തീർത്ഥയാത്ര പോയ തമിഴ് ബ്രാഹ്മണർ ഗണ്ഡ കീനദീതീരത്തുവെച്ച് അവിടത്തെ രാജാവിനെ കണ്ടു. രാജാവ് ഗണ്ഡകിയിൽ മുങ്ങി ഒരു സാളഗ്രാമമെടുത്ത് ബ്രാഹ്മണർക്ക് സമ്മാനിച്ചു.*

വീട്ടിലെത്തുംവരെ നേദിക്കയോ പൂജിക്കയോ ചെയ്യരുതെന്ന് പറഞ്ഞു. . നേദിച്ചാൽ അവിടെ ഉറയ്ക്കും . ആനലൂർ മനയിൽ വിശ്രമിച്ച ബ്രാഹ്മണർ കഥ മനയിലുള്ള കാരണവരോട് പറഞ്ഞു. കാരണവരുടെ കയ്യിൽ തന്റെ ഭാ ണ്ഡം സൂക്ഷിക്കാനേൽപ്പിച്ചു. എല്ലാം മറഞ്ഞു നിന്ന് കേട്ട അന്തർജ്ജനം പാൽ നിവേദിച്ചു പിറ്റേന്ന് രാവിലെ ഉണർന്ന് നോക്കിയ ബ്രാ ഹ്മണൻ ഭാണ്ഡത്തിൽ സാളഗ്രാമം കണ്ടില്ല. കാരണവർക്ക് സ്വപ്നദർശനം ഉണ്ടായി, കാട്ടിൽ പശു പ്രസവിച്ച സ്ഥലത്ത് സാളഗ്രാമം പ്രതിഷ്ഠിക്കണം എന്ന്. അപ്പംകുളം മനയുടെ നരസിംഹസ്വാമിക്ഷേത്രത്തിനു വടക്കുഭാഗത്തു ള്ള കാട്ടിലാണ് പശു പ്രസവിച്ച കാഴ്ച കണ്ടത്. അവിടെ പ്രതിഷ്ഠിച്ചു. 1020 കൊല്ല വർഷത്തിലാണ് മേഴത്തൂർ മനയുടെ വെള്ളി യാങ്കല്ലിൽനിന്ന് ശിലയെടുത്ത് ശ്രീരാമവിഗ്രഹം ഉണ്ടാക്കി, സാളഗ്രാമം വെച്ച പീഠത്തിനരികെ പ്രതിഷ്ഠിച്ചത്. പിന്നീട് 2 കിമീ ചുറ്റളവിന കത്ത് 3 ക്ഷേത്രം ഉണ്ടായി. 1, ലക്ഷ്മണൻ പുറക്കാട്ടിരി വണങ്കാങ്കര മേലേപ്പാട്ട് പട്ടേരി പ്രതിഷ്ഠിച്ചത്. 2. ഭരതൻ. വട്ടല്ലൂർ ചോവാന. 3. ശത്രുഘ്നൻ പുറക്കാട്ടിരി നാറാണത്ത് തെക്കേടത്ത് മന. ഇവയെല്ലാം ടിപ്പു ആക്രമി ച്ചു. ശ്രീരാമക്ഷേത്രം ഭാഗികമായും ഭരതക്ഷേ ത്രം പൂർണ്ണമായും നശിപ്പിച്ചു. ഭരതക്ഷേത്രം ഇല്ലാതായി. 1923ൽ രാമക്ഷേത്രം പുനർനി ർമ്മിച്ചു. ആരായിരിക്കണം തമിഴ് ബ്രാഹ്മണന്

ആദ്യമായി സാളഗ്രാമം കൊടുത്ത നേപ്പാളിലെ രാജാവ്. പടിഞ്ഞാറൻ ചാലൂക്യവിക്രമാദിത്യൻ ആറാമന്റെ കാലത്ത് (1076 മുതൽ) അദ്ദേഹത്തിന്റെ സൈന്യാധിപനായ നന്നിദേവൻ (നാന്യദേവൻ) നേപ്പാളിൽ (മിഥില) രാജവംശം സ്ഥാപിച്ചിട്ടുണ്ട്. 11ആംനൂറ്റാണ്ടിൽ കേരളവും കർണ്ണാടകവുമായി ബന്ധപ്പെട്ട കന്നഡ വംശരാജാവ് അദ്ദേഹമാവണം സാളഗ്രാമം കൊടുത്തതെന്ന് ഞാൻ വിചാരിക്കുന്നു. 1982 ൽ ക്ഷേത്രത്തിന് രണ്ട് ഊരാളരുണ്ട്.ആനല്ലൂർ തെക്കേടത്ത്, ആനല്ലൂർ വടക്കേടത്ത്. പിന്നീട് ട്രസ്റ്റിബോഡ് എടുത്തു. 105 സെമീ രാമൻ ചതുർഭുജവിഷ്ണുവാണ്. രാവിലെ സീതയെ പിരിഞ്ഞവനും വൈകുന്നേരം സീതാസമേതനുമായി സങ്കൽപ്പംപാർവ്വതിയും ദുർഗ്ഗയും കണ്ണാടിബിംബം 30 സെമീ വീതം. ഇരിക്കുന്ന ഗണപതി 30 സെമീ. നിൽക്കുന്ന അയ്യപ്പൻ 27 സെമീ. ശിവലിംഗം 27സെമീ. വിഷ്ണുവിന് ഒരു സങ്കൽപ്പപ്രതിഷ്ഠ 30 സെമീ ശിലയുണ്ട്. പ്രതിഷ്ഠിച്ചത് ആനല്ലൂർ മന. ഇപ്പോൾ തന്ത്രി തരണനല്ലൂരാണ്.

24. പനങ്ങാങ്ങര ശിവക്ഷേത്രം പുഴക്കാട്ടിരി. 16ആം നൂറ്റാണ്ടിലെ ക്ഷേത്രം. മൂന്നുമനക്കാരുടെയായിരുന്നു. കുട്ടല്ലൂർ, കരിഞ്ഞേഴി, ഏർണ്ണൂർ. പിന്നീട് കുട്ടല്ലൂരു മാത്രം കാര്യം നോക്കാന് തുടങ്ങി. ടിപ്പുവിന് ശേഷം പൂജ മുടങ്ങി. ഊരാളരുടെ സ്വത്ത് നശിച്ചതിനാൽ അവർക്ക് ക്ഷേത്രം പുനരുദ്ധരിക്കാനായില്ല.

വട്ടശ്രീകോവിലാണ് ദ്വിതലം.. കിഴക്കഭിമുഖം. നാലമ്പലത്തിന്റെ തെക്കുപടിഞ്ഞാറ് ഉപദേവ താക്ഷേത്രത്തിൽ കിഴക്കഭിമുഖമായി 3 വിഗ്ര ഹം. ഗണപതി, ദക്ഷിണാമൂർത്തി, സുബ്രഹ്മ ണ്യൻ. വടക്കുകിഴക്ക് പടിഞ്ഞാട്ട് അഭിമുഖ മായി തിരുമാന്ധാംകുന്നിലമ്മ. വടക്കുപടി ഞ്ഞാറ് ഒരേ പീഠത്തിൽ ശാസ്താപ്രഭസാത്യ കർ. അതിനു വടക്ക് ഭഗവതി. ശിവന് മുന്നി ലായി ജലദൃഷ്ടിയായിട്ടാണ് ക്ഷേത്രക്കുളം.ശിവ ലിംഗം 45 സെമീ ഇരിക്കുന്ന ഗണപതി 30 സെമീ . ദക്ഷിണാമൂർത്തിലിംഗം 30 സെമീ. ശാസ്താക്ഷേത്രത്തിലെ മൂന്നു ലിംഗവും 30 സെമീ വീതം. ഭഗവതി 27 സെമീ ലിംഗം. തിരുമാന്ധാംകുന്നിലമ്മക്ക് പീഠസങ്കൽപ്പം മാത്രം. ഇപ്പോൾ തന്ത്രി തരണനല്ലൂരാണ്.

25. ചിരട്ടമൺ ധന്വന്തരി. ആലിക്കൽമണ്ണ അങ്ങാടിപ്പുറം. വലമ്പൂർഗ്രാമം. പന്തലക്കോട്ട് മനയിലെ ഒരു കുട്ടിക്ക് എന്തോ ഭയങ്കരമായ ദീനം വന്നു. ആലത്തൂർ നമ്പിയെ കൊണ്ടുവ ന്നു ഔഷധം കൊടുത്ത് കാരണവരോട് ധന്വന്തരിയെ പ്രാർത്ഥിക്കാൻ പറഞ്ഞു..ദീനം ഭേദമായി. മാത്രമല്ല, രോഗശമനസിദ്ധി അദ്ദേ ഹത്തിനും കൈവന്നു. ആലത്തൂർ നമ്പി അവിടെ ധന്വന്തരീക്ഷേത്രം പണിതു. ഈ മനക്ക് തിരുമാന്ധാംകുന്നിലും താന്ത്രികപദ വിയുണ്ട്. ഇവിടത്തെ പുരുഷപ്രജകളെല്ലാം പ്രസിദ്ധരായ ആയുർവ്വേദവൈദ്യരായി. ഈ പ്രദേശം മങ്കട കോവിലകത്തിന്റേതായിരുന്നു. അവരാണ് പന്തലക്കോട് മനയെ ഏൽപ്പിച്ചത്. നിൽക്കുന്ന ധന്വന്തരിക്ക് 30 സെമീ ചതുർഭു

ജം. കഴുത്തും കടിഭാഗവും കയ്യും മുറിച്ചിരിക്കുന്നു. എന്നാലും വിഗ്രഹം മാറ്ററുതെന്ന് ദേവപ്രശ്നം കണ്ടു. ഗണപതി,ശാസ്താ,ഭഗവതി, ബ്രഹ്മരക്ഷസ്സ് 15 സെമീ വീതം. ശിലാലിംഗങ്ങളാണ്. തിരുമാന്ധാംകുന്നിലമ്മക്ക് പീഠപ്രതിഷ്ഠ. തന്ത്രി പന്തലക്കോട്ട്.

26. എടത്തുപുറത്ത് പൂന്താനം കൃഷ്ണക്ഷേത്രം വലമ്പൂർ അങ്ങാടിപ്പുറം. അടുത്ത് നമ്പിപ്പാലം തോട്. പൂന്താനം കാലം (1547-1640) അദ്ദേഹം ജനിച്ചത് കീഴാറ്റൂർ ഗ്രാമത്തിലാണ്. എല്ലാ മലയാളമാസവും അവസാനദിനം തിങ്കൾഭജനത്തിന് ഗുരുവായൂരിൽ പോയിരുന്നു.അടുത്തമാസം 1നു കൂടി ഭജിച്ചേ മടങ്ങൂ.

1635 വരെ ഇത് തുടർന്നു. അന്ന് പോകുംവഴി തലചുറ്റി ബോധംകെട്ട് വീണു. നിന്റെ ഇടത്തു വശത്ത് എന്റെ സാന്നിദ്ധ്യം ഉണ്ടെന്ന് അശരീരി കേട്ടു. (എടത്തുപുറം) അവിടെ ഗുരുവായൂരപ്പനെ കണ്ടു. ക്ഷേത്രം പണിതത് അങ്ങനെയാണ്. സ്വപ്നത്തിൽ ഭഗവാൻ വന്ന് എടത്തുപുറത്തിനു വടക്ക് പഴയ ജീർണ്ണിച്ച ക്ഷേത്രമുണ്ടെന്നും ആ ക്ഷേത്രത്തിലെ വിഗ്രഹം ഇവിടെ പ്രതഷ്ഠിക്ക ണമെന്നും പറഞ്ഞതിനാൽ പഴയ വിഗ്രഹം ഇവി ടെ പ്രതിഷ്ഠിച്ചു.1636 മകരം 11നാണ് ഇത് പ്രതി ഷ്ഠിച്ചത്. 93ആം വയസ്സിലാണ് അന്തരിച്ചത്. 1763 ൽ ക്ഷേത്രം നശിപ്പിക്കപ്പെട്ടു. 1970ൽ വേങ്ങര നടു വിലേടത്ത് ഇല്ലത്തിൽനിന്ന് സമിതി ഏറ്റെടുത്തു.

കൃഷ്ണൻ നിൽക്കുന്ന വിഗ്രഹം 67 സെമീ. ചതുർഭുജം. ഗണപതി ഇരിക്കുന്നു 30 സെമീ. ശാസ്താ പ്രഭസാത്യകശിലാലിംഗങ്ങള് 27, 21, 17 സെമീ വീതം. തന്ത്രി അണ്ടലാടിമന.

27. ശിവക്ഷേത്രം തിരൂർക്കാട്ട്.പഴയത്. സ്വയംഭൂ. ധ്യാനിച്ചിരുന്ന ഋഷിക്ക് പ്രത്യക്ഷമായി. കുട്ടാത്ത് ഇല്ലത്തിന്റെയായിരുന്നു അവർക്ക്പ്രജകളില്ലാതെ ക്ഷേത്രം നാശോന്മുഖമായി.സ്വയംഭൂലിംഗം 27 സെമീ. പാർവ്വതിയെ പ്രേമിക്കുന്ന ശിവസങ്കൽപ്പമാണ്. ഇത് വളരെ അപൂർവ്വസങ്കൽപ്പമാണ്. അകത്തെ ബലിവട്ടത്തിലെ ഉപദേവതാക്ഷേത്രത്തിൽ മൂന്ന് വിഗ്രഹം. ഗണപതി 45 സെമീ ഇരിക്കുന്നു, ഭഗവതി 27 സെമീ നിൽക്കുന്നു, നാഗരാജാവും നാഗയക്ഷിയും. ചുറ്റമ്പലത്തിനു പുറത്തെ ഉപദേവതാക്ഷേത്രത്തിൽ മൂന്ന് വിഗ്രഹം. നാഗർ 27 സെമീ, അയ്യപ്പലിംഗം 7 സെ മീ, ഭഗവതി 9 സെമീ ഒറ്റ പീഠത്തിലാണ്. കൂടാതെ, നിൽക്കുന്ന മുരുകൻ 57 സെമീ, വടക്കുപടിഞ്ഞാറ് കിഴക്കോട്ട് അഭിമുഖം, നിൽക്കുന്ന വിഷ്ണു 60 സെമീ വടക്കുപടിഞ്ഞാറ് കിഴക്കോട്ട് അഭിമുഖം ഇവരുമുണ്ട്. ഇപ്പോൾ തന്ത്രി ഇല്ല.

28. രാവരമണ്ണ ശിവൻ. അങ്ങാടിപ്പുറം. വടക്കുഭാഗത്ത് നീലേശ്വരം പുഴ. 11ആം നൂറ്റാണ്ടിലെ ക്ഷേത്രം. കർക്കിടകവാവിന് പിതൃതർപ്പണത്തിന് പ്രധാനം. ആദ്യം വള്ളുവനാട്ട് രാജാവിന്റെ ക്ഷേത്രമായിരുന്നു. പിന്നീട് വാരിയർ കുടുംബത്തിന് കൊടുത്തു. 1993ൽ സമിതി എടുത്തു. സ്വയംഭൂ ശിവലിംഗം 30 സെ

മീ. ഇരിക്കുന്ന ഗണപതി 30 സെമീ. ശാസ്താ പ്രഭസാത്യക 27, 27, 15 സെമീ വീതം. ബ്രഹ്മ രക്ഷസ്സ് 27 സെമീ ലിംഗം. തന്ത്രി പന്തലക്കോട്ട് മന.

29. തിരുമാന്ധാംകുന്ന് ഭഗവതി. അങ്ങാടിപ്പുറം. വളരെ പുരാതനം. പഴയ പേർ വെള്ളാട്ട് അങ്ങാടി. (വള്ളുവനാട്ട് അങ്ങാടി ലോപിച്ചത്). വല്ലളുവക്കോനാതിരിയുടെ പഴയസ്ഥാന മായിരുന്നു. വടക്കു വശം പാറക്കടവ് പുഴ. 100കോല് ഉയരമുള്ള (72 മീ) കുന്നിന്മേലാണ് ക്ഷേത്രം. പണ്ട് തട്ടകം 125 ഏക്കർ ചുറ്റളവായിരുന്നു. ഇപ്പോൾ 14 ഏക്കർ മാത്രം. പഴയ രേഖകളിൽ തിരുമാത്താംകുന്ന് , മാതാംകുന്ന് അഥവാ മാതാവിന്റെ അമ്മയുടെ കുന്ന് എന്ന് കാണുന്നു. എന്നാൽ കൃതയുഗത്തിലെ സൂര്യ വംശി മാന്ധാതാവുമായി ബന്ധപ്പെട്ടാണ് ഐതിഹ്യം. അദ്ദേഹം കൈലാസത്തിൽ ശിവനെ പ്രീതനാക്കി ശ്രീപാർവ്വതി പൂജിച്ചിരുന്ന ആത്മലിംഗം അമ്മ, അറിയാതെ ശിവനിൽനിന്ന് നേടി. പാർവ്വതി അത് തിരിച്ചുകിട്ടാനായി ഭദ്രകാളിയെ അയച്ചു. മാന്ധാതാവിന്റെ ശിഷ്യന്മാരും ഭദ്രകാളിയും കുന്നിന്മേൽ വെച്ച് യുദ്ധം ചെയ്തു. മാന്ധാതാമഹർഷിയുടെ ശിഷ്യർ കയ്പ്പുള്ള ആട്ടങ്ങ എറിഞ്ഞാണ് യുദ്ധം ചെയ്തത്. മാന്ധാതാവിന്റെ വരബലം കൊണ്ട് അവ അസ്ത്രങ്ങളായി മാറി. ഭദ്രകാളി കുന്നിൻ മുകളിലെത്തി, വിഗ്രഹം എടുക്കാൻ തുടങ്ങി. അപ്പോളത് കഷ്ണം കഷ്ണമായി. അതിൽനിന്ന് ശിവനും പാർവ്വതിയും ഉണ്ണിഗണപതിയും പ്രത്യക്ഷമായി.

മാന്ധാതാവിനെ അനുഗ്രഹിച്ച് പാർവ്വതി വിഗ്രഹം എടുത്തോളാനും ഭദ്രകാളിയെ പൂജിച്ച് ആദരിക്കാനും പറഞ്ഞു. ശ്രീമൂലസ്ഥാനത്ത് ആ പൊട്ടിയ ശിവലിംഗം ഇപ്പോഴും കാണാം. ഉണ്ണിഗണപതിയുടെ ചെറിയ വിഗ്രഹം പിന്നീട് മൂലസ്ഥാനത്ത് പ്രതിഷ്ഠിച്ചു. *വടക്കോട്ട് അഭിമുഖമായ മാതൃശാലയിൽ വടക്കോട്ട് അഭിമുഖമായി കിഴക്ക് ഭാഗത്ത് ഭദ്രകാളിയും , പടിഞ്ഞാറ് ഒറ്റ മാതൃശിലയിൽ സപ്തമാതൃക്കളും പടിഞ്ഞാട്ട് അഭിമുഖമായി വീരഭദ്രനും കിഴക്കോട്ട് അഭിമുഖമായി ഗണപതിയുമുണ്ട്. മാന്ധാതാവ് സമാധികാലത്ത് കുക്ഷിപ്പാറ എന്ന കാട്ടിൽ കടന്നാണ് സമാധി പ്രാപിച്ചത്. മലയാളബ്രാഹ്മണരെ ക്ഷേത്രം ഏൽപ്പിച്ചാണ് പോയത്. കാട്ടിലാമുറ്റം പന്തലക്കോട് എന്ന ഈ ബ്രാഹ്മണഗൃഹങ്ങളിലെ മൂത്ത ആളാണ് തന്ത്രി. അവരുടെ നിർദ്ദേശപ്രകാരം വള്ളുവനാട്ട് രാജാവ് ഇവിടെ സന്ദർശിക്കയും പരിപാലിക്കയും ചെയ്യുന്നു. വല്ലഭക്ഷോണി എന്നാണ് അദ്ദേഹത്തിൻ നാടായ ഈ പ്രദേശത്തിനുപേർ ഒരിക്കൽ അദ്ദേഹം സന്ദർശിച്ച സമയത്ത് ദുർഗ്ഗ എഴുന്നേറ്റ് ആദരിച്ചു. ഇത് ഉണ്ടായത് ചമ്പകദേശേ രമ്യെ എന്ന കലിവർഷത്തിലാണ് 343 എഡിയാണ്. ഞാൻ അവിടുത്തെ മകനാണ്, രാജാവല്ല എന്ന് അദ്ദേഹം പറഞ്ഞു. അതിന്നുശേഷം ആനയെ നടക്കിരുത്തി അതിന്റെ ഛായയിൽ നിന്നേ വണങ്ങാറുള്ളു. ഈ ചടങ്ങ് വള്ളുവനാട്ട് രാജാക്കന്മാർ തുടർന്നുപോന്നു.*

അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന്

തിരുമാന്ധാംകുന്ന്
മൂലസ്ഥാനം


തിരുമാന്ധാംകുന്ന്

Dr Suvarna Nalapat

Idol of Vethalam
Thirumandhamkunnu


mnants of the granary

ഒരിക്കൽ ചെറുമി കാടുവെട്ടുമ്പോൾ ശിലയിൽ കണ്ട രക്തം ആലത്തൂർ നമ്പി നിർത്തി. അവരാണ് പന്തലിട്ടത്. കാട്ടിലാമുറ്റം തന്നെയാണ് പന്തലിട്ടശേഷം പന്തലക്കോട് ആയതെന്നും അഭിപ്രായമുണ്ട്. പിന്നീട് വെള്ളാട്ട് സ്വരൂപത്തിന്റെ പെരുമാറ്റ

ത്തിൽ അപ്രീതി തോന്നി ആലത്തൂർ നമ്പി ക്ഷേത്ര സ്വത്ത് ഉപേക്ഷിച്ചുപോയി. എട്ടുവീട്ടിൽ അച്ചന്മാരെന്ന വൈശ്യരെ ഭരണം ഏൽപ്പിച്ചു. ഇവർ ചോളമണ്ഡലത്തിലെ മരുള്ളോത്ത്മംഗലത്തുകാരായിരുന്നു. അവരുടെ പരദേവത ഭദ്രകാളിയെ ഇവിടത്തെ കളരിദേവതയായി പ്രതിഷ്ഠിച്ചു. ടിപ്പുവിന്റെ കാലത്ത് കുറച്ച് കാലം തിടമ്പ് തിരുവനന്തപുരത്തെ കൂവക്കര (കൂർക്കര) മഠത്തിൽ സൂക്ഷിച്ചിരുന്നു.

4.30നുള്ള തിരിഞ്ഞ പന്തീരടിപ്പൂജ സാമൂതിരി വള്ളുവക്കോനാതിരിയുടെ ദേവിയുടെ ശക്തി പരീക്ഷിച്ചതിനെ തുടർന്ന് ആരംഭിച്ചതാണ്. സാമൂതിരിയുടെ ഒരു ഭാര്യ ഇവിടത്തുകാരിയായിരുന്നു. അവരുടെ കളംപാട്ടും കോഴിക്കോട്ട് തളിയിൽ കളഭാഭിഷേകവും കഴിക്കണമെന്ന് കുലപരദേവതയായതിനാൽ അവർ ആഗ്രഹിച്ചു. വേണമെങ്കിൽ ദേവി കോഴിക്കോട്ടെ കോവിലകത്തേക്ക് സ്വയം വന്ന് വഴിപാട് സ്വീകരിച്ചോട്ടെ എന്ന് സാമൂതിരി പറഞ്ഞു. അന്ന് രാത്രി തന്ത്രിക്കും ഊരാളർക്കും തിരിഞ്ര് പന്തീരടിക്ക് (5 നാഴിക സൂര്യാസ്തമയത്തിനു മുമ്പ്) പൂജ കഴിക്കാനാവശ്യപ്പെട്ടു. ഈ അസമയത്ത് കോമരം തുള്ളി കളംപാട്ടിന്റെ ഭാഗം ചോദിക്കാൻ കോഴിക്കോട്ടേക്ക് പുറപ്പെട്ടു. സാമൂതിരി പേടിച്ച് ഉടനെ വഴിപാട് കൊടുത്തു. പ്രായശ്ചിത്തമായി തിരിഞ്ഞ പന്തീരടിപ്പൂജ നടത്താനും നിശ്ചയിച്ചു. തളിക്ഷേത്രത്തിൽ തെക്കേ വലിയമ്പലത്തിൽ ദേവിയെ പ്രതിഷ്ഠിക്കയും ചെയ്തു.

തിരുവളയനാട് ഭഗവതി കൊമ്മേരി. തിരുമാന്ധാംകുന്നിലമ്മയാണ് ശിവനും മാതൃക്കളും ക്ഷേത്രപാ

ലനും അടക്കം ഉള്ള ലേ ഒട്ട് ഒരേ പോലെയാണ്. ഇതേ ദേവിയെ പ്രതിഷ്ഠിച്ച മറ്റ് ക്ഷേത്രങ്ങളിൽ കോങ്ങാട്ട്, കടമ്പഴിപ്പുറം, പാലക്കാട് ഇവ ഉണ്ട്. ടിപ്പു ആക്രമിച്ചിട്ടുണ്ട്. 1836, 1863, 1921 എന്നീ വർഷങ്ങളിൽ ഇവിടെ ലഹള ഉണ്ടായിട്ടുണ്ട്. ക്ഷേത്രനടത്തിപ്പിന് ഇത് തടസ്സമായി. വള്ളുവനാട്ടെ നാലുകോവിലകത്തെ മൂത്ത കാരണവരാണ് ട്രസ്റ്റി യായി കാര്യം നടത്തിയിരുന്നത്. (മങ്കട, ആയിരനാഴി, കടന്നമണ്ണ, അരിപ്ര)

പൂന്താനം ഇവിടെ ഭജിച്ച് വസൂരി വന്ന കാലത്ത് ഘനസംഘമിടയുന്ന തനുകാന്തി എന്ന കീർത്തനം രചിച്ചിട്ടുണ്ട്. (ഇത് മൂക്കോലയിലാണ് എന്നും അഭിപ്രായമുണ്ട്) ഭൂപാളത്തോട് ശങ്കരാഭരണം ചേർത്ത് സോപാനസംഗീതമായി ത്രിപുട, ആദി താളങ്ങളിൽ പാടിവരുന്നു. തട്ടകത്തിന് 11 ദേശത്തി ല് 125 ഏക്കർ ഭൂമിയുണ്ടായിരുന്നു. ശിവപാർവ്വ തീസങ്കൽപ്പ. പ്രതിഷ്ഠക്കും ഉണ്ണിഗണപതിക്കും ഇ ടയില് രണ്ട് കിളിവാതിലിന് നടുവിലായി എപ്പോ ഴും അടഞ്ഞുകിടക്കുന്ന ഒരു വാതിലുണ്ട്1959നു ശേ ഷം മൂലസ്ഥാനത്തിനു വടക്കുപടിഞ്ഞാറ് മാന്ധാതാ വിനെ പ്രതിഷ്ഠിച്ചിട്ടുണ്ട്. തെക്കെ ധ്വജം എഡി 975ൽ പ്രതിഷ്ഠിച്ചതാണ്, വടക്കേ നട പുഴയിലേ ക്കാണ്. കരിങ്കല്ലുപാലത്തിലൂടെ പുഴക്കക്കരെയുള്ള വയലിലേക്ക് എത്താം. ഭൂതഗണം ഒറ്റ രാത്രി കൊ ണ്ട് പണിതതാണ് പാലമെന്നാണ് സങ്കൽപ്പം. വട ക്കേ മണ്ഡപത്തിൽ രാമായണകഥ ശിൽപ്പമായി കൊത്തിവെച്ചിട്ടുണ്ട്. നമസ്കാരമണ്ഡപത്തിൽ നവ ഗ്രഹങ്ങളും പാലാഴിമഥനവും. കിഴക്കേ അഗ്രമണ്ഡ പത്തിലും നവഗ്രഹം, ദശാവതാരം, ഇവ ഉണ്ട്. മാതൃശാലയിലെ മ്യൂറലുകളില് മാന്ധാതാകഥ ഉണ്ട്.

ഭഗവതിയും ക്ഷേത്രപാലനും ദാരുശിലപ്പമാണ്. ഭദ്ര കാളി പ്ലാവുകൊണ്ടുള്ള ദാരുശിൽപ്പം. 1.8 മീറ്ററു ണ്ട്. ഉയരം കൂടിയ വിഗ്രഹമാണ്. രുരുജിത്ത് വിധാനത്തിൽ ഉഗ്രഭാവത്തിൽ ഇരിക്കുന്ന വിഗ്രഹം . ഇടത്തുകാൽ മടക്കി, വലത്തുകാൽ തൂക്കിയിട്ട് അഷ്ടഭുജങ്ങളോടെ, വാൾ,ത്രിശൂലം, സർപ്പം, ഖഡ്ഗം ഗം, ദാരികശിരസ്സ്, പരിച, മണി, വട്ടക ധരിച്ചിട്ടു ണ്ട്. അഭിഷേകം മുന്നിലെ ശിലമേലാണ്. അതിന്നു മുന്നിലായി 30 സെമീ പഞ്ചലോഹവിഗ്രഹമുണ്ട്. ശിവലിംഗം 45 സെമീ, ക്ഷേത്രപാലൻ ഇരിക്കുന്ന 1.8 മീ വിഗ്രഹം, മാന്ധാതാവ് ശില 30 സെമീ, ശ്രീമൂലസ്ഥാനം ശിലാലിംഗം 3 സെമീ, ഇരിക്കുന്ന ഉണ്ണിഗണപതി 11 സെമീ, നാഗങ്ങൾ 37 സെമീ വീതം, ബ്രഹ്മരക്ഷസ്സ് ശിലാവിഗ്രഹം 30 സെമീ. തന്ത്രിമാർ കട്ടിലാമിറ്റവും പന്തലക്കോട്ടും.

Dr Suvarna Nalapat

30. അങ്ങാടിപ്പുറം തളി ശിവക്ഷേത്രം.

പരശുരാമപ്രതിഷ്ഠ. 108 ശിവക്ഷേത്രങ്ങളിലൊ ന്ന്. കലിയുഗാദിയിൽ കാട്ടിലെ ശിവലിംഗം പുല്ലരിയുന്ന ചെറുമി കണ്ട് വള്ളുവക്കോനാ തിരിയെ അറിയിച്ചു. വള്ളുവക്കോനാതിരി യുടെ ക്ഷേത്രം പിന്നെ സാമൂതിരിയുടേതായി. ടിപ്പുവിന്റെ കാലത്ത് നശിപ്പിച്ചു. മലബാർ ലഹളക്കാലത്തും ഇവിടെ നാശമുണ്ടായി. 1968ൽ മലബാർ ക്ഷേത്രസംരക്ഷണസമിതി കെ കേളപ്പന്റെ നേതൃതവത്തിൽ ക്ഷേത്രം പുനരുദ്ധ രിക്കാനായി ആരംഭിച്ചു. സെക്ഷൻ 144 ഭേദി ച്ച് ഭജന നടത്തി. 1968 നവംബർ 17ന് അറസ്റ്റ് വരിച്ചു. പിറ്റേന്നും ഇത് ആവർത്തിച്ചു. ഗവർമ്മെണ്ട് പുരാവസ്തുവകുപ്പിനോട് വിഗ്ര

ഹം തിരുവനന്തപുരത്തേക്ക് മാറ്റാൻ ഉത്തര വിട്ടു.അത് നടന്നില്ല. ലീലാ ദാമോദരമേനോൻ അറസ്റ്റ് വരിച്ചു. കേളപ്പൻ ജയിലിൽകിടന്ന് മരണം വരെ ഉപവാസം പ്രഖ്യാപിച്ചു. 25 നവംബർ 1968ന് പൂജ നടത്താൻ ഭക്തരെ അനുവദിച്ചു. 1970ൻ കേളപ്പൻ അന്തരിച്ചു. 1971ൽ ട്രസ്റ്റ് രൂപീകരിച്ചു. ഇപ്പോളുള്ളത് അപ്രകാരം പുനരുദ്ധരിച്ച ക്ഷേത്രമാണ്. തന്ത്രി പട്ടാമ്പിയിലെ അണ്ടലാടി

31. പെരിന്തൽമണ്ണ ശിവക്ഷേത്രം വളരെ പഴ യത്. യോഗേശ്വരപ്രതിഷ്ഠ. കാട്ടിൽ തപസ്സു ചെയ്യുന്ന യോഗിക്ക് ശിവദർശനം കിട്ടി. പിന്നീട് ഉഡുവേളിമന ഭരണം ഏറ്റെടുത്തു. ടിപ്പു നശിപ്പിച്ചു. 1973ൽ കമ്മിറ്റി രൂപീ കരിച്ചു. ശിവലിംഗം അർദ്ധനാരീശ്വരസങ്കൽപ്പ മാണ്. ഇരിക്കുന്ന ഗണപതി 10 സെമീ, അയ്യ പ്പലിംഗം 15 സെമീ, നിൽക്കുന്ന കൃഷ്ണനും വിഷ്ണുവും 60 സെമീ വീതം, യോഗീശ്വരൻ 27 സെമീ നാഗങ്ങൾ 27 സെ മീ വീതം. തന്ത്രി വലംപൂരിലെ പന്തലക്കോട്ട് മന.

32. വെള്ളാട്ട്പുത്തൂർ ശിവൻ പെരിന്തൽമണ്ണ. പുരാതനം. കാടായിരുന്നു. തപസ്സു ചെയ്യുന്ന ഋഷിക്ക് ശിവചൈതന്യം അനുഭവമായി പ്ര കാശവലയം നോക്കി പ്രതിഷ്ഠ നടത്തി. ടി പ്പുവിന്റെ കാലത്ത് നശിപ്പിച്ചു. ബ്രാഹ്മണരെ ല്ലാം ഓടിപ്പോയി. താനൂരിലെ പരിയാപുരം ത്തെ തൃക്കൈക്കാട്ട് മഠം ഏറ്റെടുത്തു. .1977ൽ സമിതി വന്നു. 1980ൽ നവീകരണകലശം നട ത്തി. ശിവപാർവ്വതീസങ്കൽപ്പത്തിലുള്ള ശിവ

ലിംഗം 37 സെമീ, ഇരിക്കുന്ന ഗണപതി 30 സെമീ, നിൽക്കുന്ന സുബ്രഹ്മണ്യൻ 27 സെമീ, ദക്ഷിണാമൂർത്തിലിംഗം 27 സെമീ, കിരാതമൂർത്തി കണ്ണാടി 30 സെമീ, നിൽക്കുന്ന വേണുഗോപാലമൂർത്തി 75 സെമീ , ശാസ്താവ് 23 സെമീ ,നാഗങ്ങൾ 15 സെമീ വീതം. തന്ത്രി നാരായണമംഗലം വള്ളിക്കാപട്ട.

33. എരവിമംഗലം സുബ്രഹ്മണ്യസ്വാമി പെരിന്തലമണ്ണ.

വളരെ പുരാതനം പരശുരാമപ്രതിഷ്ഠ. കിഴക്ക് അഭിമുഖമായി 3 ക്ഷേത്രമുണ്ട്. തെക്ക് ശിവനും നടുക്ക് ബാലസുബ്രഹ്മണ്യനും വടക്ക് മഹാവിഷ്ണുവുമാണ്. മൈസൂർ ആക്രമണകാലത്ത് മറ്റൊരു ക്ഷേത്രത്തിലെ സുബ്രഹ്മണ്യവിഗ്രഹം ഇവിടെ സുരക്ഷക്കായി കൊണ്ടുവന്ന് വെച്ചു. 3 ഊരാളന്മാരുടെ ട്രസ്റ്റി ബോഡ് 1956ൽ രൂപീകരിച്ചു. പെരുമണ്ണ ,പാ

ലുള്ളി മുണ്ടേക്കാട്ട് മന ഇവരാണ് ഊരാളർ. അഭയവരദമുദ്രയോടെ നിൽക്കുന്ന ബാലസു ബ്രഹ്മണ്യന് 1.8 സെമീ ഉയരം. ശിവലിംഗം 60 സെമീ. വിഷ്ണു 1.2 മീ ചതുർഭുജം. ദ്വിതലം ചതുരശ്രീകോവിലാണ്. ഉപദേവതയായ ബാല സുബ്രഹ്മണ്യൻ (വേലായുധസ്വാമി) കൊണ്ടു വന്ന് വെച്ചതാണ്. അത് പടിഞ്ഞാട്ട് അഭിമു ഖം. ചതുരഏകതലശ്രീകോവിൽ. 1.5 മീ ഉയ രം. ഇടകൈ കടിഹസ്തം വലംകൈ വേൽ. നിൽക്കുന്ന അയ്യപ്പൻ 37 സെമീ, കണ്ണ്ടി ഭഗ വതി 45 സെമീ വേട്ടേക്കരലിംഗം 27 സെമീ, ബ്രഹ്മരക്ഷസ്സ് ലിംഗം 30 സെമീ, കൃഷ്ണകു ക്ഷി 27 സെമീ. തന്ത്രി പട്ടാമ്പി കോഴിക്കാട്ടിരി ശ്രീധരൻ ചുമരത്ത് മന..

34. നീർപുത്തൂർ ശിവൻ അരക്കുപറമ്പ് ഗ്രാമം. താഴേക്കോട്ട് പഞ്ചായത്ത്. കിഴക്ക് ചെറിയ അരുവി . 16ആം നൂറ്റാണ്ടിലാണ് വയലിൽ സ്വയംഭൂശില കണ്ടെത്തിയത്. ശ്രീകോവിലും ചുറ്റമ്പലവുമെല്ലാം വെള്ളത്തിൽ മുങ്ങിയതാ ണ്. ചെറുമി പുല്ലരിഞ്ഞ കഥ ഇവിടേയുമു ണ്ട്. കട്ടിലാമുറ്റമാണ് പ്രതിഷ്ഠിച്ചത്. 1980 വരെ അവരുടേതായിരുന്നു. കൊല്ലം മുഴുവ നും ക്ഷേത്രത്തിൽ ജലം നിറഞ്ഞിരിക്കും. ,മഴക്കാലത്ത് വെള്ളത്തിൽ നിന്ന് പൂജിക്കണം സ്വയംഭൂലിംഗം 15 സെമീ. ഗണപതി 60 സെമീ. തന്ത്രി ഇല്ല

35. വെളിങ്ങോട്ട് ശിവൻ. അരക്കുപറമ്പ് 17ആം നൂറ്റാണ്ടിൽ സ്വയംഭൂ കണ്ടെത്തി. കംഭം മീനം ഒഴികെ എല്ലാ കാലവും വെള്ള ത്തിനടിയിലാണ്. ഈ രണ്ട് മാസമേ പൂജയു

ള്ളു.മറ്റു കാലത്തെല്ലാം തിടപ്പള്ളിയിലാണ് പൂജ. 1985 വരെ സാമൂതിരി കോവിലകം. ഇപ്പോൾ കമ്മിറ്റിയാണ്. അർദ്ധനാരീശ്വരസങ്ക ൽപ്പത്തിലുള്ള ലിംഗം 15 സെമീ. തന്ത്രിയില്ല. പൂജ നായന്മാരാണ്.

36. വാഴേങ്കട നരസിംഹമൂർത്തി. ആലിപ്പറമ്പ് ഗ്രാമം. 1 കിമീ അപ്പുറം തൂതപ്പുഴ. 14ആം നൂറ്റാണ്ടിലുണ്ട്. ഹനുമാൻ കദലീവനത്തിൽ പൂജിച്ച വിഗ്രഹമാണെന്ന് കരുതുന്നു. ആദ്യം കോങ്ങാട്ട് മല്ലിശ്ശേരി മന,അലനല്ലൂർ പട്ടല്ലൂർ മന, താമരപ്പള്ളിമന ഇവരുടേതായിരുന്നു. താ മരപ്പള്ളി ഇപ്പോഴില്ല. മറ്റ് രണ്ടുമനകളിലെ മൂത്ത കാരണവരാണ് ട്രസ്റ്റി. ചതുര്ഭുജമ ഹാവിഷ്ണു കൃഷ്ണശില ശാന്തഭാവത്തിൽ പ്രഹ്ലാദനെ അനുഗ്രഹിക്കുന്ന സങ്കൽപ്പം. കുറ ച്ച് പൊട്ടിയതിനാൽ തലക്ക് മേലെ ഗോളക പൊതിഞ്ഞിട്ടുണ്ട്. ദുർഗ്ഗ 27 സെമീ ലിംഗ മാണ്. ഇരിക്കുന്ന ഗണപതി 30 സെമീ. ശാസ്താലിംഗം 27 സെമീ. തന്ത്രി പന്തല ക്കോട്ട്.

37. തളി മഹാദേവക്ഷേത്രം ആലിപ്പറമ്പ്.

3 കിമീ വടക്കുകിഴക്ക് തൂതപ്പുഴ. പഴയതാണ്. ഒരിക്കല്സാമൂതിരിക്ക് ഇതിലേ പോകുമ്പോൾ ശിവനും ദേവിയും സാന്നിദ്ധ്യം അനുഭവപ്പെടു ത്തി. ക്ഷേത്രം പണിത് തന്റെ പതിനെട്ടരത്തളികളിൽ ഒന്നാക്കി. 1975 മുതൽ സമിതി ഭരിക്കുന്നു. ശിവ ലിംഗം 37 സെമീ, വടക്കുന്നാഥലിംഗം 41 സെമീ, ഇരിക്കുന്ന ഗണപതി 45 സെമീ അയ്യപ്പലിംഗം 15 സെമീ, ഭഗവതി കണ്ണാടി 15 സെമീ. ഗണപതിയുടെ

താഴത്തെ ഭാഗം പൊട്ടിയിട്ടുണ്ട്. തന്ത്രി നാരാണത്ത് മന ചെത്തല്ലൂർ.

38. കുന്നുമ്മൽഭഗവതി ആനമങ്ങാട്ട് ഗ്രാമം. ആലിപ്പറമ്പ് പഞ്ചായത്ത്. 15ആം നൂറ്റാണ്ടിലാണ് ഉണ്ടാക്കിയത്. എളംപുലാക്കാട്ട് അച്ഛൻ (കാരണവർ) 10 കിമീ നടന്ന് നിത്യം തിരുമാന്ദാംകുന്നിലേക്ക് പോയിരുന്നു. പ്രായമായപ്പോൾ ദേവി കുടപ്പുറത്ത് പോന്നു ഇനി അങ്ങാടിപ്പുറം വരെ പോകേണ്ട എന്ന് വെളിച്ചപ്പാട് കൽപ്പിച്ചു. അങ്ങനെ ക്ഷേത്രം പണിതു. കരിയാർകുന്നു കടന്ന് അരുവിക്കരയിൽ ടിപ്പുവിന്റെ സൈന്യം എത്തിയപ്പോൾ നാട്ടുകാരെല്ലാം ഈ ക്ഷേത്രത്തിലെത്തി ദേവിയെ പ്രാർത്ഥിച്ചു. സൈന്യത്തിന് നാട്ടുകാരെ നയിച്ച് ദേവിതന്നെ യുദ്ധത്തിനു വരുന്നതായി തോന്നി.ദേവി നാവു മുറിച്ച് കല്ലിൽ വെച്ചെന്നും അത് വിറക്കുന്നു എന്നും തോന്നിയത്രെ. അവർ ഓടിപ്പോയി. തട്ടകത്തിനപ്പുറം കടക്കുമ്പോൾ ശബ്ദം കേൾക്കുമെന്ന് അരുളപ്പാടുണ്ടായി. തൂത കടന്നപ്പോൾ പടക്കശബ്ദം കേട്ടു. അവർ തട്ടകം വിട്ടുപോയി. ഇതിന്നുശേഷം എളമ്പുലാക്കാട്ട് ഇല്ലക്കാർക്ക് ഒരാൾക്കൊഴികെ എല്ലാവർക്കും വസൂരി വന്നു. 1965ൽ ഭരണം കമ്മിറ്റി എടുത്തു. 11 ഗ്രാമമാണ് തട്ടകം. ദേവി കണ്ണാടി ബിംബം 37 സെമീ. തിരുമാന്ധാംകുന്ന് ഭദ്രകാളിസങ്കൽപ്പമാണ്. നാഗം 30 സെമീ. ബ്രഹ്മരക്ഷസ്സിന് തറ മാത്രം. തന്ത്രി എടത്തറ മൂത്തേടത്ത് മന.

39. പുന്നക്കോട്ട് ശ്രീശിവക്ഷേത്രം. ആനമങ്ങാട്ട് ഗ്രാമം. പഴയ സ്വയംഭൂ. ആദ്യം നമ്പൂതിരി

മാരുടേതായിരുന്നു. പിന്നീട് എളമ്പുലാക്കാട്ട് ഇല്ലത്തെ അച്ഛന്മാർക്ക് കിട്ടി. 1981ൽ സമിതി വന്നു. ഇവിടെ കാർത്തവീര്യാർജ്ജുനന് ഉപ ദേവതാക്ഷേത്രമുണ്ട്. ശിവലിംഗം 9 സെമീ ഗണപതി ഇരിക്കുന്നു 27 സെമീ. കാർത്തവീ ര്യൻ 27 സെമീ ശിലാലിംഗം. അയ്യപ്പന് സങ്കൽപ്പപ്രതിഷ്ഠ. പഴയ തന്ത്രി കല്ലൂർമന. ഇപ്പോൾ എടത്തറ മൂത്തേടത്ത്. യജുർവ്വേദം അറിയുന്നവരെ മാത്രമേ നിത്യപൂജക്ക് വെക്കുകയുള്ളു

40. മാട്ടായക്കുന്ന് ഭഗവതി. പാലത്തോൾ എളംകുളം ഗ്രാമം. 750 കിമീ പടിഞ്ഞാറ് തൂതപ്പുഴ ഒഴുകുന്നു. ഈഴവരുടെ ക്ഷേത്രമാണ്. മുറ്റമടിക്കുന്ന സ്ത്രീക്ക് ഒരു വെള്ളിപ്പണം നിത്യവും പ്രാസാദപ്പടിമേൽ നിന്ന് കിട്ടിയിരുന്നു. ആ സ്ത്രീ കൂടുതൽ തരണെ എന്ന് പ്രാർത്ഥിച്ചു. അതോടെ ഒന്നും കിട്ടാതായി. ദേവചൈതന്യം ഉണ്ടെന്നറിഞ്ഞ നാടുവാഴി ക്ഷേത്രം വലുതാക്കി പണിതു. തിരുമാന്ധാംകുന്നിലമ്മയുടെ മകളാണ്. ഇവി ടത്തെ ദേവി എന്ന് സങ്കൽപ്പം. കടമ്പൂർ വേമഞ്ചേരിമനക്കാരാണ് ഭരിച്ചിരുന്നത്. 1980 മുതൽ കമ്മിറ്റി. കണ്ണാടി ഭഗവതി 30 സെമീ. ഭദ്രകാളിസങ്കൽപ്പം. ഗണപതി ഇരിക്കുന്നു . ശാസ്താക്ഷേത്രത്തിൽ ശാസ്താ, പ്രഭ,സാത്യക ന്മാർ ഓരോന്നും 95 യവം വീതം.തെക്കു പടിഞ്ഞാറ് നാഗക്കാവ്. തന്ത്രി പന്തലക്കോട്ട് മന വലമ്പൂർ

41. പാലത്തോൾ വിഷ്ണു ഇളംകുളം. തൂതപ്പു ഴ പടിഞ്ഞാട്ട് ഒഴുകുന്നു. 16ആം നൂറ്റാണ്ടി

ലുണ്ട്. 4 കുടുംബങ്ങൾക്കുവേണ്ടി നിർമ്മിച്ച താണ്. എളംകുളം കടമ്പൂർ, കൂടലാറ്റുപുറം മണ്ണാർമല കോവിലകം. പിന്നീട് എളംകുള ത്തിന്റെ മാത്രമായി. അവിടത്തെ മൂത്ത കാര ണവരാണ് ട്രസ്റ്റി. ചതുർഭുജവിഷ്ണു ലക്ഷ്മ ണസങ്കൽപ്പമാണ്, . നിൽക്കുന്ന 37 സെമീ ഗ ണപതി, ശാസ്താപ്രഭാസാതൃകർ ലിംഗം 27, 27, 15 സെമീ വീതം തന്ത്രി എക്കാട്ട് മന.

42. പുളിങ്കാവ് അയ്യപ്പൻ എളംകുളം. തൊട്ട ടുത്ത് തൂതപ്പുഴ. 15ആം നൂറ്റാണ്ടിലാണ് സ്വ യംഭൂ കണ്ടത്. 15 സെമീ. ശ്രീകോവിലിനകത്ത് പിന്നിൽ തെക്കുവശത്ത് നിരാകാരവിഷ്ണു സങ്കൽപ്പവും, ഗണപതിക്ക് പീഠസങ്കൽപ്പവു മുണ്ട്. തന്ത്രി എക്കാട്ട് മന.

43. ആലഞ്ചേരി ഭദ്രകാളി പാലൂർ പുലാമന്തോ ൾ. 300 മീ പടിഞ്ഞാട്ട് കുളത്തൂർ റോഡിലൂ ടെ തൂതപ്പുഴഭാഗത്തേക്ക് നടന്നാൽ ക്ഷേത്ര ത്തിലെത്തും. 11ആം നൂറ്റാണ്ടിൽ വെളുത്തേട ൻ തുണി അലക്കുമ്പോൾ ദാരുപീഠം ഒഴുകി വന്നു. അത് പുഴവക്കത്ത് ആൽചുവട്ടിൽ വെച്ച് ആരാധിച്ചു. പീഠവും ലോഹവിഗ്ര ഹവും ചലപ്രതിഷ്ഠയാണ്. നിത്യം പുഴയിൽ കൊണ്ടുപോയി കഴുകും. ഇരുപതാം നൂറ്റാ ണ്ടില് ഊരാളരായ ചൊവ്വൂർമന പുനരുദ്ധ രിച്ചു. കണ്ണാടി പഞ്ചലോഹപ്രതിഷ്ഠ 15 സെ മീ. തന്ത്രി ഐക്കാട്ട് ഇല്ലം. പൂജ നായരാണ്. ചുറ്റുവിളക്കിന്റെ അവസാനദിവസം മാത്രം നമ്പൂതിരി പൂജിക്കും.

44. രുദ്രധന്വന്തരി പുലാമന്തോൾ. കുന്തിപ്പുഴ (പുലാമന്തോൾ പുഴ) തൊട്ടടുത്ത് ഒഴുകുന്നു. വളരെ പുരാതനമാണ്. പരശുരാമനാണ് പുലാമന്തോൾ മൂസിന് കൊടുത്തത്. അഷ്ടവൈദ്യന്മാരിൽ ഒരാളാണ് പുലാമന്തോൾ മൂസ്സ്. (പുലാമന്തോൾ, കുട്ടഞ്ചേരി, ചിരട്ടമൺ, ഇളേടത്ത് തൈക്കാട്ട്, തൃശൂര് തൈക്കാട്ട്, വെള്ളോത്ത് നമ്പി, വയസ്കര മൂസ്സ് ആലത്തൂർ നമ്പി). രുദ്രനും വിഷ്ണുവും ചേർന്ന സങ്കൽപ്പമാണ്.രുദ്രന് വൈദ്യനാഥസങ്കൽപ്പവും വിഷ്ണുവിന് ധന്വന്തരീസങ്കൽപ്പവുമാണ് ഇവിടെ. ഒരിക്കൽ തിരുവിതാംകൂർ രാജാവിന് കലശലായ വയറ്റിൽവേദന വന്നു. പുലാമന്തോൾ മൂസിനോട് വരാൻ പറഞ്ഞു. 14 വയസ്സു മാത്രം കഴിഞ്ഞ സമാവർത്തനം കഴിഞ്ഞ ഒരു കുട്ടിയായിരുന്നു അന്ന് കാരണവർ. അമ്മ കുട്ടിയെ 12 ദിവസം ഭജനമിരുത്തി (ഇവിടത്തെ ശിവക്ഷേത്രത്തിൽ) 11ആം ദിനം സ്വപ്നം കിട്ടി. ബ്രാഹ്മണൻ വന്ന് 3 ഗുളിക കൊടുത്ത്, ചികിത്സ കഴിഞ്ഞ് പ്രതിഫലമായി ഒന്നും വാങ്ങരുത്, പകരം താമ്രപർണ്ണിയിൽ മുങ്ങിപ്പോയ ധന്വന്തരീവിഗ്രഹം എടുപ്പിച്ചു തരണം എന്ന് പറയണം എന്നാണ് ഉപദേശിച്ചത്. ഇതനുസരിച്ച് ഇപ്പോൾ കന്യാകുമാരി ജില്ലയിലുള്ള തിരുവട്ടാർ ആദികേശവക്ഷേത്രത്തിനടുത്ത് താമ്രപർണ്ണിയിൽ രാജകിങ്കരന്മാർ മുങ്ങിത്തപ്പി . സ്വപ്നത്തിൽ വന്ന ബ്രാഹ്മണൻ വന്ന് സ്ഥലം കാട്ടിക്കൊടുത്തു. അതിനുമുകളിലൂടെ ഗരുഡൻ പറന്നു. ആ വിഗ്രഹം ശിവക്ഷേത്രത്തിനു തെക്ക്

പ്രതിഷ്ഠിക്കാനും ബ്രാഹ്മണൻ ഉപദേശിച്ചു. പ്രതിഷ്ഠാമുഹൂർത്തത്തിൽ താൻ വരാമെന്നും പറഞ്ഞു. അപ്രകാരം അദ്ദേഹം വന്ന് പ്രതി ഷ്ഠിച്ചു. കുറച്ച് ദിവസം താമസിച്ചു. രണ്ടു ക്ഷേത്രങ്ങളുടേയും നടുവിലായി സമാധി അട ഞ്ഞു. അവിടെ തറ കെട്ടി തുളസി നട്ടു. 1930 ൽ വിഷ്ണുവിഗ്രഹം കളവുപോയി. രുദ്രൻ 90 സെമീ. ധന്വന്തരി ചതുർഭുജം 70 സെമീ ശംഖം,ചക്രം, ജാലൂകം, അമൃതകംഭം ധരിച്ചിരിക്കുന്നു. ഗണപതി 45 സെമീ. തിരു മാന്ധാംകുന്നിലമ്മ , ചെറുകുന്നിലമ്മ, ഭദ്ര കാളി, നീലവട്ടധാരിഭഗവതി കണ്ണാടി, ഇവ ക്രമേണ 30, 30, 7, 45 സെമീ വീതം.ശാസ്താ, പ്രഭ,സാത്യക,ന്മാരും കാര്ത്തവീര്യാർജ്ജുനനും ലിംഗം 7 സെമീ വീതം. വേട്ടേക്കരൻ 30 സെ മീ. ധന്വന്തരിയുടെ പുനപ്രതിഷ്ഠ ചെയ്തത് പട്ടാമ്പി കോഴിക്കാട്ടിരി ചുമരത്ത് ശ്രീധരൻ മന.

രുദ്രധന്വന്തരി
നമസ്കാരമണ്ഡപം

രുദ്രധന്വന്തരി പുലാമന്തോൾ.

45. വനദുർഗ്ഗ കൌക്കാനിക്കാട്ട് കാവില് ഭഗവതി. വളപുരം. പുലാമന്തോൾ പഞ്ചായത്ത്. കുറുവമ്പലം ഗ്രാമം. ഒരു കിമീ തെക്ക് തൂതപ്പുഴ. 8-9 നൂറ്റാണ്ടിൽതന്നെ ഉണ്ട്. ശങ്കരാചാര്യർ ഇവിടത്തെ കാട്ടിൽ പ്രകാശം കണ്ടു. അവിടെ കാടുവെട്ടിയവർ രക്തം കണ്ടു. സ്വയംഭൂ കണ്ടുപിടിച്ചു. 30 മീ വടക്ക് ക്ഷേത്രക്കുളത്തിനരികെ വനശാസ്താവുണ്ട്. വടക്കുപടിഞ്ഞാറ് ഭദ്രകാളി. മാപ്പിളലഹളക്കാലത്ത് ഇവിടെ ആക്രമിച്ചില്ല. ആവണക്കാട്ട് മന ഊരാളർ. ദുർഗ്ഗ 65 സെമീ സ്വയംഭൂ. കാവാണ്, മേൽക്കൂര ഇല്ല. ശിവൻ കിഴക്കഭിമുഖം. ശ്രീകോവിലിനോട് ചേർന്ന് ഉപദേവതാക്ഷേത്രത്തിൽ 30 സെമീ ലിംഗം. ആദ്യം മലർനിവേദ്യം കഴിച്ചത് ശങ്കരാചാര്യരാണ്. ഇപ്പോള് തന്ത്രി മൂർക്കനാട്ട് കക്കാട്ട്മന.

46. കുറുവമ്പലം ശിവക്ഷേത്രം . ഇവിടത്തെ പ്രശാന്തമായ അന്തരീക്ഷം കണ്ട് ഔദംബര മുനി ഇവിടെ തപം ചെയ്തു. അതിനാൽ മുനിയൻ കുന്ന് എന്ന് വിളിക്കുന്നു. മഹാദേവനും പാർവ്വതിയും പ്രത്യക്ഷമായി. അവരുടെ നിത്യസാന്നിദ്ധ്യം വരം ചോദിച്ചു. മുനി സന്ധ്യാവന്ദനത്തിന് ആവാഹിച്ച തീർത്ഥജലം ഉറവിൽതീർത്ഥം എന്ന പേരിൽ ഇവിടെ ഉണ്ട്. ഈ തീർത്ഥക്കരയിൽ ശക്തിപഞ്ചാക്ഷരത്തോടെ മുനി പ്രതിഷ്ഠ ചെയ്തു. ഇപ്പോഴും യക്ഷകിന്നരദേവാദികള് വ്ന്ന് വണങ്ങുന്നതായി സങ്കൽപ്പം. നാലാം നൂറ്റാണ്ട് എഡിയിൽ ബ്രാഹ്മണരാണ് പിന്നീട്

ഇവിടെ ക്ഷേത്രം പണിതത്. (1600 കൊല്ലം മുമ്പ്) അവർ ഇവിടെ യാവരി എന്ന വിജയബലി ചെയ്തിരുന്നു. വർഷത്തി ലൊരിക്കൽ 36 പറ അരി കൊണ്ട് ഭൂതഗണ ത്തിന് നിവേദ്യം ഉണ്ടാക്കി മന്ത്രോച്ചാരണ ത്തോടെ വലിയ ബലിക്കല്ല് ആവാഹിച്ച്കൊ ണ്ട് മൂടുന്നതാണ് യാവരി. പണ്ടുകാലത്ത് ഈ ക്ഷേത്രം കൂടാതെ രണ്ട് ക്ഷേത്രങ്ങളിലേ ഇത് ഉണ്ടായിരുന്നുള്ളു. ഒന്ന് തലപ്പള്ളി താലൂക്കി ലെ നെടുമ്പ്രതളിയും മറ്റൊന്ന് ഒറ്റപ്പാലത്ത് തൃക്കടീരിയും. ഇപ്പോൾ മൂന്നു സ്തലത്തും ഇല്ല. നെടുമ്പ്ര തളിയിൽ ഇതിലെ മന്ത്രം അടക്കം ഉള്ള ലിഖിതം കണ്ടു. ഇവിടെ അവസാനം യാവരി ചെയ്തത് 1929ലാണ്. ടിപ്പുവിന് ശേഷം വലിയ നാശനഷ്ടങ്ങളുണ്ടാ യി. മൂത്ത കൊറമ്പ് മന,ഇളയ കൊറമ്പ് മന, ഇവർ ഊരാളരാണ്.ഭൂനിയമശേഷം ഭൂമിയെ ല്ലാം നഷ്ടമായി. ശിവലിംഗം 90 സെമീ ശിവ പാർവ്വതീസങ്കൽപ്പം. ദക്ഷിണാമൂർത്തിയും ഗണപതിയും ഇരിക്കുന്നു. ഗണപതിക്ക് 37 ദക്ഷിണാമൂർത്തിക്ക് 45 സെമീ. ശാസ്താലിം ഗം 27 സെമീ. ബ്രഹ്മരക്ഷസ്സ് സങ്കൽപ്പപ്രതി ഷ്ഠ. തന്ത്രി പണവൂർ ഇല്ലം ലക്കിടി പാല ക്കാട് ജില്ല.

47. ചെറുതൃക്കോവിൽ ശിവൻ വെങ്കാട്ട് മൂര്ക്കനാട്ട് ഗ്രാമപ്പഞ്ചായത്ത്. പഴയതാണ്. ചുറ്റും വയൽ. നെല്ലരിയുന്ന ചെറുമി കല്ലിൽ ചോര കണ്ട് സ്വയംഭൂ കണ്ടുപിടിച്ചു. സർപ്പം

ക്ഷേത്രത്തെ പരിപാലിക്കുന്നുണ്ട്. 20 വർഷം മുമ്പ് അമ്പലപ്പറമ്പിൽ മൂത്രമൊഴിക്കാൻനിന്ന ആളെ അത് ഓടിച്ചു. പിറ്റേന്നും അയാൾ ചെ ന്നപ്പോൾ അയാളെ കടിച്ചു. പശുക്കുട്ടിയുടെ തലപോലെയാണ് സർപ്പഫണമെന്ന് പറയുന്നു. വയമ്പ്ര വാരിയം കൊളമ്ബർ ഊരാലർ. 2000 എഡിയിലാണ് കമ്മിറ്റി രൂപീകരിച്ചത്. നന്ദി വളരെ മനോഹരമായ ശിൽപ്പമാണ്. സ്വയംഭൂ ശിവൻ 7 സെമീ. ശാസ്താലിംഗം (ശില) 27 സെമീ. പ്രഭാസാത്യകന്മാർ 25, 23 വീതം. തന്ത്രി കാലടി പടിർ്ഞാറേ ഇല്ലം. വലിയ കുന്ന്

48. ശിവമംഗലം ശിവക്ഷേത്രം. വെങ്കാട്ട്. പഴയതാണ്. സ്വയംഭൂ ടിപ്പു ആക്രമിച്ചി ട്ടുണ്ട്. ഒറവംപുറത്ത് മനയുടെയാണ്. 1955ല് ബോഡ് എടുത്തു. 1984ൽ കമ്മിറ്റി വന്നു. ശിവലിംഗം 15 സെമീ ഗണപതി ഇരിക്കുന്നു 27 സെമീ. അയ്യപ്പൻ ഇരിക്കുന്നു 30 സെമീ. കണ്ണാടിഭഗവതി 27 സെമീ. നിൽക്കുന്ന സുബ്ര ഹ്മണ്യൻ 30 സെമീ. തന്ത്രി കാലടി പടിഞ്ഞാ റേ മന വലിയകുന്ന്.

49. പാട്ടുകൊട്ടിൽ ഭഗവതി മൂർക്കനാട്ട്. വള്ളുവക്കോനാതിരിയുടെ തിരുമാന്ധാംകുന്നി ലമ്മയുടെ തട്ടകത്തിലാണ് മൂർക്കനാട്ട്. പിന്നീ ടാണ് സാമൂതിരിയുടേതായത്. അവർ തിരുമാ ന്ധാംകുന്നിലമ്മ സങ്കൽപ്പം തിരുവളയനാട്ടമ്മ യാക്കി. രണ്ട് നായർകുടുംബം ക്ഷേത്രം പിടി ച്ചെടുത്ത് വീണ്ടും തിരുമാന്ധാംകുന്നിലമ്മയാ ക്കി. ഭൂനിയമം വരുംവരെ അവരാണ് ഭംഗി യായി ഭരിച്ചത്. 1971ൽ കമ്മിറ്റി വന്നു. 1972

ൽ പുനപ്രതിഷ്ഠ. 1980ൽ ട്രസ്റ്റിബോഡ് ഭരണമായി. ദേൈവി കണ്ണാടിശില 30 സെമീ. ഇരിക്കുന്ന അയ്യപ്പൻ 27 സെമീ. ബ്രഹ്മരക്ഷസ്സും ശൈവരക്ഷസ്സും 7 സെമീ വീതമുള്ള ലിംഗങ്ങൾ. ഇരിക്കുന്ന നാഗങ്ങൾ 7 സെമീ വീതം. തന്ത്രി തിരൂര്ക്കാട്ട് കെ എം മന.

50. അന്തിമല്യാർകാവ് ഭഗവതി കിഴക്കേക്കര മൂര്ക്കനാട്ട്. . 17ആം നൂറ്റാണ്ടിലുണ്ട്. കാടു വെട്ടുന്ന ചെറുമി സ്വയംഭൂ കണ്ടെത്തി. അല നല്ലൂരിലെ ഇല്ലം ഊരാളരായിരുന്നു. ഇപ്പോൾ 15 അംഗകമ്മിറ്റിയാണ്. സ്വയംഭൂശില പ്രഭാതത്തിൽ സരസ്വതി, ഉച്ചക്ക് ദുർഗ്ഗ, സന്ധ്യക്ക് ഭദ്രകാളിസങ്കൽപ്പം. ഉണ്ണിഭ്രാന്തന്റെ (ശിവ)ലിംഗം 15 സെമീ.
നറമ്പന്കാവ് ദേവസ്വമെന്നായിരുന്നു പേര്. പിന്നീട് വാരിയർമാർക്ക് കൊടുത്തു. അവരിൽനിന്ന് പള്ളിയാലില് നായർക്ക് കിട്ടി. 100 വർഷം പൂജയില്ലാതെ കിടന്നു. നാശമടഞ്ഞു. 11994ൽ പുനരുദ്ധരിച്ചു. ശാസ്താവ് കിഴക്കഭിമുഖം. പ്രഭാസാത്യകസമേതനാണ്. 27, 25, 15 സെമീ വീതം. ഉപദേവത ഭഗവതി കിഴക്കഭിമുഖം 30 സെമീ കണ്ണാടി. തന്ത്രി പടിഞ്ഞാറേടത്ത് മന ഇരുമ്പിളിയം.

തിരൂർ താലൂക്ക്

1. **ഏർണാകരനല്ലൂർ ഗണപതിയാൻകാവ് മഹാവിഷ്ണു. പരിയാപുരം ഗ്രാമം താനൂർ പഞ്ചായത്ത്. പഴയതാണ്. താനൂരിന് മൂന്നര കിമീ വടക്ക് പരപ്പനങ്ങാടി റോഡിൽ മൂക്കോല**

ജങ്ക്ഷനിൽ നിന്ന് 200 കിമീ വടക്കുപടിഞ്ഞാറ്. കടൽ 1.5 കിമീ അകലെ. ഊരാളർ നാരാണത്ത് ഭ്രാന്തനോട് പ്രതിഷ്ഠക്ക് പററിയ മുഹൂർത്തം ചോദിച്ചു. മയിലിനെ കാണുന്ന മുഹൂർത്തം എന്ന് പറഞ്ര്ു. മയിൽപീലി ഏന്തിയ സന്യാസി വരുന്നതുകണ്ട് മുഹൂർത്തമെന്ന് കരുതി പ്രതി,്ഠിച്ചു. കുറച്ച് കഴിഞ്ഞ് ക്ഷേത്രപ്രവേശനദ്വാരത്തിനു മുകളില് മയിൽ പറന്നുവന്നിരുന്നു. തെറ്റു മനസ്സിലാക്കിയ ഊരാളർ ആ മുഹൂർത്തത്തില് ഗണപതിയെ പ്രതിഷ്ഠിച്ചു. പിന്നീട് ദുർഗ്ഗാ, കൃഷ്ണക്ഷേത്രങ്ങളും ഉണ്ടാക്കി.

15 ആം നൂറ്റാണ്ടിൽ ക്ഷേത്രം പുനർനിർമ്മിച്ചു. ടിപ്പു സോപാനവും ചുറ്റമ്പലവും തകർത്ത് വിഗ്രഹങ്ങളെ അശുദ്ധമാക്കി. 13ആം നൂറ്റാണ്ടിലാണ് തൃക്കൈക്കാട്ട് മഠത്തിനു കിട്ടിയത്. (ശങ്കരാചാര്യസ്ഥാപിതം)

വി

ഷ്ണു 90 സെമീ ദുർഗ്ഗ 75 സെമീ കൃഷ്ണന്60

സെമീ ഗണപതി 30 സെമീ ,തന്ത്രി ആട്ട്യേരി മന.

2. തൃക്കൈകൊട്ട് ശിവന് പരിയാപുരം ഗ്രാമം. 11 ആം നൂറ്റാണ്ടുമുതൽ തൃക്കൈക്കോട്ട് മഠത്തിന്റെയാണ്. ശങ്കരാചാര്യര് സ്ഥാപിച്ച മഠങ്ങളൽ തെക്കേ മഠം(പത്മപാദ) ഇടയിൽ അഥവാ തൃക്കൈക്കോട്ട് (തോടകൻ) നടുവില് (സുരേശ്വരൻ) വടക്കേ മഠം (ഹസ്താമലകൻ)ഓരോ മഠത്തിനും ഓരോ ഉപാസനാമൂർത്തിയാണ്. തെക്കേ മഠം പത്മപാദാചാര്യരുടെ ഉപാസനാമൂർത്തി നരസിംഹം. തൃക്കൈക്കോട്ട് തോടകൻ ശ്രീരാമൻ, നടുവിൽമഠം സുരേശ്വരൻ പാർത്ഥസാരഥി, വടക്കേ മഠം ഹസ്താമലകന് ദക്ഷിണാമൂർത്തി. ഹസ്താമലകന് മാത്രമാണ് ദക്ഷിണാമൂർത്തിശിവോപാസന. മറ്റെല്ലാം വിഷ്ണുവാണ്. തൃക്കൈക്കോട്ട് മഠത്തിന്റെ പ്രധാനതന്ത്രിയായ പ്ലാക്കാട്ട് നമപൂതിരിപ്പാട്

തൃക്കുളത്ത് ശിവനെ ഭജിച്ചിരുന്നു (പരപ്പ നങ്ങാടിക്കടുത്ത്.). അത്താഴപ്പൂജക്ക് പ്രദക്ഷിണ ണം കഴിഞ്ഞ് നാലമ്പലത്തിൽ വൃദ്ധനായ അദ്ദേ ഹം വിശ്രമിച്ചു. ശാന്തിക്കാരൻ ഇതറിയാതെ വാതിലടച്ച് പോയി. രാത്രി ശിവൻ പ്രത്യക്ഷ മായി ഇങ്ങനെ ഏറെ ദൂരം വരേണ്ടതില്ലെന്നും മനക്കടുത്ത് താൻ സ്വയംഭൂവായി വരാമെന്നും പറഞ്ഞു. പിറ്റേന്ന് മനക്കടുത്ത് ശില ഭൂമി പിളർന്ന് വരുന്നതും ചുറ്റും പ്രകാശം പരക്കു ന്നതും കണ്ടു. ഭഗവാൻ തൃക്കൈ കാട്ടി പ്രദർശി പ്പിച്ചു കൊടുത്തത് എന്ന പേരു വന്നു. തോടകാ ചാര്യമഠം (ഇടയിൽ) മഠം ഇവിടെ സ്ഥാപിച്ച പ്പോൾ അതിനും ഈ പേരു വന്നു. ഇപ്പോഴും ഇടയില് മഠത്തിന്റെ കാര്യസ്ഥൻ കാര്യങ്ങൾ നോക്കുന്നു. 1.5 മീ ഉയരമുള്ള ദ്വാരപാലകരുടെ കൈകാലുകൾ ടിപ്പു മുറിച്ചുകളഞ്ഞു. ഗ്രീവത്തി ൽ ബ്രഹ്മാ, വിഷ്ണു,ദക്ഷിണാമൂര്ത്തി, ഗണപ തി ഉണ്ട്. സ്വയയംഭൂലിംഗം 13 സെമീ അർദ്ധനാ രീശ്വരസങ്കൽപ്പം. നിൽക്കുന്ന പാര്വ്വതി 67 സെ മീ. അയ്യപ്പൻ 37 സെമീ നിൽക്കുകയാണ്. പണ്ട് മുഖമണ്ഡപത്തിലുണ്ടായിരുന്ന ഗണപതി കളവുപോയി. ഇപ്പോൾ അവിടെ വിളക്ക് വെച്ചിരിക്കയാണ്. ആദ്യതന്ത്രി പ്ലാക്കാട്ട് മന. ഇപ്പോൾ ആട്ട്യേരി മന.

Dr Suvarna Nalapat

തൃക്കൈക്കാട്ട്
ദ്വാരപാലക

3. രായിരമംഗലം മഹാവിഷ്ണു താനൂർഗ്രാമപ്പഞ്ചായത്ത്. 2 കിമീ പടിഞ്ഞാറ് കടലാണ്. പഴയ ക്ഷേത്രം. സ്ഥലനാമം രാജരാജമംഗലം എന്നായിരുന്നു. ഇരായിരൻ രാജനാമമാണ്. ഈ ക്ഷേത്ര

ത്തിലെ നരസിംഹമൂർത്തിയുടേയും കൃഷ്ണ ന്റേയും അനുഗ്രഹം ചോദിച്ചുകൊണ്ടാണ് മനു ഷ്യാലയചന്ദ്രിക (18ആം നൂറ്റാണ്ടിലെ ഗ്രന്ഥം). കവി കേളല്ലൂർ ചോമാതിരിയുടെ ശിഷ്യൻ തിരുമംഗലം മൂസ് ആണെന്നും അമ്പലവാസി യായിരുന്നു എന്നും കരുതുന്നു. ഇളങ്കുളം മന യുടെ ക്ഷേത്രമായിരുന്നു. ടിപ്പു നാലമ്പലവും ശ്രീകോവിലും കത്തിച്ചു, മര്യാദ ഇടിച്ചുപൊളി ച്ചു വിഗ്രഹം നശിപ്പിച്ചു. ശ്രീകോവിലും തിടപ്പള്ളിയും പുനരുദ്ധരിച്ചു. വിഗ്രഹങ്ങൾ ഇപ്പോഴും പഴയവ തന്നെയാണ്. എളംകുളം മനയിലെ കാര്യസ്ഥനാണ് കാര്യം നോക്കുന്നത്. മഹാവിഷ്ണുവിനും നരസിംഹമൂർത്തിക്കും വട്ടശ്രീകോവിലാണ്. ഏകതലം. ഇവയും ഗണ പതിയും വേട്ടേക്കരനും (4 വിഗ്രഹം) പൊട്ടിയ വയാണ്. മഹാവിഷ്ണുവിന് കൃഷ്ണസങ്കൽപ്പ മാണ്. തന്ത്രി ആട്ട്യേരി.

4. പനങ്ങാട്ടൂര് അയ്യപ്പൻ കാവ് താനൂർഗ്രാമം മൂന്നരകിമീ കണ്ണൻതളി ജങ്ക്ഷനിൽനിന്ന് കിഴ ക്ക്. അവിടെനിന്ന് അര കിമീ വടക്കുപടിഞ്ഞാ റ്. 15ആം നൂറ്റാണ്ടിൽ കാടു തെളിക്കുന്നവരാണ് സ്വയംഭൂ കണ്ടെത്തിയത്. തൃക്കണ്ടിയൂർ ദേവ സ്വത്തിന്റേതാണ്. 1964ൽ സമിതി വന്നു. സ്വയം ഭൂ 27 സെമീ. ഉപദേവതയോ തന്ത്രിയോ ഇല്ല.

5. കേരളാധീശപുരം ശ്രീകൃഷ്ണക്ഷേത്രം താണാലൂ ർ ഗ്രാമപ്പഞ്ചായത്ത്. വളരെ പുരാതനം. പേരു സൂചിപ്പിക്കുന്ന പോലെ കേരളാധീശന്മാരായ വെട്ടത്ത് രാജവംശത്തിന്റേതായിരുന്നു. സാമൂതി രി പിടിച്ചെടുത്തു. ഗരുഡാരൂഢനായി വന്ന മ

ഹായോഗി പ്രതിഷ്ഠിച്ചതാണ്. യോഗികൾക്കും വേദം പഠിച്ച ബ്രാഹ്മണർക്കും ഇവിടെ പ്രത്യേകം ആദരവ് കൊടുത്തിരുന്നു. ഉച്ചക്കും രാത്രിയും ഊട്ട് ഉണ്ടായിരുന്നു. ടിപ്പു വിഗ്രഹം പൊട്ടിച്ചു. മുന്ഭാഗം പഞ്ചലോഹഗോളക പൊതിഞ്ഞിരിക്കയാണ്. 1938ൽ ആരോ വിഗ്രഹം മോഷ്ടിച്ച് വയലിലിട്ടു. വീണ്ടും പുനപ്രതിഷ്ഠ ചെയ്തു. ഇപ്പോള് ക്ഷേത്രം സാമൂതിരിയുടെ കയ്യിലാണ്. 1972ൽ കോവിലം ട്രസ്റ്റിനു വേണ്ടി ലോക്കൽ കമ്മിറ്റി 15 അംഗങ്ങളോടെ രൂപീകരിച്ചു. രണ്ടുകയ്യിലും വെണ്ണയുള്ള നവനീതകൃഷ്ണ വിഗ്രഹമാണ്. ഇരിക്കുന്ന ഗണപതി 27 സെമീ. തന്ത്രി കല്ലൂർമന ക്ലാരി .

കേരളാധീശപുരം ശ്രീകൃഷ്ണക്ഷേത്രം

6. ഏലൂർ സുബ്രഹ്മണ്യസ്വാമി. തിരൂർ ടൌൺ. 16ആം നൂറ്റാണ്ടിലുണ്ട്. സ്വയംഭൂശിവലിംഗവുമുണ്ട്. അതാണ് സുബ്രഹ്മണ്യവിഗ്രഹത്തേക്കാൾ പഴയത്. 2 ശ്രീകോവിലും അടുത്തടുത്താണ്. സാമൂതിരിയിൽനിന്ന് പുന്നക്കൽ തറവാടിന് കിട്ടി. അവിടത്തെ മൂത്ത കാരണവരും 12 അം

ഗകമ്മിറ്റിയും ഭരിക്കുന്നു. ശിവന് ഏകതലവട്ട ശ്രീകോവിൽ സുബ്രഹ്മണ്യന് ഏകതലദീർഘച തുരശ്രീകോവിൽ. ഉഗ്രഅഘോരമൂർത്തിസങ്ക ൽപ്പമുള്ള സ്വയംഭൂലിംഗം 30 സെമീ. പടിഞ്ഞാട്ട് അഭിമുഖം. നിൽക്കുന്ന സുബ്രഹ്മണ്യൻ 90 സെ മീ. ശാസ്താപ്രഭസാത്യകന്മാർ 30, 27, 27 സെമീ. ലക്ഷ്മീനാരായണസാളഗ്രാമം അന്നപൂർണ്ണേശ്വ രിക്ക് സങ്കൽപ്പപീഠം, ഇരിക്കുന്ന ഗണപതി 27 സെമീ ഇവയുമുണ്ട്. തന്ത്രി ഇല്ല.

7. തൃക്കണ്ടിയൂർ മഹാശിവക്ഷേത്രം തിരൂർ. 1.6 കിമീ പടിഞ്ഞാറ് പൊന്നാനിപ്പുഴ. വളരെ പുരാ തനം. ത്രേതായുഗത്തിൽ പരശുരാമൻധ്യാനിച്ച് ഗ്രാമദേവതയെ പ്രതിഷ്ഠിച്ചു അതേ ദിനം തിരു വണ്ണൂരിലും മണ്ണൂരിലും (കോഴിക്കോട് ജില്ല) അദ്ദേഹം ശിവനെ പ്രതിഷ്ഠിച്ചിട്ടുണ്ട്. . പിന്നീട് പറയയുവതി ശില യിൽ രക്തം കണ്ട് ക്ഷേത്രം നിർമ്മിച്ചു. എഡി ഒന്നാം നൂറ്റാണ്ടിൽ ക്ഷേത്രം ചെറുതായിരുന്നു. അഞ്ചാം നൂറ്റാണ്ടിൽ പെരു ന്തച്ചന്റെ കാലത്ത് പുതുക്കിപ്പണിതു വലുതാക്കി പെരുന്തച്ചന്റെ ഉളി ഇവിടേയും മറ്റു പല ക്ഷേ ത്രങ്ങളിലുമെന്ന പോലെ കാണാം.. 9ആം. നൂറ്റാ ണ്ടിലാണ് പിന്നീട് പുനരുദ്ധാരണം നടന്നത്. ടിപ്പുസുൽത്താൻ ക്ഷേത്രം നശിപ്പിച്ചു. മ ൂപ്പൻ ഹൈദ്രോസ് കുട്ടിയും പന്നിയൂർ വെള്ള നമ്പൂതിരിയും കൂടി പുനരുദ്ധരിച്ചു. ശ്രീകോ വിൽ 95 ചതുരശ്രഅടിയിലാണ് നിൽക്കുന്നത് വന്ദേരി ഇല്ലം ഗ്രന്ഥവരിയിൽ 13- 19 നൂറ്റാണ്ടി ലെ ഭരണക്രമം പറയുന്നു. . ജനം എല്ലാവരും അംഗങ്ങളാണ്. അതിലെ ഭരണാധികാരികളെ

യാണ് യോഗം എന്ന് പറയുന്നത്. യോഗം ക്ഷേ ത്രസങ്കേതം ഭരിക്കുന്നു. ഇവരെ സഹായിച്ചിരുന്നത് വെട്ടത്തുനാട്, വള്ളുവനാട് രാജാക്കന്മാരുടേയും സാമൂതിരിയുടേയും യോദ്ധാക്കളാണ്. വെട്ടത്തുനാടിന്റെ പ്രതിനിധിയെ കോവിൽ നമ്പി എന്ന് പറയുന്നു. (കോവിലധികാരി അഥവാ നമ്പിടി). ആദ്യം 48 ശിവദ്വിജനമ്പിമാരാണ് ക്ഷേത്രത്തിന്റെ ഉടമകളായിരുന്നത്. പിന്നീട് ആലത്തിയൂർഗ്രാമം നമ്പൂതിരിമാർക്ക് കിട്ടി. ആദ്യകാലം മുതലേ വന്ദേരി, കുറ്റിപ്രമ്പ് ,ഇടമന, മംഗലശ്ശേരി, കടിയത്തോവിൽ നമ്പൂതിരിമാരാണ് ഊരാളർ.മംഗലശ്ശേരിക്കും കടിയത്തോടിനും സന്തതി ഇല്ലാതെ വന്ദേരിക്കും കുട്ടിപ്രത്ത് ഇല്ലത്തിൽ സന്തതി ഇല്ലാതെ കോടേരിക്കും കിട്ടി. ഇപ്രകാരം വന്ദേരി, കോടേരി, ഇടമന ഇല്ലങ്ങളാണ് 17ആം നൂറ്റാണ്ടുവരെ ഊരാളരായിരുന്നത്. പിന്നീട് വെട്ടത്തുനാട് എന്ന രാജ്യം തന്നെ ഇല്ലാതായി എന്ന കാരണത്താൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാകമ്പനി 1793 മേയ് 24ന് ഏറ്റെടുത്ത് സാമൂതിരിയെ ഏൽപ്പിച്ചു. തുഞ്ചത്ത് എഴുത്തച്ഛനും മേൽപ്പത്തൂരും അച്യുതപ്പിഷാരടിയും ഇവിടത്തെ ഭക്തരായിരുന്നു. എഴുത്തച്ഛൻ ഇരുന്ന് ഭജിച്ച കാഞ്ഞിരത്തറ ഉണ്ട്. അതിലെ ഇല കയ്പ്പില്ല. ഗജപൃഷ്ഠശ്രീകോവിൽ കിഴക്ക് അഭിമുഖം. മുഖമണ്ഡപം ഉണ്ട്. ആദ്യത്തെശ്രീകോവിലിനു മുകളിലായി 9ആം നൂറ്റാണ്ടിൽ പണിത അധിഷ്ഠാനം ആദ്യത്തെ അധിഷ്ഠാനത്തെ ഉപപീഠമാക്കിയിരിക്കുന്നു. ഗർഭഗൃഹത്തിനും മുഖമണ്ഡപത്തിനുമായി 2 പ്രണാളമുണ്ടെന്ന

തും അതിൽ ഗർഭഗൃഹത്തിലേത് സ്തീഭൂതഗണവും മുഖമണ്ഡപത്തിലേത് വാലിന്മേൽ നിൽക്കുന്ന നാഗവുമാണ് താങ്ങുന്നതെന്നതും അപൂർവ്വമാണ്. ശിവക്ഷേത്രത്തിന്റെ ഗണദ്വാരത്തിൽ വടക്ക് നരസിംഹവും പടിഞ്ഞാറ് മഹാവിഷ്ണുവുമാണ്. രണ്ട് തിടപ്പള്ളി. തെക്കുകിഴക്കും വടക്കുകിഴക്കും. ഉപദേവതയായി ഗണപതി കിഴക്ക് അഭിമുഖം. .വടക്കുപടിഞ്ഞാറേ നാലമ്പലത്തിൽ ഉപദേവതയായി വിഷ്ണു കിഴക്ക് അഭിമുഖം. .. വടക്കേ വലിയമ്പലത്തിന്റെ വടക്കുകിഴക്കേ മൂലക്ക് ഉപദേവതയായി പടിഞ്ഞാട്ട് അഭിമുഖമായി പരശുരാമനുമുണ്ട്. പ്രദക്ഷിണവഴിക്ക് പുറത്ത് തെക്കുപടിഞ്ഞാറ് കിഴക്കോട്ട് അഭിമുഖമായി അന്തിമഹാകാലൻ വടക്കുകിഴക്ക് ആൽത്തറമേൽ ഗണപതിയും നാഗങ്ങളും. മര്യാദക്കകത്ത്, നാല് ആലുണ്ട്. വടക്കുകിഴക്ക്, തെക്കുകിഴക്ക്, പടിഞ്ഞാറ്, വടക്ക്. മര്യാദക്ക് പുറത്ത് മുമ്പിലും ആലുണ്ട്. മര്യാദ 2 മീ ഉയരം, 30 സെമീ വീതി ഉള്ളതാണ്. കിഴക്കും തെക്കും വാതിലുണ്ട്. പടിഞ്ഞാറ് ക്ഷേത്രക്കുളത്തിലേക്ക് വഴിയാണ്. (54 സെന്റ് സ്ഥലത്ത് ചെറിയ ചിറ), കിഴക്ക് 3.38 ഏക്കറിൽ വലിയ ചിറ.ശിവലിംഗം 75 സെമീ യോഗിസങ്കൽപ്പം. ഇരിക്കുന്ന ഗണപതി 30 സെമീ. നിൽക്കുന്ന വിഷ്ണുവും പരശുരാമനും 60 സെമീ വീതം അന്തിമഹാകാല. ലിംഗം 22 സെമീ. മഴകിട്ടാനായി വാവുത്സവം 7 ദിനം (തുലാം അമാവാസി ഉത്സവം സപ്തമി മുതൽ) ഉണ്ട്. അമാവാസിക്ക്

ജാഥയായി ദേവനെ വടക്കേ ഗോപുരത്തി ലൂടെ ഭണ്ഡാരക്കാവിലേക്ക് എഴുന്നള്ളിക്കും. അവിടെയാണ് ശ്രീപാർവ്വതി. പോകുന്ന വഴി പുത്രിയായ അമ്പലക്കുളങ്ങര ഭഗവതിയുടെ അടുത്ത് അൽപ്പനേരം നില്ക്കും. രണ്ടു കാ വിലും വിഗ്രഹമില്ല. അമാവാസിക്കു മാത്രമേ ഭണ്ഡാരക്കാവ് തുറക്കുകയുള്ളു . അന്നുരാ ത്രി തന്നെ അതേ ഗോപുരത്തിലൂടെ തിരിച്ചെ ഴുന്നള്ളത്ത്. ആ വാതിലും അന്നുമാത്രമേ തുറക്കൂ. യോഗിയായ ശിവൻ വർഷത്തി ലൊരിക്കൽ പൂർവ്വാശ്രമത്തിലെ ഭാര്യയെ സന്ദർശിക്കുന്ന സങ്കൽപ്പമാണ്. മണ്ഡലകാല ത്ത് ശർക്കരപൂജ കടുംപായസനിവേദ്യമുള്ള ശക്തിപൂജയാണ് ഒരിക്കൽ ക്ഷേത്രം അടച്ച ശേഷം വെട്ടത്ത് രാജാവ് ഇവിടെ വന്ന് തുറക്കണമെന്ന് നിർബന്ധിച്ചുവത്രെ. .പൂജാരി തുറന്ന് രാവിലെ 5 മണിക്കുമുമ്പ് കടുംപായ സം നിവേദിച്ചു. അതിനുശേഷമാണ് നിർമ്മാ ല്യം മാറ്റുക. ഒരിക്കൽ ഒരു ഋഷി രാത്രി ഇവിടെ വിശന്ന് വന്നു. പാർവ്വതി അദ്ദേഹ ത്തിന് പായസം വിളമ്പി. ആ ഓർമ്മക്ക് കൊല്ലത്തിലൊരിക്കൽ ആ ചടങ്ങുണ്ട്. കാലടി ഭട്ടതിരിയെ വധിച്ച പായശ്ചിത്തത്തിന് സാമൂ തിരി തുടങ്ങിയ യാഗബലിയും ചമ്രവട്ടം പുഴയിലെ ആറാട്ടും ഇപ്പോഴില്ല. പഴയ തന്ത്രരി കിഴപ്രക്കാട്ട് ഇല്ലം പട്ടാമ്പി. ഇപ്പോൾ എരമംഗലം പെരുമുടിശ്ശേരി ചേന്നാസ്.



8. ആർദ്രശ്ശേരി മഹാശിവൻ പുരാതനം പരശുരാമ പ്രതിഷ്ഠം. രാജവംശവും ഊരാളനമ്പൂതിരി

മാരും ഭരിച്ചിരുന്ന ക്ഷേത്രമാണ്. ടിപ്പുവിന്റെ കാലത്ത് നാശം സംഭവിച്ചു. ഊരാളരെല്ലാം ഓടിപ്പോയി. 1962ല് കമ്മിറ്റി രൂപീകരിച്ചു. വട്ടശ്രീകോവിൽ ദ്വിതലം. ശിവലിംഗം പീഠത്തിനു മുകളിൽ, 18 സെമീ. അഘോരസങ്കൽപ്പം. അതേ ഗർഭഗൃഹത്തിൽ 2 സ്ഥാനം കൂടി ഉണ്ട്. ശിവലിംഗത്തിന് തെക്കുകിഴക്ക് ഉണ്ണിഗണപതി പാർവ്വതി വടക്കുകിഴക്ക്. ഉപദേവതാക്ഷേത്രത്തിലും വേറെ ഗണപതി ഉണ്ട്. അതിന് 45 സെമീ. വിഷ്ണു 75 സെമീ, നാഗരാജാവും നാഗയക്ഷിയും 30 സെമീ വീതം. . തന്ത്രി കല്ലൂർമന പെരുമണ്ണ ക്ലാരി.

ആദ്രശ്ശേരി ശിവ

ആദ്രശ്ശേരിമഹാശിവ ദ്വാരപാലകൻ.

9. ശിവക്ഷേത്രം കന്മനം വളവന്നൂർ (വലഭന്നൂർ) ഗ്രാമം. പണ്ടുകാലത്ത് ചെറുചോളന്മാരായ മൂസദുമാരുടെ പൂർവ്വികരാണ് ക്ഷേത്രം ഉണ്ടാക്കിയത്. ജലദൃഷ്ടിയാണ്. ഇതും തൃക്കണ്ടിയൂരും ഒരേ അക്ഷാംശത്തിലാണ്. 1981ൽ കമ്മിറ്റി ഉണ്ടാക്കി. ശിവലിംഗം 65 സെമീ. ഉപദേവതകൾ ഗണപതി (30 സെമീ) ശാസ്താ,പ്രഭ,സാത്യകന്മാർ 15 സെമീ വീതം കിഴക്കോട്ട് അഭിമുഖം. തന്ത്രി അണ്ടലാടി പട്ടാമ്പി.

10. വെങ്കടത്തേവര് കോട്ടക്കല് വളരെ പഴയതാണ്. പഴയ പേർ വെങ്കിടക്കോട്ട എന്നാണ്. ശുകസന്ദേശത്തില് ശ്വേതദുര്ഗ്ഗം (അഥവാ സേതഗിരി) എന്ന് പറയുന്നു. വളരെക്കാലം കാടു മൂടി ജീര്ണ്ണിച്ച അവസ്ഥയിലായിരുന്നു. ഒരിക്കല് ഉളിമ്പോടൻ എന്ന ഒരാൾ ചൈതന്യം ദർശിച്ചു. അവിടെ ശിവലിംഗവും കണ്ടു. അവിടെ വള്ളു

വക്കോനാതിരി ക്ഷേത്രം പുനർനിർമ്മിച്ച് കുറു വായൂർ മൂസദ് എന്ന. മുഖ്യനെ ഏൽപ്പിച്ചു. പിന്നീട് 15ആം നൂറ്റാണ്ടിൽ സാമൂതിരി കിഴക്കേ കോവിലകം കോട്ടക്കല് സ്ഥാനം ഉറപ്പിച്ചു. മൂസ ദില് നിന്ന് ക്ഷേത്രം എടുത്തു. ഇവർ ആദ്യം കോഴിക്കോട്ട് തളിയിലെ കിഴക്കേ കോവിലകം പറമ്പിലാണ് താമസിച്ചിരുന്നത്. 1789ൽ ടിപ്പു ആക്രമിച്ചപ്പോൾ എണ്ണക്കാട്ട് കൊട്ടാരത്തിൽ (മാവേലിക്കര) 12 വർഷം താമസിച്ചു. 1801 മുതൽ കോട്ടക്കൽ കിഴക്കേ കോവിലകത്തിന്റേ താണ് ചതുരദ്വിതലം ധ്വജമില്ല. കിഴക്കും പടി ഞ്ഞാറും ദ്വിതലഗോപുരം ഉണ്ട്. നന്ദികേശനും മഹാകാലനുമാണ് പ്രാസാദദ്വാരത്തിലെ ദ്വാര പാലകർ. 19ആം നൂറ്റാണ്ടിലെ മ്യൂറലുകള് പ്രസിദ്ധമാണ്. മകീരം തിരുനാൾ ഏറാൾപ്പാട് പറഞ്ഞ് എളങ്കാമഠം ശങ്കരന്നായരും ശിഷ്യൻ ആറങ്ങോട്ട് ഭരതപ്പിഷാരടിയും ചെയ്തതാണ്. ശങ്കരൻ നായരുടെ ഗുരു പൂന്താനത്ത് കൃഷ്ണ പ്പിഷാരടി 10 വർഷം കൊണ്ട് (1866-1878) ചെയ്തവയുണ്ട്. പ്രധാനവിഗ്രഹത്തിന്റെ ധ്യാനശ്ലോകം ശക്തിപഞ്ചാക്ഷരിയാണ്. ഇതനു സരിച്ച് കൽപ്പവൃക്ഷച്ചുവട്ടിൽ ശിവനും പാർവ്വ തിയും ഗണപതിയും ഗുഹനും ഇരിക്കുന്നത്, അർദ്ധനാരീശ്വരൻ, അഷ്ടഭുജനായി അഘോര ശിവൻ, കിരാതാർജ്ജുനന്മാർ,ഭൂമിയെ കയ്യി ലേന്തിയ വരാഹമൂര്ത്തി,ഓടക്കുഴൽ വിളി ക്കുന്ന കൃഷ്ണൻ, ഗണപതിയും ഋഷിമാരും, സരസ്വതി, രാജരാജേശ്വരി, ദക്ഷിണാമൂർത്തി, ധന്വന്തരി, ദുർഗ്ഗ, ഭദ്രകാളി, ശാസ്താവ് കുതി രപ്പുറത്ത്, പരശുരാമൻ, ഗരുഡൻ, വിഷ്ണു

മായ,കൃഷ്ണനും ഗോപിമാരും അന്നപൂർണ്ണേശ്വരി, മഹിഷാസുരമർദ്ദിനിയും പരിവാരവും ശ്രീദേവിഭൂദേവിമാരോടുകൂടിയവിഷ്ണു നരസിംഹം, അശ്വാരൂഢയായി പാർവ്വതി, പാർത്ഥസാരഥി, രാമനും സീതയും,ശങ്കരനാരായണൻ, രാമായണം വായിക്കുന്ന ഹനുമാൻ, രാമനും സുഗ്രീവനും ഇങ്ങനെ നിരവധി ചിത്രങ്ങളുണ്ട്. ശിവലിംഗം 60 സെമീ. ഗണപതി 45 സെമീ, അയ്യപ്പൻ 27 സെമീ, തന്ത്രി കല്ലൂർ മന ക്ലാരി. ശാന്തിക്കാർ 3 കുടുംബമാണ്. നടുക്കാട്ട്, കാരാട്ട്, മൂസാംബൂരി ഇല്ലം. നാലു മാസം വീതം ഓരോ ഇല്ലവും ഊഴം വെച്ച് ശാന്തി ചെയ്യും.



വെങ്കടത്തേവർപ്രദോഷനൃത്തം

വെങ്കടത്തേവർഭദ്രകാളിയും പാർത്ഥസാരഥിയും

വെങ്കടത്തേവർശിവനുംമോഹിനിയും

വെങ്കടത്തേവർ.ഭൂദേവിശ്രീദേ
വിസമേതമഹാവിഷ്ണു

വെങ്കടത്തേവർവരാഹമൂർത്ത।

Venkitathevar

11. വിശ്വംഭരമഹാവിഷ്ണു കോട്ടക്കൽ ആര്യ വൈദ്യശാലക്കാരായ പന്നിയംപള്ളിവാരിയ ക്കാരുടെയാണ്. പുതിയ ക്ഷേത്രം. 1929 ഫെ

ബ്രുവരി 3ന് തറക്കല്ലിട്ടു. 1932ൽ പ്രതിഷ്ഠ. നിൽക്കുന്ന വിഷ്ണു ചക്രം ശംഖം ഗദ, അമൃതകുംഭം ധരിച്ച് ധന്വന്തരിയാണ്. തന്ത്രി മേലേടത്ത് ഇല്ലം. വെള്ളാളശ്ശേരി കോഴിക്കോട്.

12. പാണ്ടമംഗലം കൃഷ്ണസ്വാമി. കോട്ടക്കൽ വളരെ പുരാതനം. പരശുരാമന്റെ നിർദ്ദേശ പ്രകാരം പഞ്ചപാണ്ഡവർ തങ്ങൾക്ക് പൂജിക്കാനായി പ്രതിഷ്ഠിച്ചു. പാണ്ഡവമംഗലമാണ് പേരു മാറിപ്പോയത്. ഇപ്പോഴുള്ള സ്ഥലത്തുനിന്ന് അര കിമീ തെക്കായിരുന്നു ആദ്യം വിഗ്രഹം. തീപ്പിടുത്തത്തിൽ എല്ലാം നശിച്ച് വിഗ്രഹം ചളിയിൽ പൂണ്ടു. കോട്ടക്കൽ കോവിലകത്തെ മനോരമത്തമ്പുരാട്ടിയുടെ മകൻ ഭാര്യവീട്ടിൽനിന്ന് വരുമ്പോൾ ഇവിടെ വെച്ച് ഇടക്കിടെ ശംഖനാദം കേട്ടു. ദേവപ്രശ്നം വെപ്പിച്ചു. ഖനനം ചെയ്ത് ശില കൊണ്ടുള്ള കൃഷ്ണവിഗ്രഹം കുഴിച്ചെടുപ്പിച്ചു. 18ആം നൂറ്റാണ്ടിൽ പ്രതിഷ്ഠിച്ചു. അതിനു ശേഷം സന്തതി ഉണ്ടായി. കോട്ടക്കൽ കോവിലകംവക ക്ഷേത്രമാണ്. 75 സെമീ ചതുർബ്ബാഹുവിഗ്രഹം ബാലഗോപാലസങ്കൽപ്പമാണ്. 15 സെമീ ബ്രഹ്മരക്ഷസ്സിനും പ്രതിഷ്ഠ ഉണ്ട്. തന്ത്രി കല്ലൂർ ഇല്ലം എടരിക്കോട്.

13. മഹാഗണപതി ഇന്തനൂർ.പുരാതനം. രണ്ട് ശ്രീകോവിലുണ്ട്. ശിവനും വിഷ്ണുവും. മുമ്പ് ഇവ രണ്ട് ദേശത്തായിരുന്നു. ശിവൻ കോട്ടക്കലും വിഷ്ണു അച്ചിപ്രയും. ഈ രണ്ടും ചേർന്നതാണ് ഇന്തനൂർ. വാസ്തുവിൽനിന്ന് രണ്ടും സ്വതന്ത്രക്ഷേത്രങ്ങളായിരുന്നു

എന്ന് വ്യക്തം. ശിവക്ഷേത്രം കുന്നിന്റെ മുകളിലാണ് പഴയതാണ്. വിഷ്ണുക്ഷേത്രം കുന്നിനു കുറച്ച് താഴെ ഇറങ്ങിയാണ്. ശിവന്റെ പുനപ്രതിഷ്ഠാസമയത്ത് കലശശുദ്ധി നടത്തി, തെക്കേ വാതിലിലൂടെ പുറത്ത് പോകുന്ന നാരാണത്തുഭ്രാന്തനെ ഗണപതി തുമ്പിക്കൈ കൊണ്ട് പിന്നിലേക്ക് വലിച്ചുവത്രെ. ശ്രീകോവിലിന്റെ തെക്കേ ചുമരിൽ ഗണപതിരൂപം പ്രത്യക്ഷമായി എന്നും നാരായണത്ത് ഭ്രാന്തൻ വരച്ചു എന്നും രണ്ട് അഭിപ്രായം ഉണ്ട്. അവിടെ ഭ്രാന്തൻ പൂജ ചെയ്തു. ചിത്രമാണ് സ്വയംഭൂ. ശിലാഅർച്ചനാബിംബം പിന്നെ വെച്ചതാണ്. എന്നും രാവിലെ ചിത്രത്തിലെ ശക്തിയെ ശിലയിലേക്ക് ആവാഹിക്കും. രാത്രി തിരിച്ചും. പ്രധാനകവാടം അടച്ചിട്ടിരിക്കയാണ് നന്ദി പുറത്താണ്. ഇതിനെ സംബന്ധിച്ചും അഭിപ്രായവ്യത്യാസമുണ്ട്. 1. ബാലസുബ്രഹ്മണ്യനെ കളിക്കുമ്പോൾ വീഴാതെ നോക്കാൻ നന്ദിയും അഷ്ടദിക്പാലന്മാരും പുറത്തിരിക്കയായിരുന്നു. എന്നിട്ടും കുട്ടി വീണു. ശിവൻ കോപിച്ച് നന്ദിയെ പുറത്തേക്ക് എറിഞ്ഞു എന്ന് ഒരു കഥ. 2. ശിവപാർവ്വതിമാരുടെ വിവാഹശേഷം പാർവ്വതി പ്രസവിക്കുന്ന സമയത്ത് ആരും കാണാതിരിക്കാനാണ് നന്ദിയെ പുറത്താക്കി വാതിലടച്ചത്. ഈ കഥക്ക് ഉപോദ്ബലകമായി മനോഹരമായ ഒരു ദാരുശിൽപ്പം ശിവലിംഗത്തിനു പിന്നിലുണ്ട്. 1.52 മീ

ഉയരമുള്ള ശിവൻ നിൽക്കുന്നു. പാർവ്വതി അപ്പോൾ മാത്രം ജനിച്ച ബാലസുബ്രഹ്മണ്യനെ കയ്യിലെടുത്ത് ശിവനെ കാണിക്കുന്നു. പുരാതനകാലം മുതൽ വള്ളുവക്കോനാതിരിയുടെ ക്ഷേത്രമാണ്. പഴയ തമിഴകം ഭരിച്ചിരുന്ന ഇന്ദുക്കോത നിർമ്മിച്ചതിനാലാണ് ഇന്ദുക്കോതനൂർ നാമം എന്നും അതാണ് ഇന്തനൂരായതെന്നും അഭിപ്രായം കാണുന്നുണ്ട്. എന്നാൽ വരരുചികഥയിൽ നരവാഹമദത്തനെന്ന പാണ്ഡ്യകുലശേഖരനെ ഇത്യകനെന്ന സഹോദരീഭർത്താവ് (തലപ്പള്ളി കക്കാട്ട്) വധിച്ചതുവരെ. സേതദുർഗ്ഗം ഇത്യകന്റേതായിരുന്നു എന്ന് കാണാം. ഇത്യകനൂരും ഇന്തനൂരാവാം. മൂന്നാമതും ഒരു കാരണം കാണുന്നു. ഇമ്മൈയിൽ നന്മൈ തരും ഊരെന്ന തമിഴകത്തെ ഇതേ പോലുള്ള ശിൽപ്പമുള്ള ക്ഷേത്രം ഇ, ന്, ,ത, എന്ന ആദ്യാക്ഷരം ചേർത്ത് ഇന്തനൂരായതാവണം. ഈ ജന്മത്തിൽത്തന്നെ മുക്തി തരുന്ന ഊരെന്ന് അർത്ഥം. ഇവിടെ ഉണ്ടായിരുന്ന ലിഖിതം കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ ചരിത്രവിഭാഗം എടുത്തുകൊണ്ടുപോയി. 1963 മുതൽ കോവിലകം ദേവസ്വം ട്രസ്റ്റിനു കീഴിലാണ്. ശിവന് ചതുരദ്വിതല ശ്രീകോവിൽ തെക്കേ ചുമരിൽ ഗണപതി. വിഷ്ണുവിന് വട്ടശ്രീകോവിൽ ഏകതലം. തെക്കുപടിഞ്ഞാറ് മേൽക്കൂര ഇല്ലാത്ത ശ്രീകോവിൽ വേട്ടേക്കരനാണ്. വടക്കുകിഴക്ക് അഗ്രശാല. കിഴക്ക് 2 ക്ഷേത്രക്കുളം45 സെമീ

ശിവലിംഗം അർദ്ധനാരീശ്വരസങ്കൽപ്പം. പിന്നിലെ ശിവനും പാർവ്വതിയും പീഠത്തി ൽനിന്ന് മുകളിൽ 1.52 മീ. ചതുർഭുജവിഷ്ണു 75 സെമീ, വേട്ടേക്കരൻ ഉരുണ്ട ശില, ഇരി ക്കുന്ന അയ്യപ്പൻ 45 സെമീ. നാഗം 27 സെമീ.
തന്ത്രി കല്ലൂർ മന
ക്ലാരി

Dr Suwarna Nalapat



14. പൊന്മല ശിവക്ഷേത്രം വളരെ പുരാതനം. . കടലുണ്ടി പുഴ 1 കിമീ വടക്ക്. ഖരപ്രതി ഷ്ഠ. ടിപ്പു നശിപ്പിച്ചിട്ടുണ്ട്. ഊരാളന്മാരിലൊ രാളായ കരിപ്പോട്ട് മൂസ്സ് 17 കോലുള്ള പ്ലാ വു കൊണ്ട് ശ്രീകോവിൽ പുനർനിർമ്മിച്ചു. കൊച്ചിരാജകുടുംബത്തിന്റെ ക്ഷേത്രമാണ്. 1923ൽ പുന്നശ്ശേരി നമ്പി കലശം നടത്തി. തമിഴ്നാട് രാമേശ്വരത്തുനിന്ന് കൊണ്ടുവന്ന ബിലാമരത്തിന്റെ ഇല ചെറുതാണ് .മൂന്ന്

ഊരാലരുണ്ട്. കരിപ്പോട്ട്, നേമത്ത്, ചണ്ണഴി. 1947ൽ ട്രസ്റ്റി ബോഡ് എടുത്തു. ഊരാളർ കുടുംബങ്ങലിൽനിന്ന് 3 പേർ അംഗങ്ങളാണ്. അവരാണ് നാമനിർദ്ദേശം ചെയ്യുന്നത്. തൃക്കണ്ടിയൂർ സമുച്ചയത്തിന്റേയും കുളത്തിന്റേയും അതേ അളവിലാണ് വാസ്തു. ശിവന് 75 സെമീ . നടു ടിപ്പു പൊട്ടിച്ചിട്ടുണ്ട്. ഗണപതി 35 സെമീ. പ്രധാനക്ഷേത്രത്തോട് ചേർന്ന് പ്രതിഷ്ഠ. നാലമ്പലത്തിന്റെ തെക്കുപടിഞ്ഞാറ് മറ്റൊരു ഗണപതി ഇരിക്കുന്നു. 27 സെമീ. സുബ്രഹ്മണ്യനെ അരക്കുമേലെ നശിപ്പിച്ചിരിക്കുന്നു. കൈകളും പൊട്ടിച്ചിട്ടുണ്ട്. ഇരിക്കുന്ന അയ്യപ്പൻ 30 സെമീ. തന്ത്രി വൈക്കപ്പറ്റ നാറാസ് മന.

15. കാടാമ്പുഴ ഭഗവതി മാറാക്കര പഞ്ചായത്ത്

മേൽമുറിഗ്രാമം. മഹാഭാരതത്തിലെ കിരാതാർജ്ജുനീയവുമായി ബന്ധപ്പെട്ട ക്ഷേത്രം. പാണ്ഡവരുടെ വനവാസകാലത്ത് വ്യാസൻ മുന്നിലെത്തി. ശിവനെ പ്രസാദിപ്പിച്ച് പാശുപതാസ്ത്രം വാങ്ങാൻ ഉപദേശിച്ചു. അർജ്ജുനന്റെ ഘോരതപം കണ്ട് മനസ്സലിഞ്ഞ പാർവ്വതി വരം കൊടുക്കാൻ ശിവനോട് അഭ്യർത്ഥിച്ചു. അഹങ്കാരം നീക്കിയ ശേഷം കൊടുക്കാമെന്ന് ശിവനും പറഞ്ഞു. കിരാതകിരാതിവേഷം ധരിച്ച് അവര് ഭൂമിയിലെത്തി. അതേ സമയം ദുര്യോധനൻ അയച്ച അസുരനും പന്നിവേഷം ധരിച്ച് വന്നു. കിരാതാർജ്ജുനയുദ്ധവും പാശുപതാസ്ത്രലബ്ധിയും ഇവിടെ വെച്ചാണെന്ന് പറയുന്നു. പാർവ്വതി

ക്ക് ദാഹിച്ചപ്പോൾ ശിവൻ ഭൂമിയിലേക്ക് അമ്പയച്ച് ദലം വരുത്തി. കാടനാൽ (കിരാത) അമ്പ് എയ്ത് ഉണ്ടാക്കിയ അള അഥവാ മാളം കാടാമ്പുഴയായി. ആകാശഗമനം ചെയ്യുന്ന ശങ്കരാചാര്യർ ഇവിടത്തെ ചൈതന്യം കണ്ടു. ചൈതന്യം മലയോരതാഴ്‌വരയിലേക്ക് നീങ്ങി. ചൂടുകാരണം അദ്ദേഹത്തിന് അതിനടുത്ത് എത്താനായില്ല. അപ്പോൾ നരസിംഹമൂർത്തിയെ ധ്യാനിച്ച് പ്രത്യക്ഷമാക്കി. സുദർശനചക്രത്തിന്റെ സഹായത്താൽ ശക്തി കിട്ടി. അടുത്തെത്തിയപ്പോൾ ചൈതന്യം 3.8 സെമീ ഉള്ള അളയിലേക്ക് അപ്രത്യക്ഷമായി. ഈ അളയിൽനിന്നാണ് ശിവൻ ജലം വരുത്തിയത്. അവിടെ ശങ്കരാചാര്യർ അർജ്ജുനൻ കണ്ട തവരിതാരൂപത്തിൽ പാർവ്വതിയെ ദർശിച്ചു. തവരിതാസങ്കൽപ്പത്തിൽ പൂജ ചെയ്തു. പൂജക്കും നിവേദ്യത്തിനും ചാങ്ങാലിയോട് ഇല്ലത്തെ കാരണവരും വാരിയർ കുടുംബവും സഹായിച്ചു. ആചാര്യർ അടുത്തുള്ള ചോലയിൽനിന്ന് ജലമെടുത്ത് സ്വയംഭൂസ്ഥാനത്ത് അഭിഷേകം ചെയ്തു. തെച്ചിപ്പൂക്കൾ മന്ത്രോച്ചാരണത്തോടെ അളയിൽ അർച്ചിച്ചു. വൃശ്ചികത്തിലെ തൃക്കാർത്തികക്കാമ് ഇത് സംഭവിച്ചത്. ഇപ്പോഴും അന്ന് ദേവിക്ക് പൂമൂടൽ നടത്തുന്നു. കാടാമ്പുഴ വാരിയത്തെ ക്ഷേത്രകാര്യം നോക്കാനേൽപ്പിച്ചു. പൂജാവിധി നിശ്ചയിച്ചു. മാന്യമംഗലത്ത് കാടാമ്പുഴ വാരിയത്തിനു കിട്ടും മുമ്പ് ചാങ്ങിലിയോട്ട് നമ്പൂതിരിയും പാറമേല് ഭട്ടതിരിയുമായിരുന്നു. ഊരാളർ. 1921

ൽ ക്ഷേത്രം കൊള്ളയടിച്ച് ജംഗമവസ്തുക്ക ളും പൂജാപാത്രങ്ങളും അടക്കം കൊണ്ടുപോ യി ഊരാളർ ഭയപ്പെട്ട് വടക്കൻ പറവൂരി ലേക്ക് ഓടിപ്പോയി. പിന്നീട് തിരിച്ചുവന്ന് പാത്രങ്ങളെല്ലാം വാങ്ങി പൂജ പുനരാരം ഭിച്ചു. 1974ൽ ദേവപ്രശ്നം വെച്ചു.

ഇവിടെ ആദ്യം ചൈതന്യം അനുഭവപ്പെട്ടത് 1880 വർഷം മുമ്പ് എഡി ഒന്നാം നൂറ്റാണ്ടിൽ രാജ്യം ഭരിച്ചിരുന്ന ചക്രവർത്തിക്കാണ്. എട്ടാം നൂറ്റാണ്ടിൽ ഒരു യോഗിക്കും അനുഭ വപ്പെട്ടു. (ഈ യോഗി ശങ്കരാചാര്യരാവാം എന്നത് അനുമാനമാണ്). അന്നുമുതൽ 18ആം നൂറ്റാണ്ടുവരെ തുടർച്ചയായി പൂജ നടന്നു. പുനരുദ്ധാരണം 2002ലാണ് നടന്നത്. രണ്ടാമ ത്തെ ടെറസ്സ്

ഇറങ്ങിവന്നാൽ നടപ്പുരയിൽ ശാസ്താ,പ്രഭ,സാത്യകന്മാരുണ്ട്.വടക്കേ അറ്റത്ത് നാഗകന്യക കിഴക്കോട്ട് അഭിമുഖം. വാതിൽമാടത്തിൽ പുഷ്പം ശുദ്ധമാക്കാനും വാദ്യോപകരണം സൂക്ഷിക്കാനും സ്ഥലമുണ്ട്. നാലാമത്തെ ടെറസ്സിൽ 1.2 മീ ഉയർന്ന തറമേലാണ് നരസിംഹമൂർത്തിയും സുദർശനചക്രവും. ഈ തറക്ക് കിഴക്ക് ശ്രീകോവിൽ. ഇതിന്റെ ഒരു ഭാഗം താണ ലവലിൽ 5ആം ടെറസ്സിലാണുള്ളത്. ത്രിപുരാചൈതന്യം ഒരു അളയിലാണ്. അതാണ് ശ്രീമൂലസ്ഥാനം. 3.8 സെമീ വ്യാസം. ആഴം അറിയില്ല. പൂജാവിഗ്രഹം പഞ്ചലോഹം കണ്ണാടി. ഏകതലദീർഘചതുരശ്രീകോവില്. നാലുകെട്ടുപോലെ. നാലുവശം ഉയർത്തി മേൽക്കൂര ഇല്ലാത്ത കാവാണ്. പ്രതിഷ്ഠിച്ച. സ്ഥിരവിഗ്രഹം ഇല്ല. ദേവീസങ്കൽപ്പം മൂന്നുരൂപത്തിലാണ്പരാശക്തി, മൂലദുർഗ്ഗ, വനദുർഗ്ഗ. ഏറ്റവും പ്രധാനവും അനുഗ്രഹദായകവും ത്വരിതാ(മൂലദുർഗ്ഗാ) സങ്കൽപ്പമാണ്.രാവിലെ സരസ്വതാസങ്കല്പ്പമാണ് ദുർഗ്ഗക്ക്. പൂമൂടലിനും ഉച്ചപ്പൂജക്കുമാണ് മൂലദുർഗ്ഗ.(ത്വരിത) അത്താഴപ്പൂജക്ക് വനദുർഗ്ഗ. ശിവനും ഗണപതിയും ഗർഭഗൃഹത്തിൽ സങ്കൽപ്പപ്രതിഷ്ഠ. മണ്ഡപത്തിന്റെ തെക്കുവശത്ത് നരസിംഹം ശിലാവിഗ്രഹമാണ്. സുദർശനചക്രവും നരസിംഹവും 30 സെമീ വീതമാണ്. അരൂപമായ ശാസ്താവിന് 30 സെമീ. നാഗകന്യ 30 സെമീ.

ഇവിടത്തെ പൂമൂടലെന്ന പൂർണ്ണപുഷ്പാഞ്ജലി 10-11.30 സമയത്താണ് നടക്കുക. ഇത് ത്വരിതക്കാ

ണ്. 12 കുടന്ന തെച്ചിപ്പൂവ് ഒരു പൂർണ്ണപുഷ്പാ ഞ്ജലിക്ക് വേണം., ഒരു ദിവസം ഒരു പ്രാവശ്യമേ ചെയ്യുകയുള്ളു. മുട്ടറുക്കലെന്ന വഴിപാടുണ്ട്. ആരോഗ്യത്തിനു ദേഹമുട്ട്, ,ജോലിക്ക്തൊഴിൽമുട്ട് വിദ്യക്ക് വിദ്യാമുട്ട്, വിവാഹം സന്താനലബ്ധി ,ഗൃഹം ഇവക്ക് വിവാഹമുട്ട് സന്താനമുട്ട് ഗൃഹമുട്ട് ഇവ കൂടാതെ ഇപ്പോൾ വാഹനമുട്ടും വിസമുട്ടും വരെ ഉണ്ട്. ഇതിനു വരുന്നവർ നാളികേരം കൊണ്ടുവന്ന് കുളത്തിൽ കഴുകി പൂജാരിക്ക് കൊടുക്കണം. ഇവിടെ ഉത്സവമില്ല. തൃക്കാർത്തികക്ക് താന്ത്രികാചാരപ്രകാരം ചട ങ്ങുകളുണ്ട്. ധനുവിലും മകരത്തിലും ഋഗ്വേദ ലക്ഷാർച്ചന ഉണ്ട്. ദ്രവ്യകലശം ഇടക്കിടെ നടക്കും. പ്രതിഷ്ഠ യോഗിയാണ് ചെയ്തത്. ശങ്കരനോ നശങ്കരശിഷ്യനായ പത്മപാദരോ ആവാം എന്ന് നരസിംഹം, സുദർശനം ഇവയുടെ പ്രാധാന്യം കാണിക്കുന്നു. തന്ത്രി അണ്ടലാടി പട്ടാമ്പി മരുതൂർ. മേൽശാന്തി പുതുമന.

16. ഋഷിപുത്തൂർ എടയൂർ പഴയതാണ്. ഋഷിക്ക് ശിവൻ സ്വയംഭൂവായി പ്രത്യക്ഷപ്പെട്ടു. മൈ സൂർ ആക്രമണകാലത്തും മാപ്പിലലഹളക്കാല ത്തും നഷ്ടങ്ങളുണ്ടായി. 1970 വരെ കളരി ക്കൽ പുത്തൂർമഠത്തിന്റെയായിരുന്നു. ഏകത ലവൃത്തശ്രീകോവിൽ. പടിഞ്ഞാട്ട് അഭിമുഖം. നമസ്കാരമണ്ഡപത്തിന് തറമാത്രം. ഇതിന്റെ മേൽക്കൂര വീണിരുന്നു. കിണറും നശിച്ചു. മാതൃശിലയും ബലിപീഠവും കഷ്ണംകഷ്ണ

മായി അമ്പലപ്പറമ്പിൽ കിടക്കുന്നു ചുറ്റമ്പല ലത്തിന്റെ തറയുടെ ഒരു ഭാഗമേ ബാക്കിയുള്ളു. ല്ലായിടവും ചിതറിക്കിടക്കുന്ന കല്ലുകളാണ്. വടക്കുപടിഞ്ഞാറ് ശാസ്താവിന് ക്ഷേത്രം. പടിഞ്ഞാട്ട് അഭിമുഖം. ക്ഷേത്രക്കുളം ജീർണ്ണിച്ചുകിടക്കുന്നു. ചുറ്റും മലകളും വയലുകളും. മുന്നില് ചെറിയ അരുവി പഴയ പ്രതാപത്തിന്റെ ലക്ഷണം മാത്രം ബാക്കി.ശിവൻ 21 സെമീ ലിംഗം ശിവപാർവ്വതീസങ്കൽപ്പം. ശാസ്താ 30 സെമീ പ്രഭ,സാത്യകന്മാര് 15 സെമീ വീതം. തന്ത്രി അണ്ടലാടി മന.

17. പൂക്കാട്ടിയൂര് മഹാവിഷ്ണു. പൂക്കാട്ടിരി എ്ടയൂർ ഗ്രാമം. വളാഞ്ചേരി (വലഭഞ്ചേരി) നിന്ന് 4 കിമീ വടക്കുകിഴക്ക് , പെരിന്തൽമണ്ണറോഡില് 1 കിമീ ചെന്നാൽ വലിയ കുന്ന്. അത്തിപ്പറ്റദേശം. ക്ഷേത്രത്തിന്റെ. 4 കിമീ തെക്കുപടിഞ്ഞാറ് കുന്തിപ്പുഴ ഒഴുകുന്നു. 11ആം നൂറ്റാണ്ടിലാണ് മൂത്തമല മനക്കാർക്ക് ലഭിച്ചത്. 1970 മുതൽ ഈ ക്ഷേത്രത്തിനും മഹാദേവക്ഷേത്രത്തിനും കൂടി 13 അംഗമുള്ള ഒരു മാനേജ്മെന്റ് കമ്മിറ്റിയാണ്. 92 സെന്റിലാണ് ക്ഷേത്രസമുച്ചയം. രണ്ടു ക്ഷേത്രത്തിനും കൂടിയുള്ള കുളത്തിന് കണ്ടൻകുളം (കന്തൻ എന്നത് രാജനാമമാണ്) എന്നാണ്. പേര്. ദ്വിതലവൃത്തശ്രീകോവിലാണ്. കിഴക്ക് അഭിമുഖം. 1982ൽ ദ്വിതലഭാഗം അഷ്ടഭുജമാക്കി. വടക്കുകിഴക്കേ നാലമ്പലം സരസ്വതീപൂജക്കാ

ണ്. തെക്കുപടിഞ്ഞാറ് ഗണപതിയും വേട്ടേക്ക
രനും. അഗ്രമണ്ഡപത്തിൽ വലിയ ബലിക്കല്ല്.

വടക്കുകിഴക്ക് ഗോശാലകൃഷ്ണൻ കിഴക്ക് അഭിമു
ഖം.കിഴക്കും പടിഞ്ഞാറും രണ്ട് പ്രവേശനദ്വാരം.
ചുറ്റുമതിലുകളെല്ലാം മങ്ങിപ്പോയിരിക്കുന്നു. വിഷ്ണു
വിഗ്രഹം നശിപ്പിച്ചതിനാൽ പഞ്ചലോഹകവചം
കൊണ്ട് മൂടിയിരിക്കയാണ്. നിൽക്കുന്ന 75 സെമീ
ചതുർഭുജവിഷ്ണു. ഗണപതി 27 സെമീ. ഇരി
ക്കുകയാണ്. നിൽക്കുന്ന വേട്ടേക്കരൻ 27 സെമീ.
നിൽക്കുന്ന ഗോശാലകൃഷ്ണൻ 75 സെമീ. തന്ത്രി
കാലടി പടിഞ്ഞാറേടത്ത് മന.

18. പൂക്കാട്ടിയൂർ മഹാദേവക്ഷേത്രം എടയൂർ.
വിഷ്ണുക്ഷേത്രത്തിന്റെ തെക്ക്. കുന്നിൻപുറ
ത്താണ്. പടിഞ്ഞാറുവശം വയലുകളാണ്.
കിഴക്കേ കുന്നിനെ മാറാംകുന്ന് എന്ന് വിളി
ക്കുന്നു. 1 കിമീ വ്യാസത്തിനകത്ത് 3 കുന്നുക
ളുണ്ട്. പടിഞ്ഞാറ് അരുവിയും. തെക്കുപടി
ഞ്ഞാറ് അയ്യപ്പക്ഷേത്രം. 12ആം നൂറ്റാണ്ടിലാണ്
ഇവിടത്തെ സ്വയംഭൂലിംഗം കണ്ടുപിടിച്ചത്.
അതിനു മുമ്പേ വിഷ്ണുക്ഷേത്രം ഉണ്ട്. കഥ
ഇങ്ങനെ. മൂത്തമലമന കാരണവർ തിങ്കൾ
ഭജനത്തിന് തൃശൂരിലെ വടക്കുന്നാഥനിലേക്ക്
പോകാറുണ്ട്. മാസാവസാനം പോകും .
മാസാദ്യം കൂടി തൊഴുത് വരും. വയസ്സായ
പ്പോൾ നടക്കാൻ വയ്യാതെ ക്ഷേത്രത്തിനകത്ത്
ക്ഷീണിച്ച് കിടന്നുറങ്ങി. സ്വപ്നത്തിൽ ശിവ
ദർശനം കിട്ടി. ഇനി ഇവിടേക്ക് വരണ്ട.
പഴയ വിഷ്ണുക്ഷേത്രത്തിനു തെക്ക് ഞാൻ
സ്വയംഭൂവായി ഉണ്ട് എന്ന് പറഞ്ഞു. ചെറു

മി പുല്ലരിയുമ്പോൾ പൂക്കാട്ട് മലയിലെ പഴയ വിഷ്ണുക്ഷേത്രത്തിനു തെക്കേ കുന്നിൽ കല്ലിൽ രക്തം പൊടിഞ്ഞു. പൂക്കാട്ട് മലയിലെന്ന് പറഞ്ഞ് ഓടുമ്പോൾ അവൾ കുളത്തിൽ വീണ് മരിച്ചുപോയി. (ഒടുങ്ങ്ങാട്ടുകുളം). വടക്കുന്നാഥദർശനം കഴിഞ്ഞുവന്ന കാരണവർ ഈ സംഭവം കേട്ടു.അദ്ദേഹം ആ സ്വയംഭൂ വിഗ്രഹം കണ്ടെടുത്തു. ആദ്യം പാറങ്ങോട്ടു മനയും മൂത്തമലമനയും ഊരാളരായിരുന്നു. പാറങ്ങാട്ടുമന നാമാവശേഷമായി. 1970 വരെ മൂത്തമലമന മാത്രം ഭരിച്ചു. ഇപ്പോൾ കമ്മിറ്റിയാണ്. 8.81 ഏക്കർ സ്ഥലമുണ്ട്. 62 സെന്റ് കുളമാണ്. 26 സെന്റ് അയ്യപ്പൻകാവ്. 85 സെന്റ് തോട്ടം. 1 ഏക്കറിൽ ക്ഷേത്രസമുച്ചയം. 100 വർഷം മുമ്പാണ് ശ്രീകോവിലും ചുറ്റമ്പലവും പുനരുദ്ധരിച്ചത്.


IMPORTANT WORKS
FEBRUARY 2011
27 SUNDAY
JAN 2011
FEB 2011
Reality is merely an illusion, albeit a very persistent one


IMPORTANT WORKS
FEBRUARY 2011
heit a very persistent one.
IMPORTANT WORKS
10th Week 59 Days
28
MONDAY
FEBRUARY 2011
one letter
1st 2 letters
A Part read
A little inaccuracy sometimes saves a ton of explanation.
FEB 2011
MAR 2011

10th Week 60 Days

01

TUESDAY

IMPORTANT WORKS

MARCH 2011

Right Side

FEB 2011

S	M	T	W	T	F	S
		1	2	3	4	5
6	7	8	9	10	11	12
13	14	15	16	17	18	19
20	21	22	23	24	25	26
27	28					

MAR 2011

S	M	T	W	T	F	S
		1	2	3	4	5
6	7	8	9	10	11	12
13	14	15	16	17	18	19
20	21	22	23	24	25	26
27	28	29	30	31		

I shall not waste my days in trying to prolong them.


TOP
IMPORTANT WORKS
MARCH 2011
(Last line may not be correct — being partially available.)
prolong them.
Against stupidity, the gods themselves contend in vain.
MAR 2011
APR 2011


paper cutting.


Reverse
Wise men make proverbs, but fools repeat them.
MAR 2011





മുഖമണ്ഡപത്തിന്റെ തെക്കുവശം ഗണപതിയമ്പലം തെക്കോട്ട് അഭിമുഖം. ചുറ്റമ്പലത്തിന് നാലുവശം വാതിലുണ്ട്. ആകെ 7 വാതിലാണ് ഉള്ളത്. കിഴക്കും പടിഞ്ഞാറും ഓരോന്ന് വീതം, തെക്ക് 2, വടക്ക് 3. വാതിൽമാടം വളരെ വലുതാണ്. 2.43 മീ നീളം 2.23 വീതി. അതിലെ ഉന്തിനില്ക്കുന്ന ഘാഗങ്ങളിലാണ് ഭഗവതിക്ഷേത്രവും തെക്കും വടക്കും ഓരോ മുറികളും. അയ്യപ്പൻ തെക്കുപടിഞ്ഞാറ് കിഴക്കോട്ട് അഭിമുഖം. ഭഗവതിക്കും ശിവനും ശിലാദീപസ്തംഭമുണ്ട്. വലിയമ്പലത്തിന്റെ വടക്കുഭാഗം 2 ശിലാഫലകത്തിൽ ലിഖിതങ്ങളുണ്ട്.

ഇവ വളരെ പ്രധാനപ്പെട്ട ചില വിവരങ്ങൾ തരു ന്നുണ്ട്.കേരളത്തിലെ ലകുശീശസംപ്രദായം,ഇരുക്കു വേല്, ഇവിടത്തെ സംഗീതനൃത്തപാരമ്പര്യം ഇവ ക്കെല്ലാം തെളിവുകളുണ്ട്. (ഞാൻ ആദ്യമായി ഈ ലിഖിതം വായിച്ചതിന്റെ ഘട്ടങ്ങളും പുരോഗതിയും കാണിക്കാനായി അന്നത്തെ മാനുസ്ക്രിപ്റ്റ് പേജുക ളുടെ സ്കാൻ കോപ്പി ഇവിടെ കൊടുക്കുന്നു. പൂർണ്ണവിവരണം നേരത്തേ പബ്ലിഷ് ചെയ്തിട്ടു ണ്ട്.) മഹാദേവനെ ശിവപാർവ്വതീസങ്കൽപ്പത്തിലാ ണ് 41.5 സെമീ ലിംഗത്തിൽ പൂജിക്കുന്നത്. ലിംഗം താഴ്ന്ന പീഠത്തിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. ഗണപതി ഇരിക്കുന്ന 37 സെമീ തെക്കോട്ട് അഭിമു ഖം. അയ്യപ്പൻ കിഴക്ക് അഭിമുഖം 27 സെമീ ലിം ഗം. ഭഗവതി പടിഞ്ഞാട്ട് അഭിമുഖം കണ്ണാടിശില 63 സെമീ.. ജലധാരയും ഇളനീർധാരയുമാണ് ഇവി ടെ പ്രധാനവഴിപാട്. താലപ്പൊലി ആരംഭിക്കുന്നത് കിഴക്കുള്ള മാറാംകുന്നിനു മുകളില് വെച്ച് ചെണ്ട കൊട്ടിയിട്ടാണ്. ഇത് തിരുമാന്ധാംകുന്നിലമ്മയെ വിവരം അറിയിക്കാനാണ് മകരച്ചൊവ്വക്ക് 13 ദിവസം കളംപാട്ടുണ്ട്. ആറാട്ടില്ല.താലപ്പൊലിപ്പ റമ്പുവരെ വാദ്യത്തോടെ എഴുന്നള്ളത്ത്, ഭൂതംകളി, തിറ, കരിവേല, കാളവേല, വെളിച്ചപ്പാട് എന്നി ങ്ങനെ വള്ളുവനാട്ടിന്റെ സവിശേഷതകളെല്ലാം ഉണ്ട്. ശിവരാത്രിക്ക് നവകവും പഞ്ചഗവ്യവും. തന്ത്രി കാലടി പടിഞ്ഞാറേടത്ത് മന. ചില ചോ ദ്യങ്ങള് അവശേഷിക്കുന്നു. നേരത്തേ ശ്രീവല്ലഭ ഭനാട്ടിലെ ഈ സമുച്ചയം 11ആം നൂറ്റാണ്ടിലാണ് മൂത്തമലമനക്ക് കിട്ടിയത്. 12ആം നൂറ്റാണ്ടിലാണ് അവിടുത്തെ കാരണവർ ഇവിടെ ശിവക്ഷേത്രം

നിർമ്മിച്ചത്. ആരാണ് വിഷ്ണുക്ഷേത്രം തകർത്തത്. ശിവക്ഷേത്രം തകർക്കാതെ വിഷ്ണുക്ഷേത്രം മാത്രം തകർക്കാനുള്ള കാരണമെന്ത്.(അതിന്റെ ഉത്തരവാദിത്തം 11ആം നൂറ്റാണ്ടിനു മുമ്പ് ടിപ്പുവിന്റെ പേരിൽ ആരോപിക്കാനാവില്ല, തീർച്ച. ചോളന്മാരാവാനുള്ള സാദ്ധ്യതയുണ്ട്. പാറങ്ങോട്ടുമനക്ക് എന്താണ് സംഭവിച്ചത്. അവർക്ക് ഊരാളിത്തം നഷ്ടപ്പെട്ടത് എങ്ങനെ.

19. തെക്കുത്ത് മഹാശിവൻ. ഇരിമ്പിളിയം ഗ്രാമം. ഹിഡിംബിളിയം ഗ്രാമമാണ് ഇരിമ്പിളിയം ആയത്. ഘടോത്കചന്റെ മാതാവും . ഭീമന്റെ ആദ്യഭാര്യയുമായ ഹിഡിംബിയുടെ പേരിലാണ് ഈ ഗ്രാമം. തൂതപ്പുഴയെ അഭിമുഖീകരിച്ച് നിൽക്കുന്ന കുന്നിൻപുറത്താണ് ക്ഷേത്രം. വളാഞ്ചേരിക്ക് 4 കിമീ തെക്കുകിഴക്ക് വലിയകുന്നുവഴി ഇരിമ്പിളിയം റോഡ്. കേരളോൽപ്പത്തിയിൽ പറയുന്ന 64 ഗ്രാമങ്ങളിലെ ഇളിഭ്യം ഗ്രാമമാണ് ഇരിമ്പിളിയം എന്നും അനുമാനമുണ്ട്. ഋഷിമാർ ഇവിടെ ശ്രീരുദ്രസങ്കൽപ്പത്തിലാണ് ആരാധിച്ചിരുന്നത്.

ഇവിടെ മുഴുവനും ജട മൂടി കണ്ടതിനാൽ ഋഷി മാർ കുന്ന് ചവിട്ടിക്കേറിയിരുന്നില്ല, മുട്ടുകുത്തി ഇഴഞ്ഞ് പോയി ആരാധിച്ചു. (ഇത് മുല്ലശ്ശേരി പറമ്പത്തളിയിലും പറയുന്നുണ്ട്). ഉഗ്രരൂപമാണ്. ചുറ്റമ്പലത്തിനു പുറത്ത് പിന്നിലായി മറ്റൊരു ശിവലിംഗപ്രതിഷ്ഠ കൂടി ഉണ്ട്. ബ്രാഹ്മണഗ്രാമ മായിരുന്നു. അവരെല്ലാം പിന്നീട് ഇവിടം വിട്ടു പോയി. തടിയിൽ കറുത്ത കുത്തുള്ള തേക്കുമ രങ്ങൾ മലയിലുണ്ട്. അതിനാലാണ് തേക്കുത്ത് നാമം. ഇരിമ്പിളിയം ഗ്രാമക്കാരിൽനിന്ന് മഞ്ചിരി ഇല്ലത്തിനു കിട്ടി. 1994 മുതൽ സമിതി ഉണ്ട്. ഉടമസ്ഥത ഇപ്പോഴും മഞ്ചിരി ഇല്ലത്തിനാണ്.. ഏകതലം വട്ടശ്രീകോവിൽ കിഴക്ക് അഭിമുഖം. കിണറില്ല. തൂതപ്പുഴയിലെ ജലം ഉപയോഗിക്കുന്നു. ചുറ്റമ്പലത്തിന്റെ തറ മാത്രം അവശേഷിക്കുന്നു.

ബലിക്കല്ല് പൊട്ടിയിട്ടുണ്ട്. പടിഞ്ഞാറുവശത്ത് ഉപദേവത ശിവൻ കിഴക്ക് അഭിമുഖം. സ്വയംഭൂ രുദ്രലിംഗം 7 സെമീ. ഇരിക്കുന്ന ഗണപതി 21 സെമീ. ഉപദേവത ശിവലിംഗം 45 സെമീ. തന്ത്രി കാലടി പടിഞ്ഞാറേടത്ത് മന

20. മഞ്ചറ ശിവൻ. കുളമംഗലം വളാഞ്ചേരി. കാട്ടിപ്പരുത്തി ഗ്രാമം. മാടത്തറ കുന്നിനു മുകളിൽ. കാട്ടി, മാടൻ എന്നിവ മഹിഷപര്യായമാണ്. മാഹിഷ്മതിയിലെ രാജവംശസൂചകം. മാടത്തറ കുന്നിനു മുകളിലാണ്. അടുത്ത് ചോല ഉണ്ട് കുന്ന് മാടമ്പത്ത് നായർതറവാടിന്റെയാണ്. മാടമ്പത്ത് കാരണവരാണ് കുന്ന് ക്ഷേത്രത്തിനു കൊടുത്തത്. 1983ൽ ജീർണ്ണോദ്ധാരണകമ്മിറ്റി ഉണ്ടാക്കി. രണ്ടു ലവലിലാണ് വാസ്തു. 1.75 മീ ഉയരവ്യത്യാസമുണ്ട്. ഉയർന്ന ഭാഗത്ത് കിഴക്ക് അഭിമുഖമായി ശിവൻ, പടിഞ്ഞാട്ട് അഭിമുഖമായി മഹാവിഷ്ണു. തീർത്ഥക്കുളം വിഷ്ണു ക്ഷേത്രത്തിന്റേതാണ്. ശിവന് പാട്ടൂട്ട് ഉണ്ട്. വിഷ്ണുവിന് നമസ്കാരമണ്ഡപം, ഉപദേവതാക്ഷേത്രങ്ങൾ, തിടപ്പള്ളി, വാതിൽമാടം. ശിവന് വൃത്തഏകതലം . കിണർ വടക്കു കിഴക്ക്, കുളം തെക്കുപടിഞ്ഞാറ്, കുളം 1000 അടി ഉയരത്തിലാണെങ്കിലും എപ്പോഴും വെള്ളം ഉണ്ട്. വിഷ്ണുവിന് ഏകതലം വട്ടശ്രീകോവിൽ വടക്കുകിഴക്ക് ഗണപതി,ശാസ്താ, ഭഗവതി ഭഗവതി പടിഞ്ഞാട്ട് അഭിമുഖം. തെക്കുകിഴക്ക് ചുറ്റുമതിൽ രണ്ടിനും കൂടിയാണ്. .മതിലിനു പുറത്ത് നാഗത്തറ, ബ്രഹ്മരക്ഷസ്സ്. വടക്കുകിഴക്ക് വേറെ കുളവുമുണ്ട്.

സ്വയംഭൂ ശിവന് 45.50 സെമീ. വിഷ്ണു 75 സെമീ ഗണപതി 45 സെമീ. ഇത് രണ്ടും നിൽക്കുന്ന രൂപം. ശാസ്താപ്രഭസാത്യകന്മാർ ലിംഗം 27, 15, 15 സെമീ വീതം. കണ്ണാടിഭഗ വതി 45 സെമീ. നാഗങ്ങള് 30 സെമീ. ബ്രഹ്മ രക്ഷസ്സ് ലിംഗം 21 സെമീ. തന്ത്രി പട്ടാമ്പി അണ്ടലാടിമന.

21. തൊഴുവാനൂർ വനദുർഗ്ഗ വളാഞ്ചേരി പഞ്ചായത്ത് കാട്ടിപ്പരിത്തിഗ്രാമം.

വളരെ പുരാതനം. പരശുരാമനാണ് ചൈത ന്യം കണ്ടെത്തിയത്. വില്വമംഗലം പൂജിച്ചി ട്ടുണ്ട്. തെക്കോട്ട് അഭിമുഖമായ സ്വയംഭൂ അപൂര്വ്വമാണ് പ്രതിഷ്ഠ. . പീഠത്തിന്മേൽ ഒരു ദ്വാരമുണ്ട്. അതില് മണ്ണു നിറച്ച് മുക

ളിൽ വെങ്കലക്കണ്ണാടിപ്രതിമ. ആനഎഴുന്ന ള്ളിപ്പ്, വെടിവഴിപാട്, വെളിച്ചപ്പാട്, ഗുരുതി, ചുവന്ന പൂവ് ഇവ പാടില്ല. തൊഴുവാനൂരും ഭക്തിമനയും ഊരാളർ. 1970 മുതൽ ട്രസ്റ്റിബോഡ്. വിഗ്രഹം ഭൂനിര പ്പിലായതിനാൽ സോപാനം ഇല്ല. പ്രണാള ത്തിനു പകരം കരിങ്കല്ല് ഓവ്. പാട്ടൂട്ടും നടപ്പന്തലുമുണ്ട്.. തിടപ്പള്ളി തെക്കുകിഴക്ക്.. കിണർ അകത്തേ ബലിവട്ടത്തിനു വടക്കാണ്. ചുറ്റമ്പലത്തിന് കിഴക്ക്, പടിഞ്ഞാറ്, തെക്ക് വാതിലുകളുണ്ട് സ്വയംഭൂ 13 സെമീ. പ്രഭാമണ്ഡലത്തോടു കൂടിയ വെങ്കലപ്രതിമ. അതിനു പടിഞ്ഞാറായി കണ്ണാടി. തന്ത്രി കാലടി പടിഞ്ഞാറേടത്ത് മന വലിയകുന്ന്. ഴ

22. മഹാദേവക്ഷേത്രം വൈക്കത്തൂർ. വളാഞ്ചേരി പഞ്ചായത്ത് കാട്ടിപ്പരുത്തിഗ്രാമം. ചുറ്റും വയൽ അതിനപ്പുറം നാല് കുന്ന്,. കോട്ടക്കു ന്ന്. കൂവക്കുന്ന്, മയിലാടിക്കുന്ന്, കതിരു ക്കുന്ന് കൂവക്കുന്നിലെ നരിമടയിലാണ് വസി ഷ്ഠമുനി ധ്യാനിച്ചിരുന്നത്. ഗുഹയിലെ ആരാ ധനാവിഗ്രഹം താൻ പഴകുമ്പോൾ എടുത്ത് താഴ്‌വാരത്തിൽ അദ്ദേഹം പ്രതിഷ്ഠിച്ചു , ടി പ്പുവിന്റെ കാലത്ത് പ്രണാളം രണ്ടായി മുറി ച്ചു. മഴുവഞ്ചേരി ഇല്ലത്തിന്റെയായിരുന്നു. 1975ൽ സമിതി ഉണ്ടാക്കി. ചുറ്റമ്പലത്തിൽ പടിഞ്ഞാട്ട് അഭിമുഖമായി ശിവക്ഷേത്രവും വിഷ്ണുക്ഷേത്രവും. വേറെ ഒരു ചുറ്റമ്പല ത്തിൽ പടിഞ്ഞാട്ട് അഭിമുഖമായി സുബ്രഹ്മ ണ്യനുമുണ്ട്. ഓരോന്നിനും ബലിപീഠം കിണ ർ, (കൊക്കറിണി) വലിയ ബലിക്കല്ല് ,ദീപ

സ്തംഭം ഇവ ഉണ്ട്.ശിവക്ഷേത്രം ദ്വിതലം വൃത്താകൃതി. മേൽക്കൂര അഷ്ടഭുജം. വടക്കു പടിഞ്ഞാറ് കൊക്കറിണി (അകത്തേ ബലിവട്ടത്തിന്റെ). ഈ സ്ഥാനത്ത് കൊക്കറിണി അപൂര്വ്വമാണ്. വിഷ്ണുക്ഷേത്രം ചതുരഏകതലം നമസ്കാരമണ്ഡപത്തിന് തറ മാത്രം രണ്ട് ക്ഷേത്രത്തിനുമിടയിൽ വിഷ്ണുവിന് വടക്കു ഭാഗത്ത് കിണർ. ഇതിലെ വെള്ളം വിഷ്ണു ക്ഷേത്രത്തിനു മാത്രം ഉപയോഗിക്കുന്നു. ചുറ്റമ്പലത്തിന് 3 വാതിൽ 2 എണ്ണം പടിഞ്ഞാറ് നടക്ക് നേർക്ക്. ഒന്ന് ശിവക്ഷേത്രത്തിനു പിന്നില്. തെക്കുപടിഞ്ഞാറ് ബാലശാസ്താ, ഗണപതി, ഉപദേവതമാർ. സുബ്രഹ്മണ്യക്ഷേത്രം ചതുരം ഏകതലം അകത്തേ ബലിവട്ടത്തിൽ കിണർ. വടക്കുകിഴക്ക് ഭഗവതി ഉപദേവത പടിഞ്ഞാട്ട് അഭിമുഖം. ശാസ്താപ്രഭസാത്യകന്മാർ തെക്കുകിഴക്ക് .കുളം ചുറ്റമ്പലത്തിനു പുറത്ത് വടക്കുകിഴക്ക്. ശിവന്റെ ശിലാലിംഗം 45 സെമീ. നിൽക്കുന്ന വിഷ്ണുവും സുബ്രഹ്മണ്യനും 149 യവം വീതം. കണ്ണാടിഭഗവതി 60 സെമീ. ഗണപതി ബാലശാസ്താ (ഇരിക്കുന്നു) 30 സെമീ വീതം. ശാസ്താപ്രഭസാത്യക 13 , 7, 7 സെമീ വീതം. തന്ത്രി കാലടിമന.

23. നൊട്ടനാലുക്കല് ഭഗവതി കുറ്റിപ്പുറം. അര കിമീ അകലെ ഭാരതപ്പുഴ. 16ആം നൂറ്റാണ്ടിലുണ്ട്.നൊട്ടൻ എന്ന ഭക്തൻ കാലവർഷക്കാലത്ത് ഭാരതപ്പുഴ നീന്തിക്കടക്കുമ്പോൾ ചെറിയ ഒരു ആൽമരച്ചെടി ഒഴുകിവരുന്നത് കണ്ടു. അത് ദേവി തന്നെ അനുഗമിച്ചതാണെന്ന്

വിശ്വാസത്തോടെ എടുത്ത് നട്ട് പൂജിച്ചു. അതിന്നു താഴെ പിന്നീട് ഒരു വിഗ്രഹം പ്രതിഷ്ഠിച്ചു. ശാക്തേയപൂജയാണ്. മൃഗബലി ഉണ്ടായിരുന്നു. പിന്നീട് സാത്വികപൂജയാക്കി. 1970ൽ പുനരുദ്ധാരണം നടന്നു. 1975ൽ 19 അംഗക്കമ്മിറ്റി ഉണ്ടാക്കി. ആൽത്തറ 9.1 മീ നീളവും 8.7 മീ വീതിയും 1.7 മീ ഉയരവുമുണ്ട്. ക്ഷേത്രത്തിന് പ്രധാനകവാടം കിഴക്ക്. തെക്ക് ഗണപതിക്ക് ഉപദേവതാക്ഷേത്രം. അതിന് തെക്ക് കിഴക്കഭിമുഖമായി വേറെ ഒരു ക്ഷേത്രം,മണ്ഡപം, ദീപസ്തംഭം ശാസ്താവിന് ഉണ്ട് ആൽത്തറക്ക് വടക്കും കിഴക്കും വേറെ രണ്ട് ദീപസ്തംഭം. തെക്ക് നാഗർ,ബ്രഹ്മരക്ഷസ്സ് തറ.വടക്ക് തിടപ്പള്ളി,കിണർ. തെക്കു കിഴക്ക് വെടിപ്പുര. ഭഗവതി കണ്ണാടി 45 സെമീ. ഇരിക്കുന്ന ഗണപതി 45 സെമീ. അയ്യപ്പനും നൊട്ടൻസ്വാമിയും ബ്രഹ്മരക്ഷസ്സും ലിംഗം 15 ലെമീ വീതം. നാഗങ്ങൾ 27 സെമീ. തന്ത്രി കൈപ്പുഴ തൃപ്രങ്ങോട്ട്.

Dr Suvarna Nalapat

24. പൈങ്കണ്ണൂർശിവക്ഷേത്രം കുറ്റിപ്പുറംഗ്രാമം.

മൂന്നു ക്ഷേത്ങ്ങളുടെ സമുച്ചയം. ശിവനും വിഷ്ണുവും സുബ്രഹ്മണ്യനും. വളരെ പുരാതനം. ഏറ്റവും പഴയ പ്രതിഷ്ഠ സുബ്രഹ്മണ്യനാണ്, പ്രതിഷ്ഠിച്ചത് കണ്വമുനി. .(കണ്വൻ പ്രതിഷ്ഠിച്ച പയ്യൻ പൈങ്കണ്ണൂർ നാമം) ഓരോന്നിനും വേറെ തന്ത്രിയും പൂജാരിയുമുണ്ട്. ടിപ്പുവിന്റെ ആക്രമണശേഷം 2 നൂറ്റാണ്ട് ആരും നോക്കാതെ കിടന്നു. ആദ്യം ശിവക്ഷേത്രവും പിന്നെ നരസിംഹവിഷ്ണുക്ഷേത്രവും പുനരുദ്ധരിച്ചു. അപ്പോഴേക്കും 1921 ലെ ലഹള തുടങ്ങി. സുബ്രഹ്മണ്യക്ഷേത്രം പുനരുദ്ധരിക്കാതെ കിടന്നു. 1979ൽ പറത്തയിൽ ഇല്ലത്തുനിന്ന് ട്രസ്റ്റിബോഡ് ഏറ്റെടുത്തു. 4.25 ഏക്കറിൽ 1.15 ഏക്കറാണ്

ക്ഷേത്രസമുച്ചയം. തെക്കുപടിഞ്ഞാറ് സുബ്രഹ്മ ണ്യനും വടക്കുപടിഞ്ഞാറ് വിഷ്ണുവും. ശിവക്ഷേത്രത്തിലെ പ്രണാളം താങ്ങുന്നത് മനുഷ്യശിരസ്സിലാണ്. രുദ്രാക്ഷശിലാലിംഗം 73 സെമീ. പഞ്ചാക്ഷരമഹാദേവസങ്കൽപ്പം. നന്ദി ക്ക് 75 സെമീ ഉയരമുണ്ട്. തന്ത്രി കാലടി പടിഞ്ഞാറേടത്ത്.

പൈങ്കണ്ണൂർകൊക്കറിണി

25. പിഷാരിക്കൽ ദുർഗ്ഗ പേരശ്ശനൂർ കുറ്റിപ്പുറം. തെക്ക് ഭാരതപ്പുഴ. പഴയതാണ്. പരശുരാ മപ്രതിഷ്ഠം. 1996ൽ പരശുരാമനെ ഉപദേവ. തയായി പ്രതിഷ്ഠിച്ചു. വള്ളുവനാട്ട് സ്വ രൂപത്തിന്റെ ക്ഷേത്രം. ടിപ്പു കൊള്ളയടിച്ച് ക്ഷേത്രവും ക്ഷേത്രസ്വത്തും നശിപ്പിച്ചു. പൊ ട്ടിയ വിഗ്രഹത്തിന് പഞ്ചലോഹഗോളക പൊതിഞ്ഞിരിക്കയാണ്. 1979 മുതൽ കമ്മിറ്റി

ഉണ്ട്. ചതുരശ്ര്യകതലം കിഴക്ക് അഭിമുഖം. പ്രണാളം രണ്ടായി മുറിഞ്ഞിട്ടുണ്ട്. നമ സ്കാരമണ്ഡപത്തിന്റെ അധിഷ്ഠാനം മാത്രമേ ഉള്ളു. തെക്കുപടിഞ്ഞാറ് ഭാരതപ്പുഴക്കടുത്ത് ഗണപതി, അയ്യപ്പൻ എന്നീ ഉപദേവതമാരുടെ തറ. ചുറ്റമ്പലത്തിന്റേയും തറ ബാക്കിയുണ്ട്. കിണറും തിടപ്പള്ളിയും വടക്കുകിഴക്ക്. അതിനടുത്ത് നാഗം ബ്രഹ്മരക്ഷസ്സ് തറ. ചതുർഭുജദുർഗ്ഗ 75 സെമീ നിൽക്കുന്നു. 3 കഷ്ണമാണ്. ശിലാവിഗ്രഹം. അയ്യപ്പന് 15 സെമീ ലിംഗം. നാഗർ 45 സെമീ ബ്രഹ്മരക്ഷസ്സ് 15 സെമീ. ഇരിക്കുന്ന ഗണപതി 30 സെമീ. തന്ത്രി കാലടി പടിഞ്ഞാറേടത്ത് വലിയ കുന്ന്.

26. നമ്പ്രത്ത് ശിവൻ നടുവട്ടം ഗ്രാമം കുറ്റിപ്പുറം തിരുനാവാ നിന്ന് 2 കിഴക്ക് രംഗാറ്റൂർ-കുറ്റിപ്പുറം റോഡിൽ കിമീഅര കിമീ വടക്ക്. ഭാരതപ്പുഴ 700 മീ തെക്ക് ഒഴുകുന്നു. 11ആം നൂറ്റാണ്ടിലുണ്ട്. ചറുമി പുല്ലരിയുന്നതും രക്തം വവരുന്നതും ഇവിടെയും കഥ ഉണ്ട് നായർ വീട്ടിലേക്ക് ഓടുമ്പോൾ നപ്രത് തേവരേ എന്ന് നിലവിളിച്ചു.. നമ്പ്രത്ത് അങ്ങനെ ഉണ്ടായ പേരാണത്രെ. നായന്മാരാണ് നമ്പൂതിരിമാരെ ഏൽപ്പിച്ചത്. 1976 മുതലാണ് ഇപ്പോഴത്തെ ഊരാളർക്ക് കിട്ടിയത്. 1959ൽ നമസ്കാരമണ്ഡപവും കിണറും പുനരുദ്ധരിച്ചു. ചതുരശ്ര്യകതലം . തെക്ക് ശ്രീകോവിലിനോട് ചേർന്ന് പടിഞ്ഞാട്ട് അഭിമുഖമായി ഗണപതിയമ്പലം. മുന്നിൽ അയ്യപ്പന് ഉപദേവതാക്ഷേത്രം. കിഴക്കോട്ട് അഭിമുഖം. സ്വ

യംഭൂലിംഗം 15 സെമീ. ഇരിക്കുന്ന ഗണപതി 30 സെമീ. അയ്യപ്പലിംഗം 15 സെമീ. തന്ത്രി കൽപ്പുഴ.

27. കൈതൃക്കോവിൽ ഗുഹാക്ഷേത്രം. നടുവട്ടം.

കണ്വപ്രതിഷ്ഠ. 8 കിമീ കുറ്റിപ്പുറത്തിനു വടക്കു കിഴക്ക്. ചേരിക്കൽ വഴി കൊളത്തോളിൽ. പഴയതാണ്. ആഴ്വാഞ്ചേരിമനക്കാരുടെയായിരുന്നു. ടിപ്പു നശിപ്പിച്ച പൊട്ടിയ വിഗ്രഹം ഇപ്പോഴും പൂജിക്കുന്നു. മുമ്പ് ഒരു കിമീ നടന്നാണ് പൂജാരി വെള്ളം എടുത്തിരുന്നത്. വയസ്സായ കാലത്ത് ജലപാത്രവും കൊണ്ടു വരുമ്പോൾ ക്ഷീണിച്ച് വീണ് ഉറങ്ങിപ്പോയി. സ്വപ്നത്തിൽ ക്ഷേത്രത്തിനടുത്ത് പാറക്ക് അരികിലായി ജലമുണ്ട് എന്ന് കേട്ടു. അവിടെ ജലപ്രവാഹം കാണുകയും ചെയ്തു. അവിടെ കുളം ഉണ്ടായി. അതാണ് ഇപ്പോ

ഴും ഉപയോഗിക്കുന്നത്. കാണിയായി ശുദ്ധനായ ബ്രാഹ്മണനുണ്ടെങ്കിലേ ഇവിടെ കൂത്ത് നടത്താറുള്ളു. ഒരിക്കൽ കൂത്ത് മുടങ്ങുമെന്ന ഘട്ടം വന്നു. അപ്പോൾ വൃദ്ധബ്രാഹ്മണവേഷത്തിലെത്തി ശിവൻ തന്നെ കൂത്ത് മുടക്കാതെ നോക്കി.1995ൽ. ആഴ്വാഞ്ചേരി ഊരാളർ 9 അംഗമുള്ള കമ്മിറ്റിക്ക് ഏൽപ്പിച്ചു. പാറയുടെ കിഴക്ക് വശത്തോട് ചേർന്നാണ് ക്ഷേത്രം. ഗർഭഗൃഹം ഗുഹയാണ്. അതിന്റെ 3 ഭാഗം (വടക്ക്, പടിഞ്ഞാറ്, തെക്ക്) പാറയാണ്. അതിനാൽ അധിഷ്ഠാനം ഇല്ല.

കിഴക്ക് പ്രണാളം. 2 പ്രധാനദേവന്മാരുണ്ട്. ശിവനും വിഷ്ണുവും. ഏകതലഭാഗത്ത് മുകളിൽ പാറയാണ്. നമസ്കാരമണ്ഡപവും വാതിൽമാടവുമെല്ലാം ജീർണ്ണിച്ച് തറ മാത്രമാണ്.ശിവക്ഷേത്രത്തിനു വടക്ക് കിഴക്ക് അഭിമുഖമായി ഉപദേവത സുബ്രഹ്മണ്യൻ. ,വടക്കുകിഴക്ക് കിണർ.. വടക്കുപടിഞ്ഞാറ് തീർത്ഥക്കുളം. സുബ്രഹ്മണ്യനു വടക്ക് വിഷ്ണു വേറെ സമുച്ചയത്തിലാണ്. തെക്ക് അയ്യപ്പനും ഭഗവതിയും ഉപദേവതകൾ ഗണപതി, അന്തിമഹാകാളൻ, സുദർശനം ഇവയുമുണ്ട് മഹാവിഷ്ണു നിൽക്കുന്ന ചതുര്ഭുജം 75 സെമീ സുബ്രഹ്മണ്യൻ 75 സെമീ, ശിവലിംഗം 60 സെമീ. ഭഗവതി കണ്ണാടി 30 സെമീ. അയ്യപ്പലിംഗം 15 സെമീ. ഗണപതി ഉരുണ്ട ശില 7 സെമീ. നിൽക്കുന്ന അന്തിമഹാകാലൻ 60 സെമീ. വൃത്താകൃതിയിലുള്ള സുദർശനചക്രം 15 സെമീ. ശിൽപ്പശൈലി ആദിമചേരചോളശൈലിയും, മദ്ധ്യകാല ചോളശൈലിയും വിജയനഗരശൈലിയുമാണ്. ആക്രമണം നടന്നതിന്റെ ലക്ഷണമായി പലശിൽപ്പങ്ങളും ഛേദിക്കപ്പെട്ടിരിക്കുന്നു. ആഴ്വാഞ്ചേരി

തമ്പ്രാക്കൾ പേരു സൂചിപ്പിക്കുന്ന പോലെ ആഴ്വാന്മാരായ വൈഷ്ണവർക്കെല്ലാം ആരാ ദ്ധ്യനായ തമ്പ്രാക്കളാണ്. ആദിമകാലത്തെന്ന പോലെ ഇവിടെ ശൈവവൈഷ്ണവക്ഷേത്രങ്ങൾ ഒരുമിച്ചു കാണുന്നുണ്ട്. ഇപ്പോൾ തന്ത്രി കൽപ്പുഴ മന തൃപ്രങ്ങോട്ട്.

28. നെടുങ്ങോട്ടിരി ശിവക്ഷേത്രം ആതവനാട് ഗ്രാമപ്പഞ്ചായത്ത്. തിരുനാവാ നിന്ന് 10 കിമീ വടക്കുകിഴക്ക്. വെട്ടിച്ചിററോഡിൽ മാട്ടുമ്മൽ ജങ്ക്ഷനിൽ 16ആം നൂറ്റാണ്ടിനു മുമ്പുണ്ട്. ചെറുമി പുല്ലരിഞ്ഞ് രക്തം കണ്ട് സ്വയംഭൂ കണ്ട കഥ അക്കാലത്താണ്. പ്രതിഷ്ഠ ആഴ്വാഞ്ചേരി തമ്പ്രാക്കൾ,മൈസൂർ ആക്രമണശേഷം പൂജയില്ലാതെ ആരും നോക്കാതെ കിടന്നു. 1986ൽ സമിതിയും പുനരുദ്ധാരണവും. ചതുരശ്ഗ്രകതലം പടിഞ്ഞാട്ട് അഭിമുഖം.അയ്യപ്പനും സുബ്രഹ്മണ്യനും ഭഗവതിയും ഉപദേവതകൾ. കുളം തെക്കുകിഴക്ക്. കിണർ വടക്കു പടിഞ്ഞാറ്, സ്വയംഭൂ ശിവൻ 30 സെമീ. ഇരിക്കുന്ന ഗണപതി 30 സെമീ. കിഴക്ക് അഭിമുഖം. ഉപദേവതമാർ മൂന്നുപേരും ഉരുണ്ട ലിംഗം 15 സെമീ വീതം. തന്ത്രി കൈനിക്കര ഇല്ലം മലപ്പുറം.

29. ചന്ദനക്കാവ് ഭഗവതി ആതവനാട്. പഞ്ചായത്ത്. കുറുമ്പത്തൂര് ഗ്രാമം. തിരുനാവായ നിന്ന് 5 കിമീ വടക്ക്. 14ആം നൂറ്റാണ്ടുവരെ നാലു ക്ഷേത്രമാണ് സമുച്ചയത്തിൽ പ്രസിദ്ധം മേലേക്കാവ്, കീഴേക്കാവ്, ഗണപതി, വിഷ്ണു. രണ്ട് കാവും കാട്ടിനകത്താണ്. സദാ

ദൈവീകസാന്നിദ്ധ്യം അനുഭവപ്പെടും. 16ആം നൂറ്റാണ്ടിൽ മേൽപ്പത്തൂരിന്റെ കാലത്ത് പ്രസിദ്ധമായി. മേലേക്കാവിന് 1 കിമീ തെക്കുകിഴക്കാണ് മേൽപ്പത്തൂരിന്റെ മന. (മേൽപ്പത്തൂരു മനയുടെ തൊട്ടാണ് നാലപ്പാട്ടേ തറവാട്). അദ്ദേഹത്തിന് ഗണപതിഉപാസന ഉണ്ടായിരുന്നു. ഇപ്പോൾ മേൽപ്പത്തൂരില്ലം സ്വത്ത് മറവഞ്ചേരി മനയുടേതാണ്.കളമെഴുത്തുപാട്ടിന് മുമ്പ് മീനത്തിലെ ഉത്രത്തിന് പുണ്യാഹശുദ്ധി മേൽപ്പത്തൂർ ഇല്ലത്തെ മച്ചിലാണ് ചെയ്യുന്നത്. ടിപ്പു ഇവിടത്തെ വിഗ്രഹങ്ങളെല്ലാം പൊട്ടിക്കയും ക്ഷേത്രം നശിപ്പിക്കയും ചെയ്തു. ആദ്യം നാലു ഭട്ടതിരിമനകളുടെ വകയായിരുന്നു. മേൽപ്പത്തൂർ, പാക്കത്ത്, പാഴിയോട്, കിഴക്കേടത്ത്. മേൽപ്പത്തൂർ മറവഞ്ചേരിക്ക് കൊടുത്തു. ഇവർ ഭാഗിച്ച് മറവഞ്ചേരി തെക്കേടത്തും കിഴക്കേടത്തും ആയി. അങ്ങനെ 5 ഊരാളരായി.

മഹാവിഷ്ണുക്ഷേത്രം ഊരാളർ പാക്കത്ത്

മനയാണ്. .കുറച്ച് കാലം മേൽപ്പത്തൂർമന ഒരു മുസ്ലീമിന്റെ കൈവശമായിരുന്നു. അവരിൽനിന്നാണ് ഗുരുവായൂർ ദേവസ്വം വാങ്ങിയത്. മേലേക്കാവിൽ കിരാതിയും കിരാതമൂർത്തിയുമാണ്. വടക്ക് 2 ഉപദേവതാ ക്ഷേത്രം കാരായ ഭഗവതിയും ഈറ്റില്ലത്ത് ഭഗവതിയും. വടക്കുപടിഞ്ഞാറ് ചന്ദനമരം. മേലേക്കാവിൽനിന്ന് പടി കയറീചെന്നാലാണ് കീഴേക്കാവ്. പടിയുടെ തെക്കുകിഴക്ക് അയ്യ

പ്പക്ഷേത്രം. താഴെ വൃക്ഷച്ചോട്ടിൽ വള്ളിക്കാവ് ഭഗവതീസങ്കൽപ്പം. ഗണപതീക്ഷേത്രത്തിൽ 5 ദേവതകളുണ്ട്. ശിവ,ബ്രഹ്മാ, വിഷ്ണു, ഗണപതി ,സരസ്വതി. ഗണപതിക്ക് അഭിമുഖമായി കിളിവാതിലുണ്ട്. അതിലൂടെ ദർശനം. വരിയായി പ്രതിഷ്ഠ. എല്ലാം പൊട്ടിക്കിടക്കുന്നു. ചുറ്റമ്പലം ജീർണ്ണിച്ച് കിടക്കുന്നു. തിടപ്പള്ളി ഉണ്ടെങ്കിലും നേദ്യം ഉണ്ടാക്കാരില്ല. മേലേക്കാവിൽനിന്ന് കൊണ്ടുവരികയാണ്. തിടപ്പള്ളിയുടെ കിഴക്ക് കിണർ. തെക്കുപടിഞ്ഞാറ് കാവ്. അവിടെ ഭഗവതി, സുബ്രഹ്മണ്യൻ, അയ്യപ്പൻ. വിഷ്ണുക്ഷേത്രം ഗണപതിയുടെ തെക്ക്. വൃത്താകൃതി. കിഴക്ക് അഭിമുഖം വേറെ മര്യാദ. ദ്വിതലം പ്രണാളം പൊട്ടിയത്. തെക്കേ ചുമരിലെ മ്യൂറലുകൾ ഗണപതിയും ഗരുഡന്റെ പുറത്ത് ഉണ്ണിക്കൃഷ്ണനും. ഈ മ്യൂറലും പൂജിക്കപ്പെടുന്നു, നിവേദ്യവുമുണ്ട്.. നാരായണഭട്ടതിരി വരച്ചതാണ്. അകത്തേ ബലിവട്ടത്തിന്റെ വടക്കുകിഴക്ക് കിണർ. ചുറ്റമ്പലത്തിന് 3 പ്രവേശനദ്വാരം. തെക്കുകിഴക്ക് തിടപ്പള്ളി. വടക്ക് അഗ്രശാല. നാലു ക്ഷേത്രത്തിലും കൂടി 15 വിഗ്രഹം ഉണ്ട്. കിരാതമൂർത്തിലിംഗം 35 സെമീ, കിരാതി കണ്ണാടി 60 സെമീ, കാരായഭഗവതി ഈറ്റില്ലത്ത് ഭഗവതി എന്നിവർ 15 സെമീ വീതം. (ഇവ മേലേക്കാവിൽ) കീഴേക്കാവിൽ അയ്യപ്പനും വൃക്ഷച്ചുവട്ടിലെ ഭഗവതിയും സങ്കൽപ്പം മാത്രം. ഗണപതിക്ഷേത്രത്തിൽ

ശിവനും വിഷ്ണുവും ബ്രഹ്മാവും ഗണപ
തിയും സരസ്വതിയും സുബ്രഹ്മണ്യനും വള്ളി
ക്കാവ് ഭഗവതിയും അയ്യപ്പനും. മഹാവി
ഷ്ണുക്ഷേത്രത്തിൽ മഹാവിഷ്ണു മാത്രം..
തന്ത്രി കൽപ്പുഴ മന.

30. നാവാമുകുന്ദക്ഷേത്രം. തിരുനാവാ മുന്നിൽ ഭാരതപ്പുഴ. വളരെ പുരാതനം.

നാവാമുകുന്ദക്ഷേത്രം

തൃപ്രങ്ങോട്ട് മാർക്കണ്ഡേയകഥയോടു ബന്ധ
പ്പെട്ടാണ് നാവാമുകുന്ദകഥ. തമിഴ്നാട്ടിലെ
8ആം നൂറ്റാണ്ടിലെ ആൾവാർ പാടലുകളിൽ
ഈ ക്ഷേത്രം പറഞ്ഞിട്ടുണ്ട്. ബ്രഹ്മാവിന്റെ
നേതൃത്വത്തിൽ ബ്രഹ്മർഷിമാരുടെ യാഗം
നടന്ന സ്ഥലമാണ്. തപനൂർ (തവനൂർ)
ശിവനും ബ്രഹ്മാവും ഈ യാഗത്തിൽ
പങ്കെടുത്തു. വിഷ്ണുവും ലക്ഷ്മിയും
അനുഗ്രഹിച്ച് പുഴയുടെ വടക്കേ കരയിൽ
സാന്നിദ്ധ്യം ചെയ്തു. മറു കരയിൽ ശിവ,

ബ്രഹ്മാക്ഷേത്രങ്ങളും കാണാം. ത്രിമൂർത്തി സാന്നിദ്ധ്യം ഉള്ള സ്ഥലമാണ്. നവയോഗിക ളാണ് ആദ്യപ്രതിഷ്ഠക്ക് കാരണമായത്.



ആദ്യതീർത്ഥങ്കരനും ആദ്യത്തെ ഭാഗവതനു

മായ ഋഷഭന്റെ മക്കളാണ് നവയോഗികൾ. കവി, ഹരി, അന്തരിക്ഷൻ, പ്രബുദ്ധൻ, പിപ്പലാദൻ, ആവിഹോത്രൻ, ദ്രുമിളൻ, ചമസൻ, കരഭാജനൻ. ഓരോരു ത്തരും അവനവന്റെ സാലഗ്രാമം പ്രതിഷ്ഠി ച്ചു. ഒന്ന് പ്രതിഷ്ഠിച്ചാൽ 7 ദിനം നടയടച്ച് ദേവന്മാർ പൂജിക്കും.അങ്ങനെ 9 യോഗിമാർ 63 ദിനം ദേവപൂജ നടത്തിയ സാളഗ്രാമമെ ല്ലാം ഭൂമിക്കടിയിലേക്ക് അപ്രത്യക്ഷമായി. ഇവിടെ വിഷ്ണുലക്ഷ്മീസങ്കേതമെന്ന് നിശ്ച യിച്ച് പൂജിച്ചു. നൂറ്റാണ്ടുകളോളം അവസാ നത്തെ സാളഗ്രാമത്തിന്റെ അറ്റം മാത്രമേ ദൃശ്യമായിരുന്നുള്ളു. നവയോഗിമാര് പ്രതി ഷ്ഠിച്ച നാവാമുകുന്ദന് ശങ്കരാചാര്യർ മൂ കാംബികയിലെന്നപോലെ വിഷ്ണുപ്രതിഷ്ഠ ചെയ്തു. വെട്ടത്തുരാജാവിന്റെ നിർദ്ദേശപ്ര കാരമാൺ് ഇത് ചെയ്തത്. കുലശേഖരപ്പെ രുമാക്കന്മാരുടെ മഹാമഘം (കുംഭമേള) നട ന്നിരുന്ന സ്ഥലമാണ്, ആരാധനാസ്ഥലവുമാ ണ്.പെരുന്തച്ചന്റെ കാലത്ത് ശിലാപ്രതിഷ്ഠ മാറ്റി ലോഹപ്രതിഷ്ഠ ആക്കി എന്ന് പറ യുന്നു. അതിന് അർത്ഥം ശങ്കരാചാര്യപ്ര തിഷ്ഠ 6ആം നൂറ്റാണ്ടിനു മുമ്പാവണം . പെരുന്തച്ചൻ 5ആം നൂറ്റാണ്ടിലാണല്ലോ. ഇത് എസ് ശങ്കരനാരായണന്റെ ശങ്കരാചാര്യകാ ലത്തോട് ഒത്തുപോകുന്നുണ്ട്. തെക്കുകിഴ ക്കേ മൂലക്ക് പഴുക്കാമണ്ഡപം മര്യാദയുടെ അകത്തോ പുറത്തോ എന്ന് മനസ്സിലാകാത്ത വിധമാണ് നിർമ്മിച്ചിരിക്കുന്നത്. ഇവിടെ യാണ് പെരുമാക്കന്മാർ മഹാമഘം കാണാൻ

നിന്നിരുന്നത്.



തളിയാതിരികാലത്ത് നമ്പൂതി രിമാരാണ് ഭരണമേൽനോട്ടം. ആഴ്‌വാഞ്ചേരി യും കൽപ്പകഞ്ചേരിയുമായിരുന്നു 2 തമ്പ്രാക്ക ൾ. ഇവർ തമ്മിൽ മത്സരം ഒന്നും നടന്ന തിന്

തെളിവില്ല. ആഴ്‌വാഞ്ചേരി വിഷ്ണു ക്ഷേത്രങ്ങളും ശിവക്ഷേത്രങ്ങളും കൽപ്പക ഞ്ചേരി ദേവീക്ഷേത്രങ്ങളും നിയന്ത്രിച്ചിരുന്നു നിളാതീരത്ത് 12 വർഷത്തിലൊരിക്കൽ കും ഭമാസത്തിലെ മഘം നക്ഷത്രത്തിലാണ് മഹാ സഭ കൂടിയിരുന്നത്. പുറത്തുനിന്ന് ആദ്യം വന്ന പെരുമാൾ കൊങ്ങുനാട്ടിലെ രാജാവാ ണ്. അദ്ദേഹം ഇവിടെവെച്ച് കിരീടം ധരി ച്ചത് ബിസി 113ലാണ്.അതിനു ശേഷം 1000 വർഷം ഈ ചടങ്ങ് വിഘ്നമില്ലാതെ ഓരോ 12 വർഷവും നടന്നു. അവസാനത്തെ പെരു മാൾ കേരളത്തെ നാലായി ഭാഗിച്ചു. വള്ളു വനാട്ടിലെ വള്ളുവക്കോനാതിരിക്ക് നിലപാ ടുതറ നിൽക്കാനുള്ള അവകാശം കൊടുത്തു. അതിനുള്ള കിടമത്സരത്തിലാണ് സാമൂതിരി മഹാമഘം മാമാങ്കമാക്കി യുദ്ധക്കളമാക്കിയ ത്. 1755ലാണ് അവസാനമാമാങ്കം . പിന്നീട് 1767, 1779, 1791 , കൊല്ലങ്ങളിൽ ചട ങ്ങിനു മാത്രമേ ഉണ്ടായിട്ടുള്ളു (1791ലെ മാമാങ്കത്തി ലാണ് നാലപ്പാട്ടേ ലക്ഷ്മിയെ എലിയങ്ങാട്ടെ ശങ്കരൻതേവ കന്തൻതേവ കാണുന്നതും വി വാഹം കഴിക്കുന്നതും) ടിപ്പു ശ്രീകോവില് തൊട്ടില്ല. ഗോപുരം മാത്രം തകർത്തു. ഇപ്പോ ൾ സാമൂതിരിയുടേതാണ്. ചതുരദ്വിതലം, കിഴക്ക് അഭിമുഖം പിന്നിലെ വാതിൽ എപ്പോഴും അടച്ചിട്ടിരിക്കും. മാർക്കണ്ഡേയൻ യമനിൽനിന്ന് രക്ഷപ്പെടാൻ പൊളിച്ച് പുറ ത്തുചാടിയത് ഇതിലൂടെയാണ്.. അവിടെഒരു നന്ദിയുണ്ട്.



കുട്ടിയായതിനാല് മാർക്കണ്ഡേയന് ഉയരം ശരിയാക്കാന് തൃപ്രങ്ങോട്ടെ തേവർ നന്ദിയെ കിടത്തി എന്ന് സങ്കൽപ്പം. അകത്തേ ബലിവട്ടത്തിൽ മറ്റ് നിർമ്മിതികളൊന്നും ഇല്ല. വലിയമ്പലം ചുറ്റമ്പലത്തിന് കിഴക്കുവശം. തിടപ്പള്ളി തെക്കുകിഴക്ക്, നാരറ തെക്ക്, ഗണപതി കിഴക്ക് അഭിമുഖം. മുളയറ

വടക്ക്. മഹാലക്ഷ്മി വടക്ക്. ഗണപ
തിയുടെ ദ്വാരപാലകർ ഗണപതിമാരാണ്,
കക്കാട്ട് മഹാഗണപതിക്ഷേത്രത്തിലും ഇങ്ങ
നെയാണ് .ധ്വജത്തിനു പടിഞ്ഞാറ് ഭഗവാനെ
അഭിമുഖീകരിച്ച് മാർക്കണ്ഡേയൻ നമസ്ക
രിക്കുന്ന ഫലകം. ആനപ്പള്ള മര്യാദ. കിഴ
ക്കും പടിഞ്ഞാറും ഗോപുരം ടിപ്പു തക
ർത്തു. 91-92ൽ കിഴക്കേ ഗോപുരം വീണ്ടും
പണിതു. കിരാതം, ദശാവതാരം, ത്രിമൂർത്തി,
ദേവി, ഗോപികമാർ മുതലായ ശിൽപ്പങ്ങ
ളുണ്ട്. വിഷ്ണു പഞ്ചലോഹം 75 സെമീ.
നിൽക്കുന്ന ചതുർഭുജവിഷ്ണുവാണ്. മഹാ
ലക്ഷ്മിയും പഞ്ചലോഹം 75 സെമീ ദ്വിഭുജം.
ഇടത്ത് അഭയം വലത്ത് ലോലഹസ്തം.
ആദ്യം ഇടത്തുകൈ വരദമുദ്രയായിരുന്നു
എന്ന് പറയുന്നു. ശങ്കരാചാര്യർ 9 സാളഗ്രാ
മങ്ങളെ ആദരിച്ച് ശ്രീകോവിലിലേക്ക് നട
ക്കാതെ ഇഴഞ്ഞ് പ്രവേശിച്ചതിന് നാട്ടുകാർ
കളിയാക്കിച്ചിരിച്ചു എന്നും അവരുടെ
അധികാരം ശ്രീ അധികമായതിനാലാണ്
എന്നതിനാലാണ് വരദമുദ്ര മാറ്റി ലോലമാ
ക്കിയത് എന്നും കഥ. (കഥയും കാര്യവും
വേർതിരിച്ചെടുക്കണം)ഇരിക്കുന്ന ഗണപതി
45 സെമീ ആദിഗണപതിസങ്കൽപ്പം. താമര
മാലയും പാൽപ്പായസവുമാണ് നാവാ◌ാമുകു
ന്ദന് പ്രിയം. ഇവ 9ആം യോഗി കരഭാജ
നന്റെ പ്രതിഷ്ഠാവേളയിൽ തുടങ്ങിയതാണ്.
ഇനി താഴേക്കുപോകാതെ ഉറച്ചുനിന്നാൽ
താമരമാലയും പാൽപായസവും തരാമെന്ന്
കരഭാജനൻ പ്രാർത്ഥിച്ചപ്പോവാണ് മേൽഭാഗം

കാണുംവിധം സാലഗ്രാമം ഉറച്ചത്.10 ദിവസം ഉത്സവമുണ്ട്. മീനം അവസാലം 9 ദിവസം, 10ആം ദിനം മേടം 1 വിഷുവിന് ഉത്സവം. വിഷുവിന് സൂര്യപ്രകാശം വിഗ്രഹത്തിൽ നേരിട്ട് പതിക്കും. ജ്യോതിശ്ശാസ്ത്രവും വാസ്തുവും അറിഞ്ഞവരാണ് ഇപ്രകാരം പ്രതിഷ്ഠ നടത്തുന്നത്. കുംഭത്തിലെ ശുക്ലപക്ഷം ഏകാദശിവിളക്ക്. മീനത്തിലെ മകീരം പ്രതിഷ്ഠാദിനം. വാവുബലി (അമാവാസി കർക്കിടകം, തുലാം ഇടവം) ഇവ ഉണ്ട്. എല്ലാ വ്യാഴാഴ്ചയും പ്രദാനം. തന്ത്രി കൽപ്പുഴ മന തൃപ്രങ്ങോട്ട്. ശാന്തി അരീക്കര ഇല്ലം.



നാവാമുകുന്ദക്ഷേത്രം


നാവാമുകുന്ദക്ഷേത്രം

നാവാമുകുന്ദക്ഷേത്രം


ശ്രീ ശ്രീ നമ്മാൾവാർ അരുളിയ പാസുരം
അരുളാദൊഴിവായ് അരുൾ ചെയ്ത് അടിയേനൈ
പൊരുളാക്കി ഉൻ പൊന്നടിക്കീഴ് പുകവൈപ്പായ്
മരുളേയിൻട്രി ഉന്നൈ എൻ നെഞ്ചത്തിരുത്തും
തെരുളേതരുതെൻ തിരുനാവായ് എൻ തേവേ!
ശ്രീ ശ്രീ കൃഷ്ണപ്രേമി സ്വാമികൾ അരുളിയ കീർത്തനം


नावपुरम्
वराली - आदि
नारायण हरे नाराण नावपुराधीश नारायण
नारदकीर्तित नारायण वारिदश्यामल नारायण
नलिननिलोचन नारायण नरवरवेष नारायण

നാവാമുകുന്ദക്ഷേത്രം

ഭാരതപ്പുഴ
നാവാമുകുന്ദക്ഷേത്രത്തിൽനിന്ന്

ചക്രം
ശംഖം
പത്മം
ഗദ
ജനാർദ്ദനൻ നാവാമുകുന്ദക്ഷേത്രം



Muzhakkol of Perumthachan.Navamukundan. Dr Suvarna Nalapat Trust

Uli of Perumthachan .Navamukunadan.Dr Suvarna Nalapat Trust


നാഗശിൽപ്പം താഴെ

നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

Dr Suvarna Nalapat Trust
Naavaamukunda temple

നാവാമുകുന്ദക്ഷേത്രം ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്


നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

Naavaamukundan
Bangles in plenty as the IVC dancing girl

നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്


നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്
മത്സ്യാവതാരം
ബ്രഹ്മാവ്


നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്


നാവാമുകുന്ദക്ഷേത്രം ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്


പരശുരാമൻ
നരസിംഹമൂർത്തി
നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്


Meditating Avathar. of Vishnu
Parasurama or Balarama
Naavaamukunda

Vaamanan and Parasuraman at Naavaamukunda
പടിഞ്ഞാറേ നട നന്ദി. ശരീരത്തിലെ നാഗചിഹ്നം നോക്കുക
ഡോ സുവർണ്ണ
നാലപ്പാട്ട് ട്രസ്റ്റ്
ഭണ്ഡാരം
നാവാമുകുന്ദക്ഷേത്രം

നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

നാവാമുകുന്ദക്ഷേത്രം


നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്


നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

Manjeeranrutham Naavaamukundan

നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്


ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്
നാവാമുകുന്ദക്ഷേത്രം

നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

Naavaamukunda
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്
നാഗാഭരണം ചാർത്തി
പ്രണാളം താങ്ങുന്ന ഭൂതഗണം
നാവാമുകുന്ദക്ഷേത്രം


നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്


നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്

നാവാമുകുന്ദക്ഷേത്രം
ഡോ സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്



31. വൈരങ്കോട്ട് ഭദ്രകാളി. തിരുനാവായ. 14ആം നൂറ്റാണ്ടിലുണ്ട്. ഇവിടെ പോർളാതിരി രാജ വംശത്തിന് ഒരു കോവിലകം ഉണ്ടായിരുന്നു. സാമൂതിരിയും പോർളാതിരിയും കൂടി വൈരം ഉണ്ടായി സാമൂതിരി പോർളാതിരിരാജ വംശത്തിൽനിന്ന് കോഴിക്കോട് മുഴുവനും കൈവശമാക്കിയ കാലത്ത് ഈ കോവിലക

ത്തിലെ ഒരാള് കൊടുങ്ങല്ലൂരമ്മയുടെ ഭക്ത നായ മാടമ്പത്ത് നായരുടെ കൂടെ കൊടുങ്ങ ല്ലൂരിലേക്ക് പോയി. ദേവീചൈതന്യം കുടപ്പു റത്ത് കൂടെപ്പോന്നു. കോവിലകത്തെ വരാന്ത യിൽ വെച്ച കുട വിറക്കാൻ തുടങ്ങി. മാട മ്പിനായർ വെളിച്ചപ്പെട്ട് ദേവിക്ക് സ്ഥലം വേണമെന്ന് ആവശ്യപ്പെട്ടു. കോവിലകത്തെ മച്ചിൽ പ്രതിഷ്ഠിച്ചു. പിന്നീട് മാടമ്പിനായർ ക്ഷേത്രസ്ഥാനം കാട്ടിക്കൊടുത്തു. പോളാതിരി ക്ഷേത്രം പണിതു. ഇവരെ ഇപ്പോൾ പള്ളി യാതിരിനായർ , പുള്ളയാതിരി എന്നെല്ലാമാ ണ് വിളിക്കുന്നത്. ഉത്തമപൂജക്ക് നമ്പൂതിരിയേ യും മദ്ധ്യമപൂജക്ക് നായരേയും അധമപൂജ ക്ക് വേലനേയും മണ്ണാനേയും നിയമിച്ചു. 1976ൽ 4 അംഗട്രസ്റ്റിബോഡ് എടുത്തു. അതി ലെ ഒരാൾ പള്ളിയാതിരിനായർ കുടുംബാം ഗമാണ്. ചതുരശ്രീകതലം 2 ബിംബം ഭദ്രകാ ലിയും രുദ്രപ്പനും. തിടപ്പള്ളി തെക്കുകിഴക്ക്, കിണർ വടക്കുകിഴക്ക്. ചുറ്റമ്പലത്തിനു പുറ ത്ത്. 16 ദീപസ്ംഭമുണ്ട്. 7 എണ്ണം പടിഞ്ഞാ റും മൂന്ന് വീതം മറ്റ് മൂന്നു ദിക്കിലും. എന്നും ചുറ്റു വിളക്ക് ഉണ്ട്. വിഗ്രഹങ്ങൾ ശിലയാണ്. കണ്ണാടിഭദ്രകാലി 45 സെമീ രുദ്ര പ്പൻ 30 സെമീ. തിയ്യാട്ട് പല്ലാർ ദേശക്കാരുടേ താണ്. (അല്ലൂർ, കുറവൂർ,കൈതക്കര, വലി യ പറപ്പുര, പല്ലാർ, അനന്താവൂർ, ദേശം ഭക്തർ.) നായർ,വേലർ,മണ്ണാർ,ആശാരി, പണി ക്കർ സമുദായങ്ങൾക്ക് പ്രത്യേകഅവകാശ വും ആചാരവും അധികാരവും ജോലിയും കൊടുത്തിട്ടുണ്ട്. . തട്ടാൻ തിരുവാഭരണം

ശുദ്ധിയാക്കുന്നു. നായർ മേലാരി (വിറക്) കൊണ്ടുവരണം. ആന്തൂരുനായർ (കുശവൻ) പാത്രം കൊണ്ടുവരണം. വെളുത്തേടത്ത് നായർ വസ്ത്രം വെളുപ്പിക്കണം. ഇതുപോലെ ആറങ്ങാട്ടിരി സ്വരൂപം, വെള്ളാട്ടിരിപള്ളിപ്പറ്റ നായർ, തോപ്പറ മൂസദ്, വെള്ളാണിശ്ശേരി മൂസദ്, കൽപ്പുഴ തന്ത്രിയും പുരോഹിതരും വാദ്യക്കാർ കോമരംമുതലായവർക്കും അവകാശവും ആചാരവുമുണ്ട് 6 ദിവസം വാർഷികോത്സവം. കുംഭത്തിലെ മുപ്പട്ട് ഞായറാഴ്ച തുടങ്ങും.ഇതിലെ മൂന്നും ആറും ദിവസം (ചൊവ്വ, വെള്ളി) പ്രധാനമാണ്. ഞായറാഴ്ച രാവിലെ മര്യാദക്കകത്ത് പള്ളിയാതിരിനായർസ്ത്രീകൾ ചാണകം മെഴുകി ശുദ്ധമാക്കുന്നു.ഉച്ചക്ക് ആഴ്വാഞ്ചേരി തമ്പ്രാക്കളുടെ മനയിൽ സദ്യ.ഉച്ചപ്പൂജ കഴിഞ്ഞാൽ ഉത്സവം ആരംഭിച്ചതായി കോമരം പ്രഖ്യാപിക്കുന്നു. കോവിലകത്ത് സഭ കൂടി മേലരിക്ക് എന്തു മരം മുറിക്കണം എന്ന് നിശ്ചയിക്കും. ചൊവ്വാഴ്ച അമ്പലത്തിൽ കൊടിവരവും പൂതംകളിയും . ഉച്ചക്കുമുമ്പ് മേലരി ജാഥയായി കൊണ്ടുവരും. ഉച്ചപ്പൂജക്കുശേഷം തിയ്യാട്ടുകൊള്ളൽ എന്ന വിശേഷപൂജ. പിന്നെ തോറ്റംപാട്ട്. ചൊവ്വാഴ്ചത്തെ ഉത്സവത്തിന് ചെറിയ തിയ്യാട്ട് എന്ന് പേര്.വൈകുന്നേരം കാവുതീണ്ടൽ. പിന്നീട് യാഗാഗ്നി ജ്വലിപ്പിക്കും. അലങ്കരിച്ച കോമരങ്ങൾ എഴുന്നള്ളും. ആറു ദേശക്കാരാണ് ചെറിയ തീയാട്ടിൽ പങ്കെടുക്കുക. നാലാം ദിനം കനലാട്ടം. പിന്നെ പൂതനും തിറയും കാട്ടാളൻവരവും.

വലിയ തിയ്യാട്ടിനുള്ള മരംമുറി(മേലരിക്ക്) വെള്ളിയാഴ്ചയാണ്. അവസാനദിനം അക്ഷരങ്ങളെ (മാതൃകകളെ) അനുസ്മരിപ്പിച്ച് അമ്പതും ഒന്നും (51) തെയ്യംതിറ. ദ്വാദശാദിത്യന്മാരെ അനുസ്മരിച്ച് 12 കാളക്കോലം. ഇതിൽ എല്ലാ ദേശക്കാരും പങ്കെടുക്കും. പ്രതിഷ്ഠ കൽപ്പുഴ ഇല്ലം തന്ത്രി ആഴ്‌വാഞ്ചേരി തമ്പ്രാക്കളുടെ സാന്നിദ്ധ്യത്തിലാണ് ചെയ്തത്. ഇപ്പോഴും അവരാണ് തന്ത്രി.

32. ആലത്തിയൂർ അശ്വനീദേവക്ഷേത്രം തൃപ്രങ്ങോട്ട് ഗ്രാമപ്പഞ്ചായത്ത്. തിരൂർ നിന്ന് 8 കിമീ തെക്ക് ചമ്രവട്ടം റോഡിൽ പൂഴിക്കുന്നത്ത്. 16ആം നൂറ്റാണ്ടിലുണ്ട്. വേദത്തിൽ സൂര്യപുത്രരായ സത്യനും ദസ്രനും വൈദ്യ,ജ്യോതിശ്ശാസ്ത്ര, സമുദ്രസഞ്ചാരത്തിനു പേരുകേട്ട ഇരട്ടസഹോദരന്മാരാണ്. ആലത്തൂർ നമ്പിയുടെ ഇല്ലത്തിൽ ഇവരുടെ സാന്നിദ്ധ്യം ഉണ്ട്. ആലത്തൂര്നമ്പിയുടെ ഗൃഹത്തിനടുത്ത് പഴയഒരുവൈദ്യൻതൃക്കോവിലുണ്ടായിരുന്നു. (ശിവൻ) ഒരിക്കൽ കാരണവർ ദർശനം കഴിച്ച് മടങ്ങുമ്പോൾ രണ്ട് കിളികൾ കൊറുക്ക് കൊറുക്ക് എന്ന് പറഞ്ഞു. സംസ്കൃതത്തിൽ കാ അരുക് ആരാണ് അരോഗി (രോഗമില്ലാത്തവൻ) എന്ന് നമ്പി കിളികളോട് പറഞ്ഞു. കാലേ ഹിതമിതഭോജീ കൃതചംക്രമണക്രമേണ വാമശയ, അവിധൃതമൂത്രപുരീഷസ്ത്രീഷു യതാത്മാ ച യോ നരാ സോ അരുക്.
ഹിതവും മിതവുമായ ഭക്ഷണം, അൽപ്പം നടത്തം, ഇടത്തോട്ട് ചെരിഞ്ഞ് കിടത്തം,

മലമൂത്രങ്ങളെ ബന്ധിക്കാതിരിക്കൽ, സ്ത്രീ വിഷയത്തിൽ യതാത്മാവ്- ഇപ്രകാരമുള്ള വനാണ് രോഗമില്ലാത്തവൻ. കുറച്ച് ദിവസം കഴിഞ്ഞ് രണ്ട് ബ്രഹ്മചാരികൾ ായുർവ്വേദം പഠിക്കാനാണെന്ന് പറഞ്ഞ് എത്തി. വളരെ ബുദ്ധിമാന്മാരായ അവരുടെ പെരുമാറ്റം വിചിത്രമായിരുന്നു. പഠിക്കാൻ വന്നവരി ൽനിന്ന് നമ്പി പലതും പഠിച്ചു. ഒരിക്കൽ തലവേദനയുമായി വന്ന ഒരാളെ അവർ ഇല്ലത്തെ പറമ്പിൽനിന്ന് പറിച്ച ഇലച്ചാറു കൊണ്ട് ചികിത്സിക്കുന്നത് ഇല്ലത്തെ കുട്ടി കണ്ടു. ഇത് നമ്പി അറിഞ്ഞപ്പോൾ അവർ പോകാനനുമതി ചോദിച്ചു. നിങ്ങളാരാണെന്ന ചോദ്യത്തിന് ആയുർവ്വേദത്തെ പ്രചോദിപ്പി ക്കാൻ വന്ന അശ്വിനികളാണെന്ന് ഉത്തരം. അവർ ഇല്ലത്തിനു മുന്നിലെ ആൽത്തറയിൽ കയറി അപ്രത്യക്ഷമായി. പോകുംമുമ്പ് നമ്പിക്ക് ഒരു ഗ്രന്ഥം കൊടുത്തു. ഭക്തി, സ്നേഹം, ആത്മാർത്ഥത, ഉത്തരവാദിത്ത ബോധം, ഇവയോടെ ചികിത്സിക്കാനും പറഞ്ഞു. നമ്പി ആൽത്തറമേൽ അവര്ക്ക് ചെറിയ ക്ഷേത്രം പണിതു. തക്ഷകനെ ചികിത്സിച്ചതിന് തക്ഷകസാന്നിദ്ധ്യവും നമ്പിയുടെ ഇല്ലത്തുണ്ട്. ആയില്യം നാൽ ഇവിടെ പ്രധാനമാണ്. ആലത്തൂർനമ്പി അഷ്ടവൈദ്യരിൽ ഒരാളാണ്. ഇല്ലത്തിന്റെ മുറ്റത്താണ് ക്ഷേത്രം . ആൽത്തറയാണ് . 1.65 മീ ഉയരമുള്ള തറ ചുറ്റും പണിതിട്ടുണ്ട്. ആലിന്റെ ഒരു ശാഖ ഇലഞ്ഞിയാണ്. (ആലും ഇലഞ്ഞിയും അശ്വനീദ്വകളായി ഇരട്ടകളായി)

അതിന്റെ മുന്നിൽ ദീർഘചതുരഏകതലമണ്ഡപം. മുന്നിൽ ദീപസ്തംഭം. പ്രതിമയില്ല. കന്നി ആയില്യപൂജ പ്രധാനം. ഇരട്ടമരമാണ് ആരാധനാമൂർത്തി. തന്ത്രി മൂത്തേടത്ത് മന. ഇല്ലത്തെ അംഗങ്ങൾ രാവിലെയും സന്ധ്യക്കും 6 മണിക്ക് നിത്യം വിളക്ക് വെക്കും.



33. കൂർമ്മമൂർത്തി ഗരുഡൻകാവ് വെള്ളാമശ്ശേരി തൃപ്രങ്ങോട്ട്. പൂഴിക്കുന്നിൽ 11ആം നൂറ്റാണ്ടിൽത്തന്നെ ഉണ്ട്. കശ്യപപുത്രനും വിഷ്ണുവാഹനവുമായ ഗരുഡവിഗ്രഹം പെരുന്തച്ചനാണ് വെട്ടത്തുരാജാവിന് സമ്മാനിച്ചത്. പെരുന്തച്ചകാലം എഡി 4-5 നൂറ്റാണ്ടാണ്. പതിവ്രതയായ സ്ത്രീ തൊട്ടാൽ അത് പറക്കും. എവിടെ ചെന്നിരുന്നുവോ അവിടെ ക്ഷേത്രം പണിയണം എന്ന് പറഞ്ഞാണ് കൊടുത്തത്. രാജപത്നി കുട്ടിക്ക് പാൽ കൊടുക്കുകയായതിനാൽ വിളിച്ചിട്ട് വരാൻ വൈകി. ഗരുഡൻ പറന്നില്ല. കൊട്ടാരത്തിലെ സ്ത്രീകളെല്ലാം തൊട്ടിട്ടും പറന്നില്ല. പെരുന്തച്ചന്റെ ഭാര്യ കിണറ്റിൽനിന്ന് വെള്ളം കോരുമ്പോളാണ് വിളി വന്നത്. പകുതിയിൽ നിർത്തി (പാളയും കയറും അതേ പടി നിന്നുവത്രെ)ഓടിവന്ന് തൊട്ടതും ഗരുഡൻ പറന്നു. ഒരു കുളത്തിൽ വെളുത്ത ആമയെ കണ്ട ഗരുഡൻ വിഷ്ണുവിന്റെ കൂർമ്മാവതാരം സ്തുതിച്ച് അവിടെ ഇറങ്ങി. കുളത്തിൽനിന്ന് 100 മീ കിഴക്ക് രാജകൽപ്പനപ്രകാരം പെരുന്തച്ചനാണ് ക്ഷേത്രം പണിതത്. വിഷ്ണുവിന്റെ ശിലാവിഗ്രഹം കിഴക്ക് അഭിമുഖമായി കൂർമ്മാവതാരസങ്കൽപ്പത്തിലും ഗരുഡവിഗ്രഹം പടിഞ്ഞാട്ട്

അഭിമുഖമായും .കേരളത്തിൽ ഗരുഡക്ഷേത്രം ഇതുമാത്രമേ ഉള്ളു. സർപ്പദോഷത്തിനു പ്രസിദ്ധമാണ്. പടിഞ്ഞാറുള്ള ആലിന്റെ ചുവട്ടിൽ സർപ്പ ങ്ങളെ കൊണ്ടുവന്ന് ഇടുന്നു. അവയുടെ മേൽ പുണ്യാഹം

തളിക്കാറുണ്ട്. അവ ഇഴഞ്ഞ് പുറത്തേക്ക് പോകും. ടിപ്പു ഗരുഡവിഗ്രഹവും ബലിക്കല്ലും തകർത്തു. .1991ൽ ഭാഗികമായി പുനരുദ്ധരിച്ചു.. ആദ്യം മൂന്നു മനക്കാരുടെയായിരുന്നു. കറു ത്തേടത്ത്, അമ്പലപ്പാവേരി, മുല്ലപ്പള്ളി ഊരാളരായി രുന്നു. 1992ൽ ഊരാണ്മ ദേവസ്വം ബോഡിന് കിട്ടി. ചതുരദ്വിതലം. ഗണപതി ഉപദേവത. ശ്രീകോവിലിന്നു തെക്ക്. ആ ക്ഷേത്രത്തില് വേട്ടേക്കരനും കാർത്തവീര്യാർജ്ജുനനും പ്രതിഷ്ഠ ഉണ്ട്. അകത്തെ ബലിവട്ടത്തിൽ വേറെ 2 ഉപദേവതാക്ഷേത്രമുണ്ട്. ശങ്കരനാരായണനും ശിവനും. അകത്തെ ബലിവട്ടത്തിന്റെ വടക്കുകിഴക്ക് കിണർ. ചുറ്റമ്പലത്തിന്റെ കിഴക്ക് വാതിൽ ശങ്കരനാരായണനേയും ശിവനേയും അഭിമുഖീകരിക്കുന്നു വലിയമ്പ ലത്തിൽ ശിവന്ന് അഭിമുഖമായി ചെറിയ കിളിവാതിലുണ്ട്. തെക്കുകിഴക്ക് തിടപ്പള്ളി. തെക്കുപടിഞ്ഞാറ് അയ്യപ്പനും ഭഗവതിയും കിഴക്കോട്ട് അഭിമുഖം. ഭംഗിയുള്ള ഒരു ഓട്ടുവിളക്കിന്നു മുകളിൽ പൊട്ടിയ ഗരുഡ നുണ്ട്. തെക്ക് കുളം.. ഘനദ്വാരങ്ങളിൽ സർപ്പശിൽപ്പങ്ങൾ. കാർത്തവീര്യാർജ്ജുനനും ഭഗവതിയും പീഠം മാത്രമാണ് മറ്റെല്ലാം ശിലാവിഗ്രഹം. മഹാവിഷ്മു 75 സെമീ നിൽക്കുന്ന ദ്വിഭുജരൂപം. കൂർമ്മസങ്കൽപ്പം. നിൽക്കുന്ന ഗരുഡനെ പൊട്ടിയതിനാല് പഞ്ചലോഹഗോളക പൊതിഞ്ഞിരിക്കുന്നു 33 സെമീ. നിൽക്കുന്ന ശങ്കരനാരായണൻ 45

സെമീ. ശിവലിംഗം പൊട്ടിയിരിക്കുന്നു. ഇരിക്കുന്ന ഗണപതി, വേട്ടേക്കരൻ 30, 27 സെമീ. ഗരുഡന് വെള്ളികൊണ്ട് പാമ്പും മുട്ടയും മഞ്ഞപ്രസാദം , പുഷ്പാഞ്ജലി ഇവ സർപ്പദോഷത്തിന്. ത്വക്രോഗങ്ങൾക്ക് ഗരുഡന് ഒരു കൊട്ട നിറയെ കുമ്പളങ്ങ വഴിപാട്. വിഷ്ണുവിന് പുഷ്പാഞ്ജലിയും പാൽപ്പായസവും. തന്ത്രി കൽപ്പുഴ മന.

വെള്ളാമശ്ശേരിഗരുഡൻകാവ് ഗരുഡൻ

കൂർമ്മമൂർത്തി ഗരുഡൻകാവ് വെള്ളാമശ്ശേരി

കൂർമ്മമൂർത്തിഗരുഡൻകാവ് വെള്ളാമശ്ശേരി

34. പെരുംതൃക്കോവിൽ രാമക്ഷേത്രം ഹനുമാ ന്‌കോവിൽ ആലത്തിയൂർ തൃപ്രങ്ങോട്ട് ഗ്രാമ പ്പഞ്ചായത്ത്. വളരെ പ്രധാനക്ഷേത്രം.

പരശുരാമൻ നിശ്ചയിച്ച 64 ഗ്രാമത്തിലൊന്നാ ണ് ആലത്തിയൂർ. ഇവിടത്തെ ഗ്രാമക്ഷേത്രം ഇതാണ്. ടിപ്പുവിന്റെ കാലത്ത് ക്ഷേത്രം നശിപ്പിച്ച ടിപ്പു വിഗ്രഹം തകർത്തു, ഇ പ്പോൾ പഞ്ചലോഹഗോളക മൂടിയിരിക്ക യാണ്. വെട്ടത്തുരാജാവിൽനിന്നാണ് ഇത് സാമൂതിരി കൈവശമാക്കിയത്. ഹനുമാന് ചൂഡാമണിയും രഹസ്യസന്ദേശവും കൊടു ക്കുന്ന രാമസങ്കൽപ്പമാണ്. ലക്ഷ്മണൻ ശ്രീ കോവിലിനു പുറത്താണ്. ഹനുമാൻ മുഖ മണ്ഡപത്തിന്റെ തെക്കുവശത്തുനിന്ന് രഹ സ്യവാചകം ശ്രദ്ധിക്കുന്ന സങ്കൽപ്പമാണ്. ഇവിടത്തെ പ്രദക്ഷിണവഴിയുടെ തെക്കുഭാഗ ത്തെ കരിങ്കല്ലിൽനിന്നാണ് സീതാന്വേഷണത്തി ന് ഹനുമാൻ യാത്രയായതെന്നും സങ്കൽപ്പം

ചതുരദ്വിതലം ഹനുമാൻ കിഴക്ക് അഭിമുഖം. ഭദ്രകാളിയുടെ സങ്കൽപ്പപ്രതിഷ്ഠ തെക്ക് അഭിമുഖം. അകത്തേ ബലിവട്ടത്തിന്റെ വട ക്കുകിഴക്ക് കിണർ തെക്കുകിഴക്ക് തിടപ്പള്ളി. ചുറ്റമ്പലത്തിന് കിഴക്കും പടിഞ്ഞാറും വട ക്കും വാതിൽ. തെക്കുപടിഞ്ഞാറ് ഗണപതി യും അയ്യപ്പനും കിഴക്കോട്ട് അഭിമുഖം. അഗ്രമണ്ഡപത്തിൽ വലിയ ബലിക്കല്ല്. ചുറ്റ മ്പലത്തിൽ അകത്ത് 2 ഉപദേവതാക്ഷേത്രം. തെക്കുകിഴക്ക് പടിഞ്ഞാട്ട് അഭിമുഖമായ വിഷ്ണു 1989ൽ പണിതതാണ്. വടക്കുകിഴ ക്ക് ലക്ഷ്മണൻ പഴയതാണ്. 3 ദീപസ്തംഭം (2 ഓട്, 1 ശില). ഓട്ടുദീപസ്തംഭത്തിലൊന്ന് പഴയതാണ്. അതിന്നു മുകളില് ഹനുമാനു ണ്ട്. ശിലാസ്തംഭം 1974ൽ ഉണ്ടാക്കിയതാണ്. കിഴക്ക് ഗോപുരം. രാമന്റെ പൊട്ടിയ വിഗ്ര ഹം ഗോളക പൊതിഞ്ഞത് 95 സെമീ നിൽക്കുന്ന ചതുർഭുജവിഷ്ണു. വിഷ്ണുവും ലക്ഷ്മണനും നിൽക്കുന്ന 60 സെമീ വിഗ്ര ഹങ്ങൾ. ഗണപതി അയ്യപ്പൻ, ഭഗവതി (ഇരിക്കുന്ന) 30, 35, 1 വീതം. നിൽക്കുന്ന ഹനമാൻ 45 സെമീ. രാമലക്ഷ്ണന്മാരും ഹനുമാനും ടിന്താവിഷ്ടരായ ഭാവമാണ്. (സീത നഷ്ടപ്പെട്ടഭാവം). തന്ത്രി കൽപ്പുഴ ഇല്ലം

ആലത്തിയൂർ
ഹനുമാൻകാവ്

ആലത്തിയൂർഹനുമാൻകാവ്

ആലത്തി യൂരിലെ
ഹനുമാൻ



തൃപ്രങ്ങോട്ട്.



The old Sapthamathru stone at Alathiyur Sriramaswami Temple
Note the human figurines carrying lyres and similar Musical instruments.Below the
Simsumaara/Reptile form of Vishnu as Kaalapurusha is symbolically represented.
This is comparable to the Assyrian men marching with lyres. This stone is older
than the Assyrian version from its style and treatment of the subject

Alathiyur old Sapthamathruka stone
with scripts

സിംഹവാഹിനി ദുർഗ്ഗ, വരാഹമൂർത്തി

അർദ്ധനാരീശ്വരൻ

അമ്മ, ഉണ്ണിഗണപതി


ഉണ്ണിക്കണ്ണൻ

35. കാലസംഹാരമൂർത്തി മഹാശിവൻ തൃപ്രങ്ങോട്ട് . ഉദ്ദണ്ഡശാസ്ത്രി കോകിലസന്ദേശത്തിൽ തൃപ്രങ്ങോട്ടിനെ ശ്വേതാരണ്യം. എന്ന് വിളിക്കുന്നു, വളരെ പഴയ ക്ഷേത്രമാണ്. 7 കിമീ അർദ്ധവ്യാസത്തിനകത്ത് 5 പ്രസിദ്ധ ക്ഷേത്രമുണ്ട് 4 കിമീ കിഴക്ക് നാവാമുകുന്ദൻ. 32 കിമീ വടക്ക് ആലത്തിയൂർ രാമൻ. 3 കിമീ വടക്കുപടിഞ്ഞാറ് വെള്ളാമശ്ശേരി

ഗരുഡൻ 7 കിമീ വടക്ക് തൃക്കണ്ടിയൂർ ശിവൻ.



മാർക്കണ്ഡേയമുനി 16ആം വയസ്സിൽ ആയുസ്സിനായി നാവാമുകുന്ദനെ തപം ചെയ്തു. വിഷ്ണു പ്രത്യക്ഷമായി ശ്വേതാരണ്യത്തിലേക്ക് പോകാന് പറഞ്ഞു. അതുവരെ യമൻ തീണ്ടാതിരിക്കാനായി ഒരു പിടി മണ്ണ് കൊടുത്തു. പടിഞ്ഞാറെ വാതിലിലൂടെ രക്ഷപ്പെടുത്തി. ശ്വേതാരണ്യത്തിനു മുമ്പിൽ വഴി മുടക്കിയ ആൽമരം രണ്ടായി പിളർന്ന് വഴി കൊടുത്തു.ശിവമെ ആലിംഗനം ചെയ്ത കുട്ടിയെ വധിക്കാനെത്തിയ യമനെ ശിവൻ കാലസംഹാരമൂര്ത്തിയായി വധിച്ചു. എന്നിട്ടും കലി അടങ്ങാതെ ബ്രാഹ്മണരൂപമെടുത്ത് തീർത്ഥക്കുളത്തിലെ ജലം ശിരസ്സിലൊഴിക്കാനാരംഭിച്ചു. ഇതു കണ്ട ഒരു കുട്ടി സഹായിക്കാനെത്തിയ. അവനോട് ദിനവും ഒരു ശംഖ് ജലം സ്വയംഭൂലിംഗത്തിന്മേൽ അഭിഷേകം ചെയ്യാനാവശ്യപ്പെട്ടു. അങ്ങനെയാണ് ഇവി

ടെ ശംഖാഭിഷേകം തുടങ്ങിയത്. ആയുസ്സിനും അനായാസേന മരണത്തിനും രോഗശമനത്തിനും ശംഖാഭിഷേകം ഇവിടെ വഴിപാടാണ്. കൽപ്പുഴമനക്കലെ തെക്കേടത്ത് വടക്കേടത്ത് മനക്കാർ ഇത് നിത്യവും മുടക്കാതെ ചെയ്യുന്നു. എന്നും ചെയ്യുന്ന അവർക്ക് അശുദ്ധി ഇല്ല.

തൃപ്രങ്ങോട്ട്ശിവക്ഷേത്രം

തൃപ്രങ്ങോട്ട്ശ്രീമൂലസ്ഥാനം

തൃപ്രങ്ങോട്ട്മഹാശിവക്ഷേത്രം

Nataraja
Thuprangot

Krishna at Thuprangot

ആനവൽ റിപ്പോർട്ട് ഓഫ് എപ്പിഗ്രാഫി 1985 നമ്പർ 219 കോതരവിവർമ്മനെന്ന ചേരരാജാവിന്റെ (917-944)ലിഖിതം ഈ ക്ഷേത്രത്തിനുള്ള ഭൂമിദാനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ടിപ്പു ആക്രമിച്ച് പഞ്ചപ്രാകാരങ്ങളിലൊന്നായ വിളക്കുമാടം നശിപ്പിച്ചു. ആലത്തിയൂരിലെ ബ്രാഹ്മണരും വെട്ടത്തുനാട്ടിലെ രാജവംശവുമായിരുന്നു ഉടമസ്ഥർ.പിന്നെ ഈസ്റ്റ് ഇന്ത്യാ കമ്പനി എടുത്ത് സാമൂതിരിക്ക് കൊടുത്തു. 3 കുളമടക്കം 3 ഏക്കർ സ്ഥലമുണ്ട്. ഗജപൃഷ്ഠ ദ്വിതലം പടിഞ്ഞാട്ട് അഭിമുഖം .ഇപ്പോഴുള്ള ഉപപീഠം ആദ്യമുണ്ടായിരുന്ന ക്ഷേത്രത്തിന്റെ അവശിഷ്ടമാമ്. അതിന്നുമേലെയാണ് അധിഷ്ഠാനം. ഗർഭഗൃഹത്തിനും മുഖമണ്ഡപത്തിനും ഇടയിൽ ഇടുങ്ങിയ ഇടനാഴി ഉണ്ട്. തെക്കേ ചുമരിൽ പാർവ്വതിക്ക് ചെറിയ ക്ഷേത്രം. പടിഞ്ഞാട്ട്

അഭിമുഖം. നമസ്കാരമണ്ഡപത്തിന്റെ തെക്കുപടിഞ്ഞാറ് വടക്കുപടിഞ്ഞാറ് മൂലകളിലായിരുന്നു പണ്ട് ഗണപതിയും നന്ദിയും. ഇപ്പോൾ ഗണപതി ചുറ്റമ്പലത്തിന്റെ തെക്കുപടിഞ്ഞാറ് കിഴക്ക് അഭിമുഖമാണ്. അഗ്രമണ്ഡപത്തിനകത്ത് ബലിക്കല്ല്. മുമ്പിലും പിന്നിലും ശിലാദീപസ്തംഭം. വടക്കേ പ്രദക്ഷിണവഴിയുടെ പുറംഭാഗത്ത് 3 ഉപദേവതാക്ഷേത്രം, എല്ലാം പടിഞ്ഞാട്ട് അഭിമുഖം. ഏറ്റവും വടക്കുള്ളത് ശിവൻ, പരശുരാമപ്രതിഷ്ഠ. ശ്രീകാരണത്തിൽ ശിവനെന്ന് അറിയുന്നു. മാർക്കണ്ഡേയന്റെ അടുത്തെത്താൻ ശിവനെടുത്ത നാലു അടികളാണ് നാലു ക്ഷേത്രമായി നിർമ്മിക്കപ്പെട്ടത്. വൃത്തഏകതലം ശ്രീകാരണത്തിൽ ശിവൻ ശ്രീമൂലസ്ഥാനം . ചതുരഏകതലം നാവാമുകുന്ദൻ. ചതുരഏകതലം മുഖമണ്ഡപത്തോടെ ശിവക്ഷേത്രം. ഗജപൃഷ്ഠശ്രീകോവിൽ പ്രധാനകാലസംഹാരമൂര്ത്തി. വടക്കുകിഴക്ക് വേട്ടേക്കരനും ഭദ്രകാളിയും ഉപദേവതാക്ഷേത്രം. തെക്ക് പ്രദക്ഷിണവഴിയിൽ ശാസ്താവിന് ഗജപൃഷ്ഠശ്രീകോവിൽ. തെക്കുപടിഞ്ഞാറ് ഗോശാലകൃഷ്ണന് ചതുരശ്രീകോവിൽ. കിഴക്ക് ഗോപുരം. പ്രധാനശിവലിംഗം രുദ്രാക്ഷശില 15 സെമീ കാലസംഹാരമൂർത്തിസങ്കൽപ്പം. ഇരിക്കുന്ന ഗണപതി ഭഗവതി ശാസ്താ 15 സെമീ വീതം. നിൽക്കുന്ന നാവാമുകുന്ദനും ഗോശാലകൃഷ്ണനും 67 സെമീ വീതം. വേട്ടേക്കരലിംഗം 21 സെമീ. ബ്രഹ്മരക്ഷസ്സ് ശിലാലിംഗം 21 സെമീ. ഭദ്രകാളി കണ്ണാടി 21 സെമീ. തന്ത്രി കൽപ്പുഴ. ശാന്തിക്കാർ മുണ്ടക്കൽ തെക്കേടത്ത് വടക്കേടത്ത് മനകൾ.

36.ചമ്രവട്ടം മഹാശാസ്താ തൃപ്രങ്ങോട്ട്. ചുറ്റും ഭാരതപ്പുഴ. മഴക്കാലത്ത് തോണിയിൽ പോയി

പൂജിക്കുന്നു ഇവിടെ ശംബരനാണ് ആദ്യം തപസ്സു ചെയ്ത് പുഴയിൽചൈതന്യം കണ്ട് വിഗ്രഹം പൂണ്ടുകിടക്കുന്നത് എടുത്ത് പ്രതിഷ്ഠിച്ചത്. അതിനാലാണ് ശംബരവട്ടമായത്. സ്ഥലം ആദ്യം വട്ടത്തിലുള്ള തുരുത്തായിരുന്നു. പുഴയുടെ ഗതി അനുസരിച്ച് ആകൃതിയും വലിപ്പവും മാറും... 1925ൽ ബോഡ് എടുത്തു. 40 സെന്റ് സ്ഥലത്താണ് ശ്രീകോവിലും മുഖമണ്ഡപവും നടപ്പുരയും.1870 ൽ പുനരുദ്ധരിച്ചു. പുഴയിൽനിന്ന് 9 പടി കയറ ണം ക്ഷേത്രത്തിലെത്താൻ. ചതുരഎ്രകതലം പടി ഞ്ഞാട്ട് അഭിമുഖം. ശിലാസ്ംഭം 1970ലാണ് സ്ഥാപി ച്ചത്. ശാസ്താവ് 3 സെമീ. പ്രഭ,സാത്യക, ഗണപ തി, മഹാവിഷ്ണു സങ്കൽപ്പപ്രതിഷ്ഠ. 2 ശിവലിം ഗം ശ്രീകോവിലിലുണ്ട്. ദുർഗ്ഗ സുബ്രഹ്മണ്യൻ സങ്ക ൽപ്പം. മഴ കിട്ടാനും മഴ ശമിക്കാനും നാളികേര വഴിപാട്. തന്ത്രി കൈനിക്കര തെക്കേടത്ത് മഠം തിരുനാവാ. ഉഷപൂജ ഊരാളർ തന്നെ ചെയ്യും. മറ്റ് 2 പൂജ ചെറുവള്ളി ഇല്ലവും വേങ്ങശ്ശേരി മനയും മേൽശാന്തിയും കീഴ്ശാന്തിയുമായി ഊഴമിട്ട് ചെയ്യും.

Dr Suvarna Nalapat

ചമ്രവട്ടം ശാസ്താവ്

ചമ്രവട്ടം ശാസ്താവ്

37.വേമണ്ണ നരസിംഹമൂർത്തി വെട്ടം ഗ്രാമപ്പഞ്ചായത്ത്. 500 മീ കിഴക്കാണ് പൊന്നാനിപ്പുഴ കിമീ പടിഞ്ഞാറ് കടൽ. വെട്ടം രാജവംശത്തിന്റെ ക്ഷേത്രം.വെട്ടം രാജവംശം ഇല്ലാതായി. 16ആം നൂറ്റാണ്ടിൽ മുല്ലപ്പള്ളിമനക്ക് കൊടുത്തു. 1991ൽ ട്രസ്റ്റി ബോഡ്. വൃത്തഏകതലം ഉപദേവത ഗണപതി, അയ്യപ്പൻ കിഴക്ക് അഭിമുഖം. കൊടിയിൽ തേവർ വടക്ക്കിഴക്ക് കിഴക്കോട്ട് അഭിമുഖം. വടക്ക് അഗ്രശാല. വടക്കുപടിഞ്ഞാറ് പത്തായപ്പുര. ഗോപുരം പടിഞ്ഞാറ്. പുറത്ത് വടക്കുപടിഞ്ഞാറ് ക്ഷേത്രക്കുളം. നിൽക്കുന്ന നരസിംഹമൂർത്തി 90 സെമീ ചതുർഭുജം. കൊടിയിൽ തേവർ ഇരിക്കുന്നു ഗണപതിയും ഇരിക്കുന്നു. രണ്ടും 30 സെമീ വീതം. അയ്യപ്പന് സ്ഥാനമേ ഉള്ളൂ. തന്ത്രി കൽപ്പുഴ.

38. വെട്ടത്ത് കാവ് ഭഗവതി.

ഒന്നര കിമീ കിഴക്ക് തിരൂർ പുഴ. 4 കിമീ പടിഞ്ഞാറ് കടൽ. വെട്ടത്ത് രാജാവിന്റെ പരദേ

വത. ആദ്യം കോവിലകം ഇവിടെ ഉണ്ടായിരുന്നു. മുറ്റത്തായിരുന്നു ക്ഷേത്രം. ഇപ്പോൾ കോവിലക ത്തിന്റെ അവശിഷ്ടങ്ങളേ ഉള്ളു. കൊട്ടാരം ഇല്ല. വെട്ടത്തുനാട് ഇല്ലാതായി.. 3ആം നൂറ്റാണ്ടിൽ ഉണ്ടായിരുന്നു. വെട്ടത്തുനാടിന്റെ അവസാന രാജാവ് രാമവർമ്മ 1793 മേയ് 24നാണ് തീ പ്പെട്ടത്. അവകാശികളില്ല എന്ന് പറഞ്ഞ് ഈസ്റ്റ് ഇന്ത്യാ കമ്പനി എടുത്തു, സാമൂതിരിക്ക് കൊടു ത്തു. 1985ൽ ശ്രീമൂലസ്ഥാനം ഖനനം ചെയ്ത് വടക്കുകിഴക്ക് അസ്ഥികളും മറ്റും കിട്ടി. അവസാ നത്തെ രാജാവിന്റേതാവാം എന്ന് അനുമാനിക്കുന്നു ണ്ട്. 1980 വരെ സാമൂതിരിയുടേയായിരുന്നു. ചതു രശ്രീകതലം തെക്കുകിഴക്കേ തിടപ്പള്ളിക്കടുത്ത് പടി ഞ്ഞാറ് ശിവപാർവ്വതീഉപദേവതാക്ഷേത്രങ്ങൾ. ഗണപതി തെക്കുപടിഞ്ഞാറ്. വടക്ക് 2 ഉപദേവതാ ക്ഷേത്രം. ബ്രഹ്മരക്ഷസ്സും അയ്യപ്പനും. വടക്കുകിഴക്ക് കലവറ.. ചുറ്റമ്പലത്തിനു പുറത്ത് തെക്കുപടിഞ്ഞാ റ്. ശ്രീമൂലസ്ഥാനത്തും ഗണപതി, പടിഞ്ഞാറേ കാ വ് ഭഗവതി, അതിന്നു തെക്കുപടിഞ്ഞാറ് നാഗത്തറ .ശ്രീമൂലസ്ഥാനത്തിനു പിന്നിൽ വലിയ ചിറ. വട ക്കുകിഴക്ക് വേറെ കിണറുണ്ട്. വടക്ക് കമ്മിറ്റി ഓഫീസും സ്റ്റേജും.അഷ്ടഭുജമുള്ള കുളവും. പ്രധാന വിഗ്രഹം ഭഗവതി പഞ്ചലോഹം കണ്ണാടി 20 സെമീ മറ്റെല്ലാം ശില. ഗണപതിയും അയ്യപ്പനും ഇരിക്കുന്നു. 11, 13 സെമീ വീതം. ശിവലിംഗം 11 സെമീ, പാർവ്വതി ഭഗവതി 11 സെമീ കണ്ണാടി. ബ്രഹ്മരക്ഷസ്സ് തറമാത്രം. തന്ത്രി കൽപ്പുഴ . പ്രതിഷ്ഠിച്ചതും അവരാണ്.

39. മംഗലം ശിവക്ഷേത്രം. വെട്ടം പഞ്ചായത്ത്. മംഗലം ഗ്രാമം.

മംഗലംശിവക്ഷേത്രത്തിലെവിഷ്ണുക്ഷേത്രം

പൊന്നാനിപ്പുഴ ഭാരതപ്പുഴയിൽനിന്ന് 1 കിമീ കിഴക്ക് ചേരുന്നു. പഴയക്ഷേത്രം. സ്വയംഭൂലിം ഗത്തിനു മുകളിലായി ഋഷി പ്രതിഷ്ഠിച്ചു. തെക്കുമ്പാട്ട് മനയുടെ ക്ഷേത്രം.ക്ഷേത്രസമു ച്ചയത്തിൽ 2 പ്രധാനക്ഷേത്രം, നമസ്കാരമണ്ഡപ ത്തിന്റേയും ചുറ്റമ്പലത്തിന്റേയും തറ, ഉപദേവതാ ക്ഷേത്രങ്ങൾ കിണർ, 20 സെന്റ് ക്ഷേത്രക്കുളം അട ക്കം 88 സെന്റ് ഉണ്ട്.ഗജപൃഷ്ഠദ്വിതലശ്രീകോവിൽ പടിഞ്ഞാട്ട് അഭിമുഖം. പ്രണാളം താങ്ങുന്നത് മുട്ടിന്മേലിരുന്ന് കൈകൾ പിന്നിലേക്ക് പിടിച്ച ഭൂതഗണം. നമസ്കാരമണ്ഡപത്തിന് 16 തൂൺ. വശം 5.70 സെമീ, അകത്ത് 4, പുറത്ത് 12 തൂണു

ണ്ട്. ഗജപൃഷ്ഠശ്രീകോവിലിന്റെ തെക്കുകുഴക്ക് കിഴക്കോട്ട് അഭിമുഖമായി ഗണപതി.
ചതുരശ്രീകോവിലിൽ മുഖമണ്ഡപമുള്ളത് വിഷ്ണുക്ഷേത്രമാണ്. ഗജപൃഷ്ഠശിവക്ഷേത്രത്തിനു വടക്കാണ് അ്ത്. അതിന്റെ നമസ്കാരമണ്ഡപം തറ മാത്രം. രണ്ട് ക്ഷേത്രത്തിനും ഇടയിൽ പടിഞ്ഞാറ് തിടപ്പള്ളിയും കിണറും. ശിവന് അഭിമുഖമായി വലിയ ബലിക്കല്ല്. വിഷ്ണുക്ഷേത്രത്തിന് അഭിമുഖമായി വേറെ വാതിലുണ്ട്. ചുറ്റമ്പലത്തിന്റെ തെക്കുവശം അയ്യപ്പൻ കിഴക്ക് അഭിമുഖം. തെക്കുപടിഞ്ഞാറ് ഭഗവതിത്തറ കിഴക്ക് അഭിമുഖം. വടക്കുപടിഞ്ഞാറ് ബ്രഹ്മരക്ഷസ്സിന് തറ. വിഷ്ണുക്ഷേത്രത്തിനു മുന്നിൽ പടിഞ്ഞാറുഭാഗത്തായി കുളം. മ്യൂറലുകളെല്ലാം വല്ലാതെ മങ്ങിയിരിക്കുന്നു. ശിവലിംഗം പീഠത്തിനു മുകളിൽ 55 സെമീ. ചതുർബാഹു വിഷ്ണു 80 സെമീ. ഇരിക്കുന്ന അയ്യപ്പൻ 45 സെമീ. ഋഷിപ്രതിഷ്ഠ. തന്ത്രി കൈനിക്കര തെക്കേടത്ത് മന പൊയിലിശ്ശേരി.

40. പുറത്തൂർ ഗ്രാമപ്പഞ്ചായത്ത് മംഗലഗ്രാമം വാലമരുതൂർ ദുർഗ്ഗാഭഗവതി. പരശുരാമപ്രതിഷ്ഠ. വളരെ പഴയത്. 2 കിമീ പടിഞ്ഞാറ് തിരൂർപുഴ. പഴയതാണ്. വെളുത്താട്ടില്ലം ക്ഷേത്രം. 1932ൽ ഡിപ്പാർട്ട്മെന്റ് എടുത്തു. ചതുരദ്വിതലം കിഴക്ക് അഭിമുഖം. നിൽക്കുന്ന ഹ്രസ്വകായനായ ഭൂതം പ്രണാളം താങ്ങുന്നു. വടക്കുകിഴക്ക് കിണർ. ചുറ്റമ്പലം 3 വാതിൽ- കിഴക്ക്,പടിഞ്ഞാറ്, വടക്ക്. തിടപ്പള്ളി തെക്കുകിഴക്ക്. തെക്കുപടിഞ്ഞാറ് ഉപദേവതാക്ഷേത്രത്തിൽ 4 ദേവത. മഹാഗണപതി,

ശിവൻ, വേട്ടേക്കരൻ, ഭദ്രകാലി. വടക്കേ നാലമ്പലം 2 ഉപദേവതാക്ഷേത്രം ബ്രഹ്മരക്ഷസ്സിനും ശാസ്താ വിനും. വളരെ ഉയരമുള്ള വലിയ ബലിക്കല്ല് അഗ്രമണ്ഡപത്തിലാണ്. ചുറ്റമ്പലത്തിന്റെ പുറത്ത് വടക്കുഭാഗത്ത് രണ്ട് ക്ഷേത്രം. വട്ടശ്രീകോവിൽ വിഷ്ണു, ചതുരം പരശുരാമൻ. രണ്ടും കിഴക്ക് അഭിമുഖം. പടിഞ്ഞാറ് ക്ഷേത്രക്കുളം. മഹിഷാസുരന്റെ തലമേൽ നിൽക്കുന്ന ദുർഗ്ഗയുടെ ശിലാവിഗ്രഹം 1.8 മീഉയരം. ശിവലിംഗം 75 സെമീ. ഇരിക്കുന്ന ശാസ്താ 30 സെമീ. നിൽക്കുന്ന വിഷ്ണു 90 സെമീ. നില്ക്കുന്ന പരശുരാമൻ 90 സെമീ. ഇരിക്കുന്ന ഗണപതി 73 യവം വേട്ടേക്കരൻ കണ്ണാടി 39 യവം.ഭദ്രകാളി കണ്ണാടി 39 യവം. പരശുരാമപ്രതിഷ്ഠയാണ് ദുർഗ്ഗ. തന്ത്രി വടക്കേടത്ത് മന.

പൊന്നാനി താലൂക്ക്.

1. തൃക്കാവ് ദുർഗ്ഗ. പരശുരാമപ്രതിഷ്ഠ. പരശുരാമൻ പ്രതിഷ്ഠിച്ച് ശുകപുരം ബ്രാഹ്മണരെ ഏൽപ്പിച്ചു. മലബാർ മാനവൽ വാള്യം 2 ഈ ക്ഷേത്രം പറയുന്നുണ്ട്. ടിപ്പു വിഗ്രഹം കഷ്ണമാക്കി. ശ്രീകോവിൽ വെടിമരുന്നുപയോഗിച്ച് തരിപ്പണമാക്കി. തിരുവിതാംകൂറിലേക്ക് ഓടിപ്പോയ ഊരാളർ തിരിച്ചുവന്ന് വിഗ്രഹം ശുദ്ധമാക്കി വീണ്ടും പ്രതിഷ്ഠിച്ചു പൂജ തുടങ്ങി. എന്നാല് എല്ലാ പുനരുദ്ധാരണപ്രവർത്തനവും നടത്താൻ അവർക്ക് സാധിച്ചില്ല. പിന്നീട് സാമൂതിരിക്ക് കിട്ടി. 1861 എഡിയിൽ സാമൂതിരി പുനരുദ്ധരിച്ചു. ക്ഷേത്രത്തിന്റെ ഒരു കിമീ വടക്ക് ഭാരതപ്പുഴയാണ്. തൊട്ടടുത്ത്

വിഷ്ണുക്ഷേത്രമുണ്ട്. ഒരിക്കൽ ഒരു ചെട്ടിയും മുസൽമാനും ഒരു കപ്പലിൽ സഞ്ചരിക്കുമ്പോൾ കൊടുങ്കാറ്റ് വന്നു. കരക്ക് എത്തിയാൽ ക്ഷേത്രം പണിയാമെന്ന് ചെട്ടിയും പള്ളി പണിയാമെന്ന് മുസൽമാനും പ്രാർത്ഥിച്ചു. അങ്ങനെ പണിതതാണ് വിഷ്ണുക്ഷേത്രം . അടുത്ത് ജുമാഅത്ത് പള്ളിയും കാണാം. തൃക്കാവ് ക്ഷേത്രം 1971 വരെ സാമൂതിരി നോക്കിനടത്തി. പിന്നെ സമിതി വന്നു. ചതുരശ്രീകതലം തിടപ്പള്ളിയും ഗണപതിയ മ്പലവും തെക്കേ. നാലമ്പലത്തിൽ വടക്കുപടിഞ്ഞാറെ മൂലക്ക് സരസ്വതീചിത്രം വെച്ച് അവിടെ നവരാത്രിപൂജ. വടക്ക് 3 ക്ഷേത്രം. ഗണപതി, കൃഷ്ണസങ്കൽപ്പത്തിലുള്ള വിഷ്ണു, ഹനുമാൻ. തെക്കുപടിഞ്ർ◌ാര് അയ്യപ്പൻ വടക്കുപടിഞ്ഞാറ് ബ്രഹ്മരക്ഷസ്സ്. കിഴക്ക് ഗോപുരം, അടുത്ത് ക്ഷേത്രക്കുളവും ഗണപതി നാഗപ്രതിഷ്ഠകളും. . നിൽക്കുന്ന വൈഷ്ണവദുർഗ്ഗയാണ് പ്രധാനപ്രതിഷ്ഠ. 77 സെമീ ശംഖ,ചക്ര,പത്മ, വരദഹസ്തങ്ങൾ. ചുറ്റമ്പലത്തിലെ ഗണപതി30 സെമീ, ഗോപു രത്തിനടുത്തെ ഗണപതി 15 സെമീ രണ്ടും ഇരിക്കുകയാണ്.വിഷ്ണുവും ഹനുമാനും നിൽക്കുന്നു. 75 , സെമീ വീതം. നാഗരാജാ 21 സെമീ. ചതുശ്ശതമാണ് പ്രധാനവഴിപാട്.(നാളി കേരം ചിരകിയത്, പച്ചരി, കദളിപ്പഴം, നെയ്യ്, പഞ്ചസാര). നെയ്പായസം, പുഷ്പാഞ്ജലി ഇവയും പ്രധാനമാണ്. തന്ത്രി ചേന്നാസ്

2. ശിവക്ഷേത്രം ചെറുവായ്ക്കര പഴയതാണ്. തവനൂർറോഡിലെ കണ്ടൻകുറുമ്പക്കാവ്

ജങ്ക്ഷനിൽനിന്ന് അര കിമീ കിഴക്ക്. പാറക്കാട്ട് മനയുടെ പൂർവ്വീകർ കെട്ടിയ ക്ഷേത്രം. സു ൽത്താൻ ബലിക്കല്ലും ചുറ്റമ്പലവും ദ്വാരപാല കരേയും തകർത്തു. ഇപ്പോൾ പാരമ്പര്യട്രസ്റ്റി യായ പാറക്കാട്ടുമനയും (കണിയാംപുറം ഒറ്റ പ്പാലം) ഡിപ്പാർട്ട്മെന്റും കൂടി ഭരിക്കുന്നു. ചതുരദ്വിതലം പടിഞ്ഞാട്ട് അഭിമുഖം. തെക്കുപ ടിഞ്ഞാറ് ഉപദേവതാക്ഷേത്രത്തിൽ ഗണപതി. നന്ദി ബലിക്കല്ലിന് കിഴക്ക് വലിയമ്പലത്തിനു പുറത്ത്. നന്ദിക്ക് കിഴക്ക് ശിലാദീപസ്തംഭം. തെക്കുപടിഞ്ഞാറ് ഉപദേവത ത്വരിത. കൂത്തമ്പ ലം, ഗോപുരം ഇവയുടെ അവശിഷ്ടം മാത്രം. കിരാതമൂർത്തിസങ്കൽപ്പത്തിലുള്ള ശിവലിംഗം 60 സെമീ. ത്വരിത ശിലാകണ്ണാടി 37 സെമീ. ഇരിക്കുന്ന ഗണപതി 30 സെമീ. തന്ത്രി കൽപ്പുഴ മന.

3. കണ്ടൻകുറുമ്പക്കാവ് ഭഗവതി. എഴുവത്തു രുത്തി .പഴയക്ഷേത്രം . ഭാരതപ്പുഴ അര കിമി പടിഞ്ഞാറ്. കണ്ടനെന്നത് തലപ്പള്ളിരാജാക്ക ന്മാരുടെ ബിരുദനാമമാണ്. അവരും തിരുമല ശ്ശേരിഇല്ലവുമാണ് ഇവിടെ ഊരാളരായിരുന്നത്. ഇവിടത്തെ പറയസമുദായക്കാർ സ്ഥിരമായി കൊടുങ്ങല്ലൂരിലും പോകാറുണ്ട്. ഒരിക്കൽ കുടമേൽ ദേവി വന്നതായാണ് ഐതിഹ്യം. പറയ(കുറുമ്പ)കുടുംബങ്ങൾക്ക് ഇവിടെ സ്ഥിരമായ അവകാശം ഉണ്ട്. തിരുമലശ്ശേരി ഇല്ലം പന്നിയൂർഗ്രാമം നാടുവാഴികളായിരുന്നു. (തലപ്പള്ളി പന്നിയൂരിലെ വാൾനമ്പിമാരും). ചതുരഏകതലം കിഴക്ക് അഭിമുഖം. വടക്കേ വാതിൽ നാട്ടുഗുരുതിദിനം മാത്രം തുറക്കും.

വടക്കുകിഴക്ക് കിണർ. ഉത്സവനാളിൽ കൂത്തു പുരയിൽ പാവക്കൂത്ത് ഉണ്ട്. വടക്കുകിഴക്ക് ക്ഷേത്രക്കുളം. തെക്ക് തിടപ്പള്ളി വേറെ കാണാം (ക്ഷേത്രത്തോട് ചേർന്നല്ല). ഭദ്രകാളി കണ്ണാടി 30 സെമീ. ഉപദേവതമാരില്ല. തന്ത്രി കല്പ്പുഴ മന.

4. ഓം തൃക്കാവ് ശിവൻ. എഴുവത്തുരുത്തി, പഴയത്. യോഗിപ്രതിഷ്ഠ. 1975 മുതൽ കമ്മിററി. ചതുരശ്രീകതലം കിഴക്ക് അഭിമുഖം. ചുറ്റമ്പലം നാലുവശം വാതിൽ വലിയമ്പലം തിടപ്പള്ളി ഒരു ഉപദേവതാക്ഷേത്രം ഒഴികെ മറ്റെല്ലാം നശിപ്പിക്കപ്പെട്ടു. തെക്കുകിഴക്ക് തിടപ്പള്ളി. തെക്കുപടിഞ്ഞാറ് ഉപ ദേവതാക്ഷേ ത്രത്തിൽ ഗണപതിയും ശാസ്താവും ഇരിക്കു ന്നു 30 സെമീ വീതം. വലിയ ബലിക്കല്ല് വലിയമ്പലത്തിനട ശിവൻലിംഗം 45 സെമീ ഉമാമഹേശ്വരസങ്കൽപ്പം. ക്ഷേത്രക്കുളത്തിന് കേടുപാടില്ല. തന്ത്രി അണ്ടലാടി. ..

Dr Suvarna Nalapat

5. ബ്രഹ്മക്ഷേത്രം തവനൂർഗ്രാമം. വളരെ പുരാതനം ഇതും ചെറുതിരുനാവായക്ഷേ ത്രവും നാവാമുകുന്ദനും (ത്രിമൂർത്തി- പിതൃതർപ്പണ സ്ഥാനമാണ്. ബ്രഹ്മാവിന് ക്ഷേത്രം അപൂർവ്വമാണ്. 11അംഗകമ്മിറ്റി ഉണ്ട്. കൊല്ലത്തിൽ ഒരു പ്രാവശ്യം അംഗങ്ങളെ തെരഞ്ഞെടുക്കും. ഒരാൾ തവനൂർ ഇല്ലത്തുനിന്നാവണമെന്ന് നിയമമുണ്ട്. ഏകതലവട്ടശ്രീകോവിൽ. കിഴക്ക് അഭിമുഖം. ചുറ്റമ്പലത്തിന് തറമാത്രമേ അവശേഷിച്ചിട്ടുള്ളു. ടിപ്പു ബലിക്കല്ല് പൊട്ടിച്ചു. തെക്കുകിഴക്ക് കിണർ. ഇരിക്കുന്ന വിഗ്രഹമാണ് ബ്രഹ്മാവിന്. 4 മുഖം. താമരയിലാണ് ഇരിക്കുന്നത്. കമണ്ഡലു ഗ്രന്ഥം എഴുത്താണി അഭയമുദ്ര . 120 സെമീ . ഗണപതി ഇരിക്കുന്നു 37 സെമീ. ശിവക്ഷേത്രത്തിലെ

ശാന്തിക്കാരനാണ് ഇവിടേയും പൂജ. തന്ത്രി കൽപ്പുഴ മന.

6. ചെറുതിരുനാവായ ശിവൻ. തവനൂർ വളരെ പുരാതനം. ഭാരതപ്പുഴയുടെ തെക്കേ കരയിൽ, നാവാമുകുന്ദന് നേരെ അപ്പുറത്ത് . തിരുനാവായയിൽ പണ്ട് സഭാമഠം ഉണ്ടായിരുന്നു. . അവിടുത്തെ ഒരാൾ കടവല്ലൂരിൽ അന്യോന്യം കൂടാൻ പോയ സമയത്ത് സഭാമഠത്തിന് ആരോ തീ വെച്ചു. താനൂർമന നമ്പൂതിരിപ്പാട് പുതിയ സഭാമഠം പണിയാൻ 1.25 ഏക്കർ ഭൂമി കൊടുത്തു സഭയിൽ 400ലധികം ഇല്ലങ്ങളുണ്ടായിരുന്നു. 19 ക്ഷേത്രവും ഇവർക്ക് ഉണ്ടായിരുന്നു. ഇതിലാണ് ത്രിമൂർത്തികളുടെ ക്ഷേത്രവും പെട്ടിരുന്നത്. നന്ദി തെക്കേ നാലമ്പലത്തിൽ വടക്കോട്ട് അഭിമുഖം.(നമസ്കാരമണ്ഡപത്തിലല്ല). ഭാരതപ്പുഴയെ നോക്കി ഇരിക്കുന്നത് മഹാമഘം കാണാനാണെന്ന് സങ്ക

ൽപ്പം. തവനൂർമനയുടെ ക്ഷേത്രം 1988 മുതൽ കമ്മിറ്റി നോക്കുന്നു. ചതുരദ്വിതലം 1905ൽ പുനരുദ്ധരിച്ചു. ഗണപതി തെക്കുപടിഞ്ഞാറ് കിഴക്കോട്ട് അഭിമുഖം. ഇരിക്കുന്നു 30 സെമീ. മേൽക്കൂര ഇല്ല. ഭാരതപ്പുഴയിലെ വെള്ളം ഉപയേഗിക്കുന്നു. ശിവലിംഗം 45 സെമീ. 1905ൽ പുരപ്രതിഷ്ഠ ചെയ്തത് തവനൂർ മന പരമേശ്വരൻ നമ്പൂതിരി. തന്ത്രി കൽപ്പുഴമന തൃപ്രങ്ങോട്ട്.

.

7. മാത്തൂർശിവക്ഷേത്രം അത്തല്ലൂർ. തവനൂർഗ്രാമം. പഴയത്. പരശുരാമപ്രതിഷ്ഠ. പൂർണ്ണമായും നശിപ്പിക്കപ്പെട്ട ക്ഷേത്രമാണ് 1956ൽ കേളപ്പജി പുനരുദ്ധരിച്ചു. കോഴിക്കോട്ട് പുതിയ കോവിലകം വലിയതമ്പുരാട്ടിയുടെ. 1991 മുതൽ ട്രസ്റ്റിബോഡ്. വൃത്തദ്വിമുന്നില് നടപ്പുര. തലശ്രീകോവിൽ. 2 വാതിൽ കിഴക്കും തെക്കും. തെക്കേ വാതിൽ തുറക്കുന്നത് ഗണപതി, ദക്ഷിണാമൂർത്തിമാരുടെ ഉപദേവതാക്ഷേത്രത്തിലേക്കാണ്. അകത്തേ ബലിവട്ടത്തിന്റെ വടക്കുകിഴക്ക് കിണർ. ചുറ്റമ്പലം നശിപ്പിച്ചിരിക്കുന്നു. വടക്കുകിഴക്ക് തിടപ്പള്ളി. തെക്കുകിഴക്ക് ഇരിക്കുന്ന അയ്യപ്പൻ കിഴക്കോട്ട് അഭിമുഖം 30 സെമീ. വടക്ക് നില്ക്കുന്ന 75 സെമീ. മഹാവിഷ്ണു കിഴക്ക് അഭിമുഖം. ശിവലിംഗം 60 സെമീ. ശ്രീകോവിലിലെ ഇരിക്കുന്ന ഗണപതി 30 സെമീ. ചുറ്റമ്പലത്തിലും അതുതന്നെ. ദക്ഷിണാമൂർത്തിക്ക് 15 സെമീ ലിംഗം..തന്ത്രി കാലടിമന.

8. അന്തിമഹാകാളൻ കാവ്. അത്തല്ലൂർ, പഴയത്. തവനൂർ ഗ്രാമം.ഭാരതപ്പുഴയിൽ ശുദ്ധീകരിച്ച ശിവലിംഗവും വിഷ്ണുവിഗ്രഹവും ശങ്കരാ ചാര്യർ കൊണ്ടുവന്നു. ശിവലിംഗം അത്തല്ലൂ രിലും വിഷ്ണുവിഗ്രഹം ആയന്കുളത്തും പ്രതിഷ്ഠിച്ചു. രണ്ടും 60 സെമീ. ഇപ്പോൾ ശിവലിംഗം ഭൂമിക്കടിയിലേക്ക് താഴ്ന്നു, അവിടെ ദ്വാരമേ കാണാനുള്ളു. പീഠം കാണാം. അന്തിമഹാകാളന് സംഹാരരുദ്രസങ്കൽപ്പം. സ്വയംഭൂവാണ് സാധാരണ താണുപോവുക. ശങ്കരാചാര്യർ പൂജക്ക് തവനൂർമന ബ്രാഹ്മണ രെ ഏൽപ്പിച്ചു. 1963 മുതൽ കമ്മിറ്റി ഉണ്ട്. 2 ശ്രീകോവിൽ ശിവനും ശാസ്താവിനും. കിഴക്ക് അഭിമുഖം. ഒരേപോലുള്ള ശ്രീകോവിൽ സോപാനം ഇല്ല. മുഖമണ്ഡപമുണ്ട്. അകത്തേ ബലിവട്ടം വടക്കു കിഴക്ക് കിണർ.

ചുറ്റമ്പലത്തിന് 4 വാതിൽ.2 എണ്ണം പ്രതിഷ്ഠക ൾക്ക് നേരെ. ഒന്ന് അന്തിമഹാകാളന്റെ പിന്നിൽ. ഒന്ന് വടക്ക്. വടക്കു കിഴക്ക്

തിടപ്പള്ളി. അഗ്രമണ്ഡപവും വലിയ ബലിക്കല്ലും രണ്ട് ക്ഷേത്രത്തിനുമുണ്ട്. കൂത്തമ്പ ലത്തിന് തറമാത്രം.ഗോപുരം പിന്നിൽ പടി ഞ്ഞാറു വശത്താണ്. കിഴക്ക് ഗേറ്റുമാത്രം. ശാസ്താശിലാലിംഗം , പ്രഭ,സാത്യകരോടുകൂടി. പ്രതിഷ്ഠ ശങ്കരൻ. ശാന്തി എമ്പ്രാന്തിരി.

9. ശിവക്ഷേത്രം മല്ലൂർ. തവനൂർഗ്രാമം. കുറ്റിപ്പുറത്തുനിന്ന് . 1 കിമീ തെക്കുകിഴക്ക് പാലം കടന്നശേഷം. തൊട്ടടുത്ത് പുഴ. പണ്ട് കാടായിരുന്നു കാട്ടുമൃഗങ്ങളെ ഭയന്ന് വേടൻ മരത്തിൽ കയറിയിരുന്നു. ഉറുമ്പുള്ള മരമായി രുന്നു. രാത്രി മഴ, ഉറുമ്പുകടി. ഉറങ്ങാനായില്ല. ഉറുമ്പിനെ ഓടിക്കാൻ മരം കുലുക്കിക്കൊണ്ടി രുന്നു. രാവിലെ നോക്കുമ്പോൾ കൂവളമരമാ ണ്. കൂവളത്തില കൊഴിഞ്ഞത് താഴെയുള്ള ശിവലിംഗത്തിൽ. മോക്ഷം കിട്ടിയ വേടന്റെ പേര് മല്ലൻ. അവന്റെ പേരിലാണ് മല്ലൂർക്ഷേ ത്രം. ശിവപ്രതിഷ്ഠ പുരാതനകാലത്ത് ഖരൻ ചെയ്തതാണ്. 1980 വരെ തവനൂർമനയുടേ തായിരുന്നു. പിന്നീട് ട്രസ്റ്റ്. 1895ലെ മതിലി ശ്ശേരി സെറ്റിൽമെന്റ് റജിസ്റ്റർ പ്രകാരം 1 ഏക്കർ നിലം ഉണ്ട്. ഇപ്പോൾ 32 സെന്റ് മാത്രം. ചതുരദ്വിതലം . ചുറ്റമ്പലത്തിന് വടക്കും കിഴക്കും പടിഞ്ഞാറും വാതിൽ. തെക്കുപടിഞ്ഞാറ് ഉപദേവതാക്ഷേത്രത്തിൽ ഗണപതിയും അയ്യപ്പനും ഇരിക്കുന്നു, 30 സെമീ. വടക്കുപടിഞ്ഞാറ് ഭഗവതി, സുബ്ര ഹ്മണ്യൻ 23, 30 സെമീ നില്ക്കുന്നു. ചുറ്റമ്പല ലത്തിനു പുറത്ത് തെക്കുകിഴക്ക് നാഗത്തറ 30 സെമീ നാഗം. വടക്കുകിഴക്ക് രക്ഷസ്സ് ലിംഗം

15 സെമീ. മൂന്നുവശം മതിലുണ്ട്. കിഴക്ക് ബാരതപ്പുഴയാണ് അതിര്ത്തി. ശിവലിംഗം 45 സെമീ. തന്ത്രി കക്കാട്ട് മന.

10. തിരുമാണിയൂർ ശിവക്ഷേത്രം പാലപ്ര. വട്ടംകുളം. കണ്ടംകുളം ജങ്ക്ഷനിൽനിന്ന് 1 കിമീ കിഴക്ക്. ആനക്കരറോഡിൽ. പഴയത്. 108 ശിവക്ഷേത്രത്തിൽ പെടുന്നു.പരശുരാമപ്രതിഷ്ഠം.. പുന്നശ്ശേരി നമ്പിയുടേതായിരുന്നു. 1973ൽ ട്രസ്റ്റിബോഡ്. ചതുരദ്വിതലം മുഖമണ്ഡപമുണ്ട് തെക്കേ. ശ്രീകോവിൽ ചുമരിൽ വടക്ക് അഭിമുഖമായി കൃഷ്ണവിഗ്രഹം ഉള്ളത് അപൂർവ്വമാണ്. തെക്ക് ഭാഗത്ത് ശ്രീകോവിലിനോട് ചേർന്ന ഉപദേവതാക്ഷേത്രത്തിൽ പടിഞ്ഞാട്ട് അഭിമുഖമായി പാർവ്വതി നന്ദി മുഖമണ്ഡപത്തിനു മുന്നിൽ. ചുറ്റമ്പലത്തിന് 3 വാതിൽ, പടിഞ്ഞാറും കിഴക്കും വടക്കും. 2 തിടപ്പള്ളി. തെക്കും വടക്കുകിഴക്കും. വടക്കുകിഴക്ക് കിണർ.. തെക്കുപടിഞ്ഞാറ് നാലമ്പലത്തിലെ ഉപദേവതാ ക്ഷേത്രത്തിൽ 4 വിഗ്രഹം. ഗണപതി,ശാസ്താ, ഗരുഡൻ,ഉണ്ണിഗണപതി ചുറ്റമ്പലത്തിന് പുറത്താണ് വലിയ ബലിക്കല്ല്. ആനപ്പള്ള മര്യാദ. ചിലഭാഗം പൊളിഞ്ഞിട്ടുണ്ട്. ശിവലിംഗം രുദ്രാക്ഷശില. 57 സെമീ. നിൽക്കുന്ന കൃഷ്ണൻ 15 സെമീ. പാര്വ്വതി കണ്ണാടി 45 സെമീ.ഗണപതി 75 സെമീ. ശാസ്താലിംഗം 15 സെമീ. ഇരിക്കുന്ന ഉണ്ണിഗണപതി 15 സെമീ. തന്ത്രി തെക്കേടത്ത് മന.

11. കൌപ്ര ശിവക്ഷേത്രം വട്ടംകുളം. പഴയത്. കൌപ്ര മാരത്ത്, കൌപ്ര കണയൂർ ഇല്ലക്കാരു

ടെ ക്ഷേത്രം. പാരമ്പര്യട്രസ്റ്റികളിലൂടെയുള്ള ഭര ണം 1935ൽ ബോഡ് ഏറ്റെടുത്തു. രണ്ടുമനക ളിലേയും മൂത്ത കാരണവരാണ് ട്രസ്റ്റി. ചതു രദ്വിതലം കിഴക്ക് അഭിമുഖം. തെക്ക് ശ്രീകോ വിലിനോടു ചേർന്ന് അയ്യപ്പൻ കിഴക്ക് അഭിമു ഖം. സുബ്രഹ്മണമ്യനും ഗണപതിയും നവനീത കൃഷ്ണനും വടക്ക് അഭിമുഖം.നമസ്കാരമ ണ്ഡപത്തിൽ ദീപസ്തംഭത്തിന്റെ ഇരുവശവും നന്ദി ഉണ്ട്. വടക്കുകിഴക്ക് അകത്തേ ബലിവ ട്ടത്തിലാണ് കിണർ ചുറ്റമ്പലത്തിനു നാലുവശം വാതിൽ,തെക്കുകിഴക്ക് തിടപ്പള്ളി. അഗ്രമണ്ഡപ ത്തിൽ ബലിക്കല്ല്. അഗ്രമണ്ഡപത്തിന് ഇരുവ ശം മുനീശ്വരന് ഉപദേവതാക്ഷേത്രം. ഇതിൽ വടക്ക് ഉള്ളതിനേ മേൽക്കൂര ഉള്ളു തെക്ക് തറ മാത്രം.. വടക്ക് ശാസ്താ,പ്രഭ,സാത്യകന്മാർ കിഴക്ക് അഭിമുഖം. വടക്കുകിഴക്ക് വട്ടശ്രീ കോവിലിൽ വിഷ്ണു കിഴക്ക് അഭിമുഖം. നമസ്കാരമണ്ഡപം നാമമാത്രമാണ് ഇപ്പോളു ള്ളത്. ബലിപീഠം ഉണ്ട്. നിൽക്കുന്ന 75 സെമീ വിഷ്ണുവാണ്. ആനപ്പള്ള മര്യാദ. മര്യാദക്ക് പുറത്ത് തെക്കുകിഴക്ക് പത്തായപ്പുരയും കു ളവും. ശിവലിംഗം ദക്ഷിണാമൂര്ത്തിസങ്കൽപ്പം 45 സെമീ. ഇരിക്കുന്ന ഗണപതി 15 സെമീ. ഇരിക്കുന്ന അയ്യപ്പൻ 30 സെമീ. നിൽക്കുന്ന സുബ്രഹ്മണ്യൻ 15 സെമീ. വെണ്ണക്കൃഷ്ണൻ നിൽക്കുന്നു, 15 സെമീ. ശാസ്താപ്രബസാത്യർ 23, 21, 19 വീതം. വടക്കുകിഴക്കെ സ്വാമിയാർ 30 സെമീ, തെക്കുകിഴക്ക് സങ്കൽപ്പം മാത്രം തറ യേ ഉള്ളു. ശിവപ്രതിഷ്ഠ ചെയ്തത് ഖരനാണ്. തന്ത്രി കീഴ് മുണ്ടയൂര് മന തൃശൂർ.

12. ശുകപുരം ദക്ഷിണാമൂർത്തി വട്ടംകുളം എടപ്പാൾച്ചുങ്കത്തുനിന്ന് 1 കിമീ കിഴക്ക് . വളരെ പുരാതനം. പരശുരാമന്റെ 64 ഗ്രാമ ങ്ങളിലൊന്നാണ് ശുകപുരം. ചൊവ്വരം ചോകിരം എന്നും പറയും. പന്നിയൂർ ഒറ്റപ്പാലം ആനക്കരഗ്രാമത്തിലാണ്. രണ്ടും വേദപഠനകേന്ദ്രങ്ങളായിരുന്നു. ശുകപുരത്ത് അഥർവ്വം പഠിപ്പിക്കാറില്ല. ചാലൂക്യർ പന്നി യൂരിനേയും രാഷ്ട്രകൂടർ ശുകപുരത്തേയും അനുകൂലിച്ച് ഇവരുടെ വേ.ദമത്സരം രാഷ്ട്രീയം കലർത്തി നശിപ്പിച്ചു. ശുകബ്രഹ്മർഷിയാണ് പ്രതിഷ്ഠിച്ചത്. മയിൽ വരുന്ന മുഹൂർത്തം പീലിയുമായി വന്ന ആളുടെ വരവിൽതെറ്റി ദ്ധരിച്ച് കിഴക്കോട്ട് അഭിമുഖമായി പ്രതി ഷ്ഠിച്ചു. പിന്നെ മയിൽ ബലിക്കല്ലിൽ വന്നി രുന്നു. തെറ്റു മനസ്സിലാക്കി ചെറിയ ശിലാലിം ഗം തെക്കോട്ട് ദക്ഷിണാമൂർത്തിസങ്കൽപ്പമായി പ്രതിഷ്ഠിച്ചു. ഈ പേരിലാണ് പ്രസിദ്ധം. ദക്ഷിണാമൂർത്തിക്ക് നാലു സങ്കൽപ്പമുണ്ട്. ധ്യാന,ജ്ഞാന,യോഗ, വീണാദക്ഷിണാമൂർത്തി കളാണ്. ഇവിടെ ധ്യാനം മുടക്കുന്ന ഉത്സവം പാടില്ല. അതിനാൽ ധ്യാനമൂർത്തിയും വേദ ജ്ഞാനം പഠിപ്പിക്കുന്നതിനാൽ ജ്ഞാനമൂർത്തി യുമാണ്. പൂജാരി ബ്രഹ്മചാരിയും യോഗിയു മാവണമെന്ന് നിയമെ ആദ്യം പാലിച്ചിരുന്നു. ഇപ്പോളത് പാലിക്കുന്നില്ല. മുമ്പ് ബ്രഹ്മചര്യം പാലിക്കാതെ കടന്ന ആളെ ഗർഭഗൃഹത്തിന കത്ത് വെച്ച് പാമ്പ് കടിച്ചുകൊന്നിട്ടുണ്ട്

ശുകപുരംദക്ഷിണാമൂർത്തിമുഖമണ്ഡപം

ശുകപുരം
ശുകഗുഹ

ശുകപുരംശുകഗുഹ

കേലളത്തിലെ ക്ഷേത്രങ്ങൾ മലപ്പുറം ജില്ല

ശുകമുനി തപം ചെയ്ത

sukapuram

sukapuram

sukapuram

sukapuram

കടവല്ലൂർ വേദപരീക്ഷയായ അന്യോന്യത്തിനു പോകുന്നവർ ഇവിടെ ദർശനം ചെയ്യണം. 1895 ആനവൽ റിപ്പോർട്ട് ഓഫ് എപ്പിഗ്രാഫി ഇവിടെനിന്ന് 4 ലിഖിതം റിപ്പോർട്ട് ചെയ്തു. വാസ്തുനോക്കി 13ആം നൂറ്റാണ്ടെന്ന അനുമാ നം ശരിയാവണമെന്നില്ല. 1986ൽ പുനരുദ്ധാ രണം ചെയ്തിട്ടുണ്ട്. 5 മനക്കാരുടെയായിരു ന്നു. ആഴ്വാഞ്ചേരി, പുഴമ്പ്രത്ത്, കറുത്തേടത്ത്, ഉതിയന്നൂർ, തലമുണ്ട മൂത്തേടത്ത്. 1988-89ൽ ഡിപ്പാർട്ടുമെന്റ് എടുത്തു. 1973ൽ ആഴ്വാഞ്ചേ രി തമ്പ്രാക്കളുടെ ട്രസ്റ്റി ബോഡ് രൂപീകരിച്ചു. 1991ൽ ക്ഷേത്രസമിതി ഉണ്ടാക്കി. 6 ഏക്കറി ലാണ് ക്ഷേത്രസമുച്ചയം. ചതുരദ്വിതലം 2 മുഖ

മണ്ഡപം. ഇത് അസാധാരണമായ വാസ്തുവാണ്. (വാസ്തു വെച്ച് 13ആം നൂറ്റാ്ണ്ട് എന്ന ഊഹം അതിനാൽതന്നെ തെറ്റാവണം) ശിവ ക്ഷേത്രത്തിന്റേത് ചെറുത് കിഴക്ക് അഭിമുഖം. വലിയത് ദക്ഷിണാമൂർത്തിയുടേത് തെക്ക് അഭിമുഖം. ദക്ഷിണാമൂർത്തിയുടെ തെക്കു പടിഞ്ഞാറ് ഗണപതി. ചതുരഗർഭഗൃഹത്തിനു ചുറ്റും പ്രദക്ഷിണവഴി എച്ച് സർക്കാർ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ടെംപിൾസ് ഓഫ് കേരള പേജ് 193 എഴുതിയത് ഉദ്ധരിക്കാം

Walls are divided into 5 bays by Haranthara recesses. Two corner plasters carry cross corbels showing incipient pushpapothika . 2 such kudyasthambha fLank ghanadwara overtopped by simple niches in the central bay. Harantharas have shallow nitches.with saalasikhara while the projected parts are embellished with tall salapanjara. Karnas have brithasphutitha flanked on either side by kutyasthambha. It has a diffused prasthara showing Uthara, Vajana, Valabhi having the representation of lupas and kapotha decorated with plain koodu. Above the kapotha rises the parapet with haara decorations . Similar decoration on greeva also. വടക്കുല്ള ഭഗവതിയുടെ ഉപദേവതാക്ഷേത്രം നമസ്കാരമണ്ഡപത്തിന്റെ തറ വേറിട്ട് കാണിക്കുന്നു. ദക്ഷിണാമൂർത്തിയുടെ മുഖമണ്ഡപത്തിനു മുന്നിൽ നന്ദിയും ദീപസ്തംഭവും. ചുറ്റമ്പലത്തിനു വാതിൽ നാലുവശവും. തെക്കുകിഴക്ക് വാതിൽമാടവും കൃഷ്ണനും. അവിടെയാണ് കിണർ. മുമ്പിലേക്ക് ഉന്തിനിൽക്കുന്ന ഒരു നിർമ്മിതിയിലാണ്. വടക്കുകിഴക്ക് നാലമ്പലംത്തിനടുത്ത് അകത്തേ ബലിവട്ടത്തിൽ വേറെയും കിണറുണ്ട്. ബലിക്കല്ല് പുറത്താണ്. ശിവക്ഷേത്ര

ത്തിന്റെ വടക്കുകിഴക്ക് കിഴക്ക് അഭിമുഖമായി ഉതിയന്നൂർമനയുടെ പരദേവത. വടക്കുഭാഗത്ത് കരിങ്കല്ലുകൊണ്ട് അടച്ച ഗുഹ. ഇതിലൂടെ വാരാണസി വരെ പോകാം. മുമ്പ് ഇവടുത്തെ ശാന്തിക്കാരൻ അങ്ങനെ കാശിക്ക് പോയിരുന്നു. മര്യാദക്ക് പുറത്ത് 2 കുളവും പത്തായപ്പുരയും. മുഖമണ്ഡപത്തിൽ പാലാഴിമഥനമാണ്. വേറെ ശിൽപ്പമോ മ്യൂറലോ ഇല്ല. ശിവലിംഗം 30 സെമീ ദക്ഷിണാമൂർത്തി. നെയ് വിളക്ക് വെക്കണം. എള്ളെണ്ണ ഉപയോഗിക്കില്ല. ഇരിക്കുന്ന ഗണപതി 45 സെമീ. കിഴക്കഭിമുഖമായ ശിവലിംഗം 67 സെമീ. നിൽക്കുന്ന പാർവ്വതി 45 സെമീ. ഉതിയ ന്നൂർമനയുടെ പരദേവതയായ ശിവൻ. 45 സെമീ. വഴിപാട് നെയ് വിളക്ക് ജലധാര കദളി പുഷ്പാ ഞ്ജലി ശതശ്രൂതം (100 നാളികേരം നൂറുനാഴി അരി 100 പലം തേൻ ഓരോന്നും ശതം വീതം ശിവനും ദക്ഷിണാമൂർത്തിയും ശുകപ്രതിഷ്ഠ. തന്ത്രി കാലടി മന.

13. പുറ്റുണ്ടേക്കാട്ട് മഹാദേവൻ. വട്ടംകുളം. കാകിതീപുരം റോഡിലാണ്.കാകിതീപുരം കാകതീയരാജാക്കന്മാരുടെ മൂലസ്ഥാനമാണ്. വളരെ പുരാതനം. രണ്ട് അഭിപ്രായം പ്രതി ഷ്ഠയെക്കുറിച്ച് ഉണ്ട്. 1. ഖരപ്രതിഷ്ഠ. ഇതും കൌപ്രവും കാന്തളൂരിലെ ശിവനും ഖരനാണ് പ്രതിഷ്ഠിച്ചത് ഒരേ സമയത്ത്. 2. പരശുരാ മപ്രതിഷ്ഠ. ഇവിടെ കാടായിരുന്നു. വിറകു വെട്ടുന്നവരാണ് സ്വയംഭൂ കണ്ടുപിടിച്ചത്. ഊരാളർ നൂറ്റാണ്ടുകളോളം മുറജപം ഇവിടെ

നടത്തിയിരുന്നു. ഇവിടുത്തെ ഭസ്മം കഴിച്ചാൽ അപസ്മാരം മാറും. ആയുസ്സിനും ഭജനമിരിക്കാറുണ്ട്. 3 ഊരാളരുണ്ട്. മേക്കാട്ട്, കരിവാട്ട് ,നെഡ്ഡാത്ത് മന. ഊഴമിട്ട് ഭരിച്ചിരുന്നു,. 1971ൽ കമ്മിറ്റി വന്നു. മേക്കാട്ടുമന വിഷ്ണുക്ഷേത്രം മാർക്കണ്ഡൻശിവൻകാവ് പാർവ്വതി, ഭദ്രകാളി ഇവയോടു ബന്ധമുണ്ട്. ഇവ പൊതുജനങ്ങ. ൾക്ക് തുറന്നുകൊടുത്തിട്ടില്ല. ചതുരഏകതലം പ്രണാളം കൈകൊണ്ട് ഭൂതഗണം താങ്ങുന്നു. നമസ്കാരമണ്ഡപത്തിനു പടിഞ്ഞാറ് 3 നന്ദിയും ദീപസ്തംഭവുമുണ്ട്. അകത്തേ ബലിവട്ടത്തിന്റെ വടക്കുകിഴക്ക് കിണർ. ചുറ്റമ്പലത്തിന് വടക്ക്, കിഴക്ക്, പടിഞ്ഞാറ് വാതിൽ. തെക്കുകിഴക്ക് തിടപ്പള്ളി. തെക്കുപടിഞ്ഞാറ് ഗണപതി, അയ്യപ്പൻ. വടക്കുകിഴക്ക് അഗ്രശാല വടക്കുപടിഞ്ഞാറ് കൃഷ്ണൻ. ആനപ്പള്ളമര്യാദയാണ്. നിൽക്കുന്ന കൃഷ്ണൻ 30 സെമീ. ശിവലിംഗം 45 സെമീ. ഗണപതിയും അയ്യപ്പനും ഇരിക്കുന്നു 15, 30 സെമീ വീതം.തന്ത്രി കൈനിക്കര തെക്കേടത്ത് മന കാലടി

14. കൊടാലിൽ നരസിംഹമൂർത്തി. വെങ്ങിണിക്കര എടപ്പാൾ. എടപ്പാൾചുങ്കത്തുനിന്ന് 2 കിമീ പടിഞ്ഞാറ്. പഴയത്. ടിപ്പു പൂർണ്ണമായി നശിപ്പിച്ചു.ശ്രീഇരവി ഇട്ടീരി സോമയാജിപ്പാട് 19 ആം നൂറ്റാണ്ടിൽ നവീകരിച്ചു. 3 മനക്കാരുടെയാണ്. വെന്ത്രക്കാട്, വെങ്ങല്ലൂര്, കാമുണ്ഡൻ. 3 ഊരാളരും കൂടി മാനേജരെ നിയമിച്ച് നട

ത്തുന്നു. ചതുരഏകതലം തെക്കേ ചുമരില് ഉപദേവതാക്ഷേത്രത്തില് 3 ദേവത- ദക്ഷിണാമൂർത്തി, ഗണപതി, ശാസ്താ. വടക്കെ നാലമ്പലത്തിനടുത്ത് കിണർ. ചുറ്റമ്പലം നാലുവശം വാതിൽ, വടക്കുകിഴക്ക് തിടപ്പള്ളി. വടക്കുകിഴക്ക് പടിഞ്ഞാട്ട് അഭിമുഖമായി ഗണപതി, സുബ്രഹ്മണ്യൻ. തെക്കുപടിഞ്ഞാറ്. കുളം. മര്യാദക്ക് പുറത്ത്.

നിൽക്കുന്ന നരസിംഹമൂർത്തി 90 സെമീ ചതുർഭുജവിഷ്ണു. പ്രഹ്ലാദനെ അനുഗ്രഹിക്കുന്ന സൌമ്യഭാവം. ദക്ഷിണാമൂർത്തിലിംഗം 75 സെമീ ഇരിക്കുന്ന ഗണപതി 60 സെമീ. അയ്യപ്പൻ ലിംഗം 7 സെമീ.ഇരിക്കുന്ന ഗണപതിയും നിൽക്കുന്ന സുബ്രഹ്മണ്യനും വടക്കുപടിഞ്ഞാറ് വെവ്വേറെ ഉപദേവതാക്ഷേത്രത്തിൽ, 27 സെമീ, 75 സെമീ വീതം.തന്ത്രി ആദ്യം മുതലേ മുണ്ടേരി മന. നിത്യപൂജ കാശിപ്പിള്ളിഇല്ലം.

15. പെരുമുടിയൂർ പെരിണ്ടിരി വേട്ടക്കൊരുമകൻ വെളിയങ്കോട്. പെരുമ്പടപ്പിനടുത്ത്. പഴയതാണ്.അഗസ്യൻ കൂടെ കൊണ്ടുവന്നതും സംഘകാലതമിഴകം പ്രകീർത്തിക്കുന്നതുമായ വേളിർ വെളിയന്റെ തട്ടകമാണ് വെളിയങ്കോട്. ചേര വെളിയന്റെ പെൺകുട്ടികളെ വിവാഹം കഴിക്കുന്നത് പെരുമ്പടപ്പിലെ കോയിൽപ്പള്ളിയിൽ താമസിക്കുന്ന ചക്രവർത്തിമാരാണ്. രാജ്യത്തിന്റെ പുറംഭാഗത്ത് സമുദ്രവുമായി, സുരക്ഷിതത്വവുമായി ബന്ധപ്പെട്ട സ്ഥാനത്താകയാൽ വെളിയന്ന് പ്രധാനസ്ഥാനം ഉണ്ടായിരുന്നു. രാജപത്നിമാരുടെ പിതാവെന്ന ബഹുമതിയും ഉണ്ടാ

യിരുന്നു. ചെങ്കുട്ടുവന്റെ പത്നി വെളിയൻ വേ ണ്മാളാണ്. പെണ്ടിരിക്കുന്ന സ്ഥലമാണ് പെരിണ്ടിരി ആയത്. മഹാനാവികസ്ഥാനം അഥവാ മുത്തരയസ്ഥാനം ഈ സമുദ്രതീര വാസികളായ വേളിർമാരെല്ലാം വഹിച്ചിരുന്നു. പൊന്നാനി തുറമുഖത്തിനപ്പുറവും ഇപ്പുറവു മായി വെട്ടവും വെളിയവും (പ്രകാശവും വെളിച്ചവും) പ്രസിദ്ധമായിരുന്നു. മൂഷകവം ശം. ബ്രഹ്മക്ഷത്രരാണ് അവരാണ് കൊച്ചി രാ ജവംശം. വന്ദേരി പെരുമ്പടപ്പ് രാജവംശത്തെ സുറിച്ച് കൊച്ചിയില് പാതി പാലിയം എന്നു പറയും. പാലീയർ (ജീയാർ) കോയിലധികാ രികളാണ്. ചേന്ദമംഗലം പാലിയത്ത് ബ്രാഹ്മ ണരും ക്ഷത്രിയരുമുണ്ട്. ഇവരിലെ ആദ്യകാല ത്തെ ഒരു ബ്രാഹ്മണയോഗി കിഴക്കഭിമുഖമായി ശിവനെ പ്രതിഷ്ഠിച്ചു. പിന്നീട് വിഷ്ണുപ്ര തിഷ്ഠ നടത്തി. തലമുറകൾക്കുശേഷം പൂജ മുടങ്ങി. ചക്രവർത്തിമാരില്ലാതായി, വന്ദേരി രാജവംശം കൊടുങ്ങല്ലൂരിലേക്കും പിന്നെ ഇപ്പോഴത്തെ കൊച്ചിയിലേക്കും പലായനം ചെയ്തു. അപ്പോഴാണ് മറ്റൊരു വേളിർ കുടുംബമായ തലപ്പള്ളിവംശം(കാരിസ്വ രൂപം)പുന്നത്തൂർ നമ്പിടി ക്ഷേത്രം ഏറ്റെടു ക്കുന്നത്. അവരുടെ പരദേവതയും വേട്ടേക്ക രനാണ്. ശത്രുസംഹാരത്തിന് വേട്ടേക്കരനെ പ്രതിഷ്ഠിച്ചത് വേട്ടേക്കരനെ വലിയമ്പലത്തിൽ വെച്ച് ദർശിച്ച കാരിസ്വരൂപം പുന്നത്തൂർ നമ്പിടിയാണ്. പടിഞ്ഞാട്ട് അഭിമുഖമായി

വേട്ടേക്കരനെ.പ്രതിഷ്ഠിച്ചു. 1957ൽ 5 അംഗ കമ്മിറ്റി രൂപീകരിച്ചു. ചതുരഏ്യകതലം മുഖ മണ്ഡപമുണ്ട് ശിവക്ഷേത്രത്തിനു വടക്ക് ഏ്യകത ലക്ഷേത്രം ഭഗവതിയുടേതാണ്. കിഴക്ക് അഭി മുഖം. അത് വേട്ടേക്കരന് അഭിമുഖമാണ്. ഇതി ന് ബലിപീഠം ഇല്ല. ശിവന് സപ്തമാതൃക്കളും ബലിപീഠവും ഉണ്ട്. ഏറ്റവും വടക്ക് വിഷ്ണു ക്ഷേത്രം. ചതുരഏ്യകതലം.കിഴക്ക് അഭിമുഖം. ചുറ്റും ബലിക്കല്ലുകളുണ്ട്. വേട്ടേക്കരൻ കിഴ ക്കേ വലിയമ്പലത്തിൽ ചതുരഏ്യകതലം പടി ഞ്ഞാട്ട് അഭിമുഖം. പ്രണാളം ഇല്ല. ഓവ് മാ ത്രം. 6 തൂണുള്ള പാട്ടൂട്ട് അതിനോട് ചേർന്ന് ഉണ്ട്. കിണർ അകത്തേ ബലിവട്ടത്തിലാണ്. ചുറ്റമ്പലത്തിന് 3 വാതിൽ. 2 എണ്ണം കിഴക്ക് സിനവേയും വിഷ്ണുവിനേയും ഭിമുഖീകരിച്ച്. മൂന്നാമത്തേത് പടിഞ്ഞാറ് വേട്ടേക്കരന് അഭിമു ഖം. ശിവനും വിഷ്ണുവിനും വലിയബലിക്ക ല്ലുണ്ട്.3 ദീപസ്തംഭമുണ്ട്. ശിവൻ 60 സെമീ. ഗണപതി തെക്കുപടിഞ്ർാറ് ഇരിക്കുന്നു 30 സെമീ. അയ്യപ്പൻ വടക്കുപടിഞ്ഞാറ് 60 സെമീ ഇരിക്കുന്നു. വടക്കുകിഴക്ക് ബ്രഹ്മരക്ഷസ്സ്. ഭഗ വതി 30 സെമീ. നിൽക്കുന്ന വിഷ്ണു ചതുർഭു ജം 75 സെമീ. വേട്ടേക്കരൻ പഞ്ചലോഹം നി ൽക്കുന്ന 30 സെമീ വിഗ്രഹം അമ്പും വില്ലും കയ്യിലുണ്ട്. ക്ഷേത്രക്കുളം ഉണ്ട്. ആദ്യം മുതലേ തന്ത്രി ചേന്നാസ്.

Perumudiyoor Eramangalam with inscription.
Dr Suvarna Nalapat Trust

Dr Suvarna Nalapat

കേരളത്തിലെ ക്ഷേത്രങ്ങൾ മലപ്പുറം ജില്ല

നാരസിംഹി

കേരളത്തിലെ ക്ഷേത്രങ്ങൾ മലപ്പുറം ജില്ല

16. കൊയപ്പള്ളി (കോയിൽപ്പള്ളി)ശിവൻ. പെരുമ്പടപ്പ് പഴയതാണ്. പൊന്നാനിനിന്ന് 15 കിമീ തെക്കുകിഴക്ക് വന്നേരി കൊച്ചി പെരുമ്പ ടപ്പ് മൂഷകവംശത്തിന്റെ ആദ്യത്തെ ആസ്ഥാനം. വടക്കുകിഴക്ക് കൊയപ്പള്ളികനാൽ. ചിത്രകൂടം അഥവാ പെരുമ്പടപ്പ് രാജാവിന്റെ (ഭരദ്വാജ വംശം) മൂലസ്ഥാനം . 13ആം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് സാമൂതിരിയുടെ ആക്ര മണം കാരണം പെരുമ്പടപ്പ് കൊച്ചിസ്വരൂപം വന്നേരിനാട് വിട്ട് കൊടുങ്ങല്ലൂരിലെ അവരുടെ ശാഖയായ മഹോദയപുരത്തേക്കും അവിടെനി ന്ന് മട്ടാഞ്ചേരിക്കും തൃപ്പൂണിത്തുറക്കും മാറി ത്താമസിച്ചത്. ഇത് അതിനുമുമ്പുള്ള അവരു ടെ ക്ഷേത്രമാണ്. പഴയ കൊച്ചിപെരുമ്പടപ്പ് രാജാവ് സേനാനായകനായ തച്ചകത്ത് നായ രോടൊപ്പം പെരുമ്പടപ്പിലെ കാട്ടിൽ നായാട്ടിനു പോയി. മാനാണെന്ന് കരുതി തെറ്റി പശുവിനെ

വധിച്ചു. പ്രായശ്ചിത്തമായി രണ്ടാളും ശിവനെയും വിഷ്ണുവിനേയും തുല്യപ്രാധാന്യത്തോടെ സങ്കൽപ്പിച്ച് ക്ഷേത്രസമുച്ചയം പണിതു. രാജകുടുംബം വന്ദേരി വിട്ട് പോയപ്പോൾ തച്ചകത്ത് തറവാട്ടിന് ക്ഷേത്രപരിപാലനം ലഭിച്ചു. രാജാവ് വളരെ ദുഃഖത്തോടെ ഇനിയുള്ള തലമുറയും വന്ദേരിമണ്ണിൽ ജനിക്കണമെന്ന പ്രാർത്ഥനയോടെ തങ്ങളുടെ കരുവൂരായ (ഗർഭഗൃഹം) വന്ദേരിനിന്ന് മണ്ണ് വാരി കൊണ്ടുപോയി കൊച്ചിയിലെ തങ്ങളുടെ കൊട്ടാരത്തിന്റെ സൂതികാഗൃഹത്തിൽ തട്ടിനു താഴെ വിരിച്ചു. ആ ദുഃഖം ശാപമായി ഭവിച്ചതാവാം തച്ചകത്ത് തറവാട്ടിന് സന്തതി ഉണ്ടായില്ല. ദേവപ്രശ്നത്തില്, ക്ഷേത്രം കിട്ടാൻ വേണ്ടി നിഷ്കളങ്കനായ രാജാവിനെ ചതിച്ചതാണ് കാരണം എന്ന് കണ്ടു. നായന്മാർ കൊച്ചിരാജാവിനെ ചെന്നുകണ്ട് മാപ്പുചോദിച്ചു. അദ്ദേഹം മാപ്പ് കൊടുക്കുകയും ചെയ്തു. പിന്നീടാണ് നായർവീട്ടിൽ പ്രജ ജനിച്ചത്. ക്ഷേത്രത്തിനു ചുറ്റുമുള്ള കിടങ്ങിലേക്ക് കിണ്ടിയും കിണ്ണവും സമർപ്പിച്ചാൽ സന്തതി ഉണ്ടാവുമെന്ന് അന്നുമുതലുള്ള വിശ്വാസമാണ്.1950 വരെ ക്ഷേത്രം കൊച്ചിരാജാവിന്റെ പേരിലായിരുന്നു. പിന്നെ കൊച്ചി ദേവസ്വം ബോഡിനു കിട്ടി. 6 ഏക്കർ സ്ഥലമുണ്ട്. ക്ഷേത്രസമുച്ചയം ഒരു ഏക്കറിലാണ്. അകത്തേ ബലിവട്ടത്തിൽ 33 ശ്രീകോവിലുണ്ട്. വടക്ക് ശിവനും തെക്ക് വിഷ്ണുവും.നടുവിൽ ഗണപതി.

ശിവവിഷ്ണുക്ഷേത്രങ്ങൾ എല്ലാരീതിയിലും സമാനമാണ്. ചതുരദ്വിതലം മുഖമണ്ഡപം,

പടിഞ്ഞാട്ട് അഭിമുഖം . ശിവക്ഷേത്രത്തിലെ പ്രണാളം ചുണ്ട് പൊട്ടിയിട്ടുണ്ട്. 12 തൂണും 13 ഘനദ്വാരവും ചുമരിലുണ്ട്. ഗ്രീവത്തില് ശിൽപ്പങ്ങൾ. അകത്ത ബലിവട്ടത്തിന്റെ വടക്കുപടിഞ്ഞാറ് കിണർ. ഗണപതിക്ഷേത്രം ചെറുതാണ്. കിഴക്കഭിമുഖം. ചുറ്റമ്പലം ജീർണ്ണിച്ചു. 6 വാതിലുണ്ട്. പടിഞ്ഞാറ് 2 ശിവനേയും വിഷ്ണുവിനേയും അഭിമുഖീകരിക്കുന്നു ഒന്ന് പിന്നിൽ കിഴക്കോട്ട് തുറക്കുന്നു. 2 എണ്ണം വടക്ക്. അതിലൊന്ന് വലിയമ്പലത്തിലാണ്. ഒന്ന് തെക്ക് വലിയമ്പലത്തിലേക്ക്. കിഴക്കും തെക്കും നാലമ്പലത്തിന് മേൽക്കൂര ഇല്ല വടക്കുകിഴക്ക് തിടപ്പള്ളി. രണ്ട് വലിയ ബലിക്കല്ലും 2 ദീപസ്തംഭവുമുണ്ട്. അവ പടിഞ്ഞാറ് രണ്ട് പ്രധാനദേവതമാർക്കുമുന്നിലാണ്. തെക്കുപടിഞ്ഞാറ് കിഴക്ക് അഭിമുഖമായി അയ്യപ്പൻ. മര്യാദ ജീർണ്ണിച്ച് ഒരു കഷ്ണം മാത്രമേ ബാക്കിയുള്ളു ഗ്രീവത്തിനുമുകളിൽ ശിൽപ്പങ്ങളുണ്ട്. ശിലാലിംഗം 90 സെമീ. നിൽക്കുന്ന വിഷ്ണു ചതുർഭുജം 120 സെമീ. ഇരിക്കുന്ന ഗണപതിയും അയ്യപ്പനും 60 സെമീ വീതം. ആദ്യം പ്രതിഷ്ഠിച്ചത് ചെറിയത്ത് കുന്നിലുണ്ടായിരുന്ന ബ്രഹ്മക്ഷത്രരായ ചേന്ദമംഗലമാണ്. (ഇപ്പോൾ വന്ദേരി ഹൈസ്കൂൾ നിൽക്കുന്ന സ്ഥലം) അവർ ചേന്ദമംഗലത്തേക്ക് (ആലുവാ) മാറിപ്പോയി. എന്നാലും 1990ലെ അവസാനകലശം നടത്തിയത് ചെറിയത്ത് ചേന്ദമംഗലം ഇല്ലം തന്നെയാണ്. ഇപ്പോൾ തന്ത്രി മുല്ലപ്പള്ളി.

17. കാട്ടുമാടം മുത്തശ്ശിയമ്മ. വന്ദേരി. പെരുമ്പടപ്പ്. ഈ ക്ഷേത്രം 15ആം നൂറ്റാണ്ടുമുത

ലുണ്ട്. ഒരിക്കല് കാട്ടുമാടം മണക്കാട്ട് മുത്തശ്ശിയമ്മ കൊയിലാണ്ടി താലൂക്കിലെ പേരാമ്പ്രക്കടുത്ത് പയ്യോർമലയിലേക്ക് പോയി. ആദിവാസികളു ടെ ഭദ്രകാളിയെ ആവാഹിച്ച് കൊണ്ടുവന്ന് തന്റെ ഇല്ലത്തിന്റെ അതിർത്തിയി ലിരുത്തി. കാരണവരും മറ്റ് അംഗങ്ങളും അകത്ത് ഇരുത്താൻ അനുവദിച്ചില്ല.

അന്നുരാത്രി പുരുഷന്മാരെല്ലാം ദേവിയെ സുന്ദരീരൂപത്തില് സ്വപനം കണ്ടു. തന്നോട് അനാദരവ് കാട്ടിയതായി ദേവി പറ ഞ്ഞു. ഉടനെ അന്തരാളത്തിൽ ഒരു മുറിയില് കുടിയിരുത്തി. കാരണവർ കുളിക്കുമ്പോൾ ദേവി വെള്ളത്തിൽനിന്ന് പൊന്തിവന്ന് വിഷ്ണുക്ഷേത്രത്തിൽ വാതിൽമാടത്തിൽ തനി ക്ക് സ്ഥലം വേണം എന്ന് പറഞ്ഞു. അവിടെ ഭദ്രകാളിയുടെ ദാരുബിംബം പ്രതിഷ്ഠിച്ചു.

അകത്തേ ബലിവട്ടത്തിൽ 2 വൃത്തശ്രീകോവിൽ ഏകതലം. ധന്വന്തരീമൂർത്തിക്കും നരസിംഹ മൂർത്തിക്കും ഉണ്ട്. രണ്ടും പടിഞ്ഞാട്ട് അഭി മുഖം. ധന്വന്തരിക്ക് 4 തൂണുള്ള നമസ്കാര മണ്ഡപം. കിണർ അകത്തേ ബലിവട്ടത്തിന്റെ വടക്കുപടിഞ്ഞാറ്. ചുറ്റമ്പലത്തിന് 4 വാതിൽ. 2 പടിഞ്ഞാറ് ധന്വന്തരിയേയും നരസിംഹ ത്തേയും അഭിമുഖീകരിച്ച്. ഒന്ന് വടക്കും ഒന്ന് കിഴക്കും. വലിയമ്പലത്തിന്റെ വടക്കുപടിഞ്ഞാ റ് ഭദ്രകാളിക്ഷേത്രം. പടിഞ്ഞാട്ട് അഭിമുഖം. അത് പ്രതിഷ്ഠിച്ച ശേഷം കാട്ടുമാടം മുത്തശ്ശി യമ്മക്ഷേത്രം എന്ന് പേരു വന്നു. തെക്കേ നാലമ്പലത്തിൽ ശാസ്താവും ഗണപതിയും. ധന്വന്തരിക്കും നരസിംഹത്തിനും വെവ്വേറെ വലിയ ബലിക്കല്ലുണ്ട്. ചുറ്റമ്പലത്തിനു പുറത്ത് വടക്കുപടിഞ്ഞാറ് ശിവൻ കിഴക്ക് അഭിമുഖം. തെക്കുപടിഞ്ഞാറ് ശാസ്താ കിഴക്ക് അഭിമുഖം. മര്യാദക്ക് പുറത്ത് തെക്കുപടിഞ്ഞാറ് കുളം. ധന്വന്തരിയും നരസിംഹവും ചതുർഭുജം 90, 150 സെമീ വീതം. ഭദ്രകാളിദാരുശിൽപ്പം അര ക്കുമീതെ മാത്രം 75 സെമീ. ഇരിക്കുന്ന ശാ സ്താ, ഗണപതി 45 സെമീ വീതം. ശിവലിംഗം 60 സെമീ. തന്ത്രി പെരുമുടിശ്ശേരി ചേന്നാസ്.

18. കണ്ണൻകാവ് ഭദ്രകാളി മൂക്കുതല നന്ദൻമുക്ക്. ഗ്രാമപ്പഞ്ചായത്ത്. ശങ്കരംകുളത്തിന് 3 കിമീ പടിഞ്ഞാറ് മൂക്കുതല നരണിപ്പുഴ (നാ രായണിപ്പുഴ)റോഡിലാണ്. മൂക്കുതലയിലെ 5 ക്ഷേത്രങ്ങലിൽ ഒന്ന്. ശങ്കരാചാര്യപ്രതിഷ്ഠം. മേലേക്കാവ്, കീഴേക്കാവ്, കുളഞ്ചേരി, രക്തേ

ശ്വരം, കണ്ണേങ്കാവ്. ആഴ്വാഞ്ചേരിമനയുടെ ക്ഷേത്രംതെക്ക് ഗണപതി,ശാസ്താ ക്ഷേത്രം,. ചതുരഏ്ഗകതലം പ്രണാളമില്ല. വലിയമ്പലത്തിന് 2 വാതിൽ. കിഴക്കും തെക്കും.വടക്കുകിഴക്ക് തിടപ്പള്ളി. തെക്കുപടിഞ്ഞാറ് ഭൂതത്താൻ. വടക്കുകിഴക്ക് കിണർ വടക്കേ ചുമരിന്റെ പുറത്താമ്. വടക്കുകിഴക്ക് ഭജനമണ്ഡപം. മുമ്പിൽ കല്യാണമണ്ഡപം. മര്യാദ പകുതിയേ ഉള്ളു. ഭദ്രകാളി ശില ഇരിക്കുന്നു 60 സെമീ ചതുർഭുജം. വാളും ത്രിശൂലവും ദാരികശി രസ്സും ചക്രവും ധരിച്ചിട്ടുണ്ട്. ഗർഭഗൃഹത്തിൽ ഭദ്രകാളിസങ്കൽപ്പത്തിൽ ഒരു പീഠവുമുണ്ട്. ഇരിക്കുന്ന ഗണപതി , അയ്യപ്പലിംഗം 15 സെമീ വീതം. ഭൂതത്താൻശിലയിൽ 60 സെമീ . തന്ത്രി അമിമംഗലം ഇല്ലം മാടായിക്കോണം ഇരിഞ്ഞാലക്കുട.

19. മൂക്കുതല ആദിപരാശക്തി നന്ദൻമുക്ക് ഗ്രാമപ്പഞ്ചായത്ത്. വളരെ പുരാതനം 108 ദുർഗ്ഗാക്ഷേത്രങ്ങലില് ഒന്ന്. പരശുരാമന് ഏറെ കാലം കാടുമൂടി കിടന്നു. ശങ്കരാചാര്യർ സഞ്ചാരവേളയില് കാട്ടിൽ ചൈതന്യം ദർശിച്ചു. അടുത്ത് പാറമേലിരുന്ന് ധ്യാനിച്ചു.









കേരളത്തിലെ ക്ഷേത്രങ്ങൾ മലപ്പുറം ജില്ല

കേരളത്തിലെ ക്ഷേത്രങ്ങൾ മലപ്പുറം ജില്ല



കേരളത്തിലെ ക്ഷേത്രങ്ങൾ മലപ്പുറം ജില്ല

ശ്രീ മേൽപ്പത്തൂർ സ്മാരകം

ഇപ്പോഴും ആ പാറ കാണാം. ശിവ, നൃസിം ഹ, ദുർഗ്ഗ, ഭദ്രകാലീദർശനം കിട്ടി. അവയൊന്നുമല്ല ആദിപരാശക്തിയാണ് കാട്ടിലെ ചൈതന്യം എന്ന് മനസ്സിലാക്കി സ്വയംഭൂവായ പാറക്ക് പൂജാദികൾ ചെയ്തു. ശിവദർശനം കിട്ടിയ സ്ഥലത്ത് രക്തേശ്വരം ക്ഷേത്രം, നരസിംഹമൂ ർത്തിയെ ദർശിച്ച സ്ഥലത്ത് കോലഞ്ചേരിക്ഷേ ത്രം, ദുർഗ്ഗക്ക് കീഴേക്കാവ്, ആദിപരാശക്തിക്ക് മേലേക്കാവ് .
പരശുരാമനും ശങ്കരനും സ്വയം പ്രത്യക്ഷമായ ആദിപരാശക്തി മേലേക്കാവിലാ ണ്.
സിംഹവാഹിനിയായ ദേവീപ്രതിഷ്ഠ പാറക്കുമുന്നിൽ ചെയ്തിരിക്കുന്നു. ഇതിനാണ് അഭിഷേകവും ചന്ദനച്ചാർത്തും.
സൌമ്യമൂർത്തിയാണ്. ആഘോഷമുള്ള ഉത്സവമോ മണികൊട്ടി പൂജയോ ശ്രീഭൂതബലിയോ ഇല്ല.ഉപദേവതകളുമില്ല. കാവ് എപ്പോഴും ശുദ്ധമായിരിക്കും. ഭക്ഷണം കീഴേക്കാവിലെ അഗ്രശാലയിലേ കൊടുക്കാറുള്ളു. മൂക്കോലക്കല്ല് എന്ന ക്രിസ്റ്റൽ ഇടക്ക് പാറയിൽനിന്ന് ദേവീപാദത്തിലേക്ക് വീഴും. അഭിഷേകവേളയിൽ പൂജാരി അതെടുത്ത് ഭക്തർക്ക് കൊടുക്കാറുണ്ട്. പതക്കമാക്കി ധരിക്കുന്നത് സൌഭാഗ്യമായി വിചാരിക്കുന്നു. മേൽപ്പത്തൂരും പൂന്താനവും ഉദ്ദണ്ഡശാസ്ത്രിയും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും കൂടല്ലൂർ കുഞ്ഞി ക്കാവ് നമ്പൂതിരിയും രാമപാണിവാദനും എർക്കര രാമൻ നമ്പൂതിരിയും ഇവിടെ ധ്യാനിച്ചിട്ടുണ്ട്. മേൽപ്പത്തൂരിന് മോക്ഷം കിട്ടിയത്

ഇവിടെനിന്നാമ്. ഇവിടെ ഇരുന്നാണ് അദ്ദേഹം 70 ശ്ലോകത്തിൽ ശ്രീപാദസപ്തതി എഴുതിയത്.മേലേക്കാവിനും കീഴേക്കാവിനു മിടയിൽ മേലേക്കാവിൽ ദർശിച്ച് കീഴേക്കാ വിലേക്ക് പോകുമ്പോളാണ് അദ്ദേഹം ക്ഷീണം തോന്നി ഇരുന്ന് സമാധിയായത്. മുക്തിസ്ഥലം എന്ന് ഇവിടെ പേരുവന്നു. മര്യാദ പുനരുദ്ധ രിച്ചത് കൂടല്ലൂര കുഞ്ഞിക്കാവ് നമ്പൂതിരിപ്പാട്. കുളം നവീകരിച്ചത് പരാവൂർ ജാതവേദൻ നമ്പൂതിരിപ്പാട്. കീഴേക്കാവിന്റെ വടക്കേ ഭാഗം പുനരുദ്ധരിച്ചത് സാമൂതിരി ഏറാൾപ്പാട്. അതിന്റെ കലിദിനസംഖ്യ ശുദ്ധോഭിവൃദ്ധിസി ദ്ധ്യാ . 36 ഊരാളന്മാരുടെ ക്ഷേത്രമായിരുന്നു. പലതും ഇല്ലാതായി. മംഗലത്തൂരും പണവൂരും നടത്തിക്കൊണ്ടുപോകുന്നു. 1963ൽ രണ്ട് മന കളിലെ ഊരാളരും 3 നാമനിർദ്ദേശം ചെയ്ത വ്യക്തികളുമായി 5 അംഗസമിതി വന്നു 8 ഏക്കറിൽ 5 ഏക്കർ കാടാണ്. വളരെ അപൂ ർവ്വവും വംശനാശം വരുന്നതുമായ ഒരുതരം മരം (വാഴവർഗ്ഗം) വളരുന്നുണ്ട്. ഇതിന്റെ ഇല കൊഴിഞ്ഞുകിട്ടുന്നത് പ്രസാദവും ഐശ്വര്യവു മായി കരുതുന്നു വാസ്തുഘടന പ്രത്യേകമാ ണ്.. പടിഞ്ഞാട്ട് അഭിമുഖം. കാടിനുനടുവിലെ പാറക്കു മുകളിലാണ് മര്യാദ. ശ്രീകോവിലിന്മേ ൽക്കൂരയോ മറ്റ് നിർമ്മിതികളോ ഇല്ല. മുമ്പി ലെ വാതിൽദ്വാരവും അഗ്രമണ്ഡപവും, വട ക്കുപടിഞ്ഞാറ് തിടപ്പള്ളിയും ഉണ്ട്. തിടപ്പ ള്ളിക്ക് തെക്കുകിഴക്കേ മണ്ഡപത്തിൽ ശങ്കരാ ചാര്യരുണ്ട്. അഗ്രമണ്ഡപത്തിനും ഇതിനുമി

ടയിലാണ് നടപ്പന്തൽ. ശ്രീകോവിലിന്റെ തെക്കു പടിഞ്ഞാറ് സരസ്വതീമണ്ഡപം.
ശ്രീകോവിലിലെ സ്വയംഭൂ പാറ. ജഗദ്ഗുരു ധ്യാനത്തിൽ കണ്ട വിഷ്ണുമായാചൈതന്യം. പൂജിക്കാൻ സിംഹ വാഹിനീവിഗ്രഹം. (ബഹുവേരവിഗ്രഹം). തന്ത്രി അമ്മംഗലത്ത് ഇല്ലം മാപ്രാണം തൃ ശൂർജില്ല.

20. അഷ്ടയിൽ നരസിംഹക്ഷേത്രം ആലങ്ങോട്ട്. 11ആം നൂറ്റാണ്ടിലുണ്ട്. 8 ഇല്ലങ്ങളുടെയായിരുന്നു. ചെറുമുക്ക്, ചങ്ങാലിയോട്, കരിയന്നൂർ, ഏഴിക്കോട്, പൂക്കുഴി, ചങ്ങാലിയോട്ട് വാദ്ധ്യാൻ, കാവപ്ര, കക്കാട്ട്. ചെറുമുക്കും ചങ്ങാലിയോട് വാദ്ധ്യാനും കരിയന്നൂരും ഏഴിക്കോട്ടും സ്ഥലം വിട്ട് പോയി. ചെറുമുക്ക് ഷൊർണൂരിൽ ത്രാംഗലിചെറുമുക്ക് എന്ന പേരിലുണ്ട്. അവിടത്തെ ശ്രീ അത്യാശ്രമി എന്ന സിദ്ധന് മേൽപ്പത്തൂരും പൂന്താനവും കുറൂരമ്മയും വില്വമംഗലവും സമകാലീനരായിരുന്നു. ഉപനയനത്തിനു മുമ്പ് സന്യസിച്ച സിദ്ധനാണ്. ഭേദഭാവന ഇല്ല. സദാ പ്രസാദാത്മകത്വമാണ്. നമ്പൂതിരിമാർ അദ്ദേഹത്തെ പുറത്താക്കി. അദ്ദേഹം കിഴക്കേ വാതിലിലൂടെ കടന്ന നമ്പൂതിരിമാരെല്ലാം ഭ്രഷ്ടാവട്ടെ എന്ന് ശപിച്ചു. അതിനാൽ ആ വാതിൽ അടച്ചിട്ടു. ചുറ്റമ്പല ത്തിനു പുറത്ത് വടക്കുപടിഞ്ഞാറെ മൂലക്ക് 1979ൽ അദ്ദേഹത്തെ പ്രതിഷ്ഠിച്ചു. അദ്ദേഹത്തിനാണ് ആദ്യം ആരാധന. കൂടല്ലൂർ മനയിലെ കാരണവർ ഭാഗവതത്തിന്റെ കോപ്പി കൊടുത്തില്ല. അതുകൊണ്ട് അതില്ലാതെത്തന്നെ ഈ സിദ്ധൻ കൃഷ്ണപദി എന്ന പേരിൽ ഭാഗവതവ്യാഖ്യാ

നം രചിച്ചു. ഇതിന്റെ അവസാനം തന്റെ നാമം രാഘവാനന്ദമുനി എന്ന് പറയുന്നുണ്ട്. അവസാനദിനങ്ങൾ തൃച്ചംബരത്താണ് കഴിച്ചുകൂട്ടിയത്. അഷ്ടഗൃഹക്കാരാണ് ഊരാളരെന്നതിനാലാണ് അഷ്ടയിൽ എന്ന നാമം.ഇപ്പോൾ പെരുമ്പിള്ളി ഇല്ലമാണ് നേരിട്ട് കാര്യം നോക്കുന്നത്. ചതുര ഏകതലം പടിഞ്ഞാട്ട് അഭിമുഖം, അവിടെ ക്ഷേത്രക്കുളം. ജലദൃഷ്ടി. ഗണപതി പടിഞ്ഞാട്ട് അഭിമുഖം കോവിലിന്റെ തെക്കേ ചുമരിലാണ്. നമസ്കാരമണ്ഡപമുണ്ട്. അകത്തെ ബലി വട്ടത്തിന്റെ വടക്കുപടിഞ്ഞാറ് കിണർ. ചുറ്റമ്പലത്തിന് നാലുവശം വാതിൽ. കൂടാതെ, വലിയമ്പലത്തിന്റെ തെക്കും വടക്കും ഓരോ വാതിലുണ്ട്. വടക്കുപടിഞ്ഞാറ് തിടപ്പള്ളി. ചുറ്റമ്പലത്തിനു പുറത്ത് വലിയ ബലിക്കല്ല്. വടക്കുപടിഞ്ഞാറ് കിഴക്ക് അഭിമുഖമായി അത്യാശ്രമി. ആനപ്പള്ളമര്യാദ. ഗണപതിക്ഷേ ത്രത്തിനു മുകളിലെ ലിഖിതം ശ്രീബാലനര സിംഹമാണ് പ്രതിഷ്ഠ എന്നും ഒരു സ്തുതി യുമാണ്.72സെമീ നരസിംഹമൂർത്തി നിൽക്കു ന്ന ചതുർഭുജമൂർത്തിയാണ്. ഇരിക്കുന്ന ഗണപതി 30 സെമീ. നിൽക്കുന്ന അത്യാശ്രമി 75 സെമീ. ഉത്സവങ്ങളില്ല. എട്ടില്ലക്കാരും പ്രതിഷ്ഠാകർമ്മത്തിൽ ഉണ്ടായിരുന്നു. അവരിലാര് പ്രതിഷ്ഠിച്ചു എന്ന് അറിയില്ല. ഇപ്പോൾ തന്ത്രി അണിമംഗലം ഇല്ലം തൃശൂർ.

Dr Suvarna Nalapat